# മലയാളം

## കേരളപാഠാവലി

### സ്റ്റാൻഡേർഡ് X

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**Prepared by :**

**State Council of Educational Research and Training (SCERT)**
**Poojappura, Thiruvananthapuram 695012, Kerala**
**Website : www.scertkerala.gov.in, e-mail : scertkerala@gmail.com**
**Phone : 0471 - 2341883, Fax : 0471 - 2341869**
**Typesetting and Layout : SCERT, First Edition : 2025**
**Printed at : KBPS, Kakkanad, Kochi-30**

**© Department of General Education, Government of Kerala**

പ്രിയ വിദ്യാർഥികളേ,

മാതൃഭാഷാപഠനത്തിന്റെ
സവിശേഷവും ഉന്നതവുമായ ഒരു തലത്തിലാണ്
നാമിപ്പോൾ എത്തിനിൽക്കുന്നത്.
കേരളത്തെ വൈജ്ഞാനികസമൂഹമായി
പരിവർത്തിപ്പിക്കുന്ന പ്രക്രിയയിൽ
മാതൃഭാഷയ്ക്കുള്ള പങ്ക് തിരിച്ചറിഞ്ഞ്
പ്രവർത്തിക്കേണ്ട കാലഘട്ടം കൂടിയാണിത്.
അതുകൊണ്ടുതന്നെ ഈ തലത്തിലെ ഭാഷാപഠനത്തിന്
കൃത്യമായ ലക്ഷ്യങ്ങളും ദിശയുമുണ്ടാകണം.
സന്തോഷകരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന
ഇടങ്ങളായി ഭാഷാപഠന ക്ലാസ്മുറികൾ മാറേണ്ടതുണ്ട്.
സാഹിത്യത്തിന്റെ വിവിധ വിഭാഗങ്ങളെപ്പറ്റി
മനസ്സിലാക്കാനും അവയുടെ സവിശേഷതകൾ
തിരിച്ചറിയാനും കഴിയണം.
ഭാഷാപ്രയോഗത്തിന്റെ വൈവിധ്യങ്ങളിലേക്ക്
പോകാൻ കഴിയുക എന്നതും പ്രധാനമാണ്.
മാതൃഭാഷാപഠനത്തിലൂടെ
ചിന്തയുടെയും സൗന്ദര്യാനുഭവങ്ങളുടെയും
സൂക്ഷ്മതലങ്ങൾ മനസ്സിലാക്കാനും
പ്രായോഗികമായി അവയെ കൈകാര്യം ചെയ്യാനും
പ്രാപ്തി നേടണം.
ഇതിനെല്ലാം സഹായകമാകുന്ന വിധത്തിലാണ്
ഈ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.
ഈ പുസ്തകം നിങ്ങൾക്ക് പ്രിയപ്പെട്ടതാകും
എന്നു കരുതുന്നു.

സ്നേഹത്തോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി കേരളം

# പാഠപുസ്തക രചനാസമിതി

## അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസിലർ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. സാബു കോട്ടുക്കൽ**
അസോ. പ്രൊഫസർ (റിട്ട.), മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. എം. വി. പത്മനാഭൻ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
പയ്യന്നൂർ കോളേജ്

**ഡോ. സന്തോഷ്കുമാർ വള്ളിക്കാട്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
എൻ.എസ്.എസ്. കോളേജ്, മഞ്ചേരി

## അംഗങ്ങൾ

**അജേഷ് വി. വി.**
എച്ച്.എസ്.ടി., ഗവ. ടി.ടി.ഐ.
മാതമംഗലം, കണ്ണൂർ

**ഡോ. ആശ എം.**
എച്ച്.എസ്.ടി.
ജി.വി.എച്ച്.എസ്.എസ്., മൂന്നാർ, ഇടുക്കി

**ദിനേശൻ പി.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്.
മേപ്പയ്യൂർ, കോഴിക്കോട്

**പ്രജിത കെ. വി.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്.
ഫോർ ഗേൾസ്, തിരൂർ, മലപ്പുറം

**വിലാസിനി ടി. വി.**
എച്ച്. എസ്. ടി.
ജി.എച്ച്.എസ്.എസ്., മുണ്ടേരി, കണ്ണൂർ

**ശ്രീരേഖ എസ്. വി.**
എച്ച്.എസ്. എസ്. ടി., ജി.എം.ബി.എച്ച്.എസ്.എസ്.
ഹരിപ്പാട്, ആലപ്പുഴ

**ഷാജി ടി.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.
കൊടുമുണ്ട, പാലക്കാട്

**സുനിൽ കുമാർ കെ.**
എച്ച്.എസ്.എസ്.ടി.
ജി.എച്ച്.എസ്.എസ്., കുമളി, ഇടുക്കി

**ഡോ. സുബൈർ കെ.**
എച്ച്.എസ്.ടി., ജെ.ഡി.റ്റി. ഇസ്ലാം എച്ച്.എസ്.എസ്.
വെള്ളിമാടുകുന്ന്, കോഴിക്കോട്

**ഹരികുമാർ വി.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.
അഴൂർ, തിരുവനന്തപുരം

## ചിത്രരചന

**ആർട്ടിസ്റ്റ് മദനൻ**

**ഡോ. സോമൻ കടലൂർ**
എച്ച്.എസ്.എസ്.ടി.,
ജി.എച്ച്.എസ്.എസ്., ആവള, കോഴിക്കോട്

**കെ. റജികുമാർ**
ജി.എച്ച്.എസ്.എസ്., മടപ്പള്ളി

**ദിനേശ് നക്ഷത്ര**
പേരാമ്പ്ര

**പവിത്രൻ കൊയ്യോട്**
ഗവ. യു.പി. സ്കൂൾ, വയക്കര

**മാളവിക എസ്. എ.**
ക്ലാസ് 10, സി.പി.എച്ച്.എസ്.എസ്.
കുറ്റിക്കാട്, കടയ്ക്കൽ

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി. പി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


## 1 ഭാഷ പൂത്തും സംസ്കാരം തളിർത്തും 07

കഥകളതിമോഹനം ........ 8

സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ ........ 12

മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി........ 15

## 2 ഉള്ളിലാണെപ്പോഴും ഉണ്മതാനെന്നപോൽ 21

റസിഡന്റ് എഡിറ്റർ........ 22

അന്നന്നത്തെ മോക്ഷം........ 26

തേൻ........ 29

## 3 വിസ്തൃതലോകവിതാനത്തിൽ 35

മണ്ണും മനുഷ്യനും........ 36

ബത്തേരിക്കടുത്ത് മലങ്കരയിൽ........ 46

വെള്ളത്തിന് തെളിയാതിരിക്കാനാവില്ല ........ 48

## 4 പിറന്ന നാടിൻ പെരുമയിൽ 57

ദേശവും എഴുത്തും ........ 58

ആലപ്പുഴവെള്ളം........ 61

മുരിങ്ങാമരത്തോപ്പ്........ 64

## 5 ഉലകിന്നുയിരാം ഉണർവുകൾ 71

പ്രയാണം........ 72

നരബലി........ 75

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

1

# ഭാഷ പൂത്തും സംസ്കാരം തളിർത്തും



"ഇന്നൊര് കഥ പറയാ," അയാൾ പറഞ്ഞു.
"എന്ത് കഥ്യാ വേണ്ടത്?"
കുട്ടികളെല്ലാരുമൊന്നിച്ചു സംസാരിക്കാൻ തുടങ്ങി.
"സാർ, സാർ," സുറുമയിട്ട പെൺകുട്ടി
കൈയുയർത്തിക്കാട്ടി.
"പറയൂ," രവി പറഞ്ഞു.
"സാർ, ആര്ം ചാകാത്ത കത."
രവി ചിരിച്ചുപോയി. അവൾ തുടുത്തു.
"എന്താ പേര്?" രവി ചോദിച്ചു.
"കുഞ്ഞാമിന."
"ശരി," രവി പറഞ്ഞു.
രവി കഥ പറയാനൊരുങ്ങി......

ഖസാക്കിന്റെ ഇതിഹാസം
(ഒ.വി. വിജയൻ)

കഥ മാത്രമല്ല, എല്ലാം വൈകാരികമായി അവതരിപ്പിക്കാൻ ഭാഷ വേണം, മാതൃഭാഷ വേണം. ചർച്ചചെയ്യുക.

*കഥ പറയുമ്പോൾ*
*കിളിയുടെ കണ്ണിൽ*
*നൂറുനൂറു വർണ്ണങ്ങൾ...*
*ഭാഷയുടെ ചിറകിലും.*



# കഥകളതിമോഹനം

പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
ഞ്ഞെഞ്ചെവി രണ്ടും കുളുർക്കപ്പറക നീ.
നെഞ്ചം തെളിഞ്ഞു കുറുക്കിക്കൊഴുത്ത പാൽ
പഞ്ചതാരപ്പൊടി കൂട്ടിക്കുഴമ്പാക്കി
നല്ല കദളിപ്പഴങ്ങൾ തിരഞ്ഞു ഞാൻ
മെല്ലെത്തിരുമ്മിയുടച്ചു തേനും വീഴ്ത്തി
വെല്ലവും ശർക്കരയും പൊടിച്ചിട്ടതിൽ
വെള്ളിത്തളികയിൽ മേളിച്ചു വെവ്വേറെ
വെച്ചിരിക്കുന്നതെടുത്തു ഭുജിച്ചാലു-
മിച്ഛയാകുന്നതു ദാഹമുണ്ടെങ്കിലോ
നീലക്കരിമ്പിന്റെ ചാറുമിളന്നീരും
പാലും മധുവും കുടിച്ചാലുമാവോളം.

ഭീഷ്മസമാനനരിനിവഹത്തിന്നു
ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ
തോറ്റ സുയോധനനാദികളാകിയ
നൂറ്റുപേരെന്തൊന്നു ചെയ്തതു ചൊല്ലു നീ.
ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ.
വൻപനാം കർണ്ണനോടാശു സുയോധന-
നൻപോടു സേനാപതിയാക നീയെന്നാൻ.
കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും.
ദ്രോണരാമാചാര്യൻതാനിരിക്കെയെന്തു
മാനിച്ചു മറ്റുള്ളോർ നിർത്തുന്നിതു പട?
മന്നവ! കേൾക്ക ഭരദ്വാജനന്ദന-
നിന്നുള്ള യോദ്ധാക്കളിൽ പ്രബലാധിപൻ
പിന്നെ ഞാൻ പക്ഷേ ഭരിക്കുന്നതുമുണ്ടു,
മന്നവ! സങ്കടമുണ്ടാകയില്ലേതും.
മാനിയായുള്ള സുയോധനൻ ദ്രോണരെ
സേനാപതിയായഭിഷേകവും ചെയ്താൻ.

ശ്രീമഹാഭാരതം കിളിപ്പാട്ട് - ദ്രോണപർവം
(എഴുത്തച്ഛൻ)



പഞ്ചവർണ്ണക്കിളിക്ക് കവി നൽകുന്ന വിശിഷ്ടഭോജ്യങ്ങൾ എന്തെല്ലാം? അവയുടെ സവിശേഷതയെന്ത്? **കണ്ടെത്തി അവതരിപ്പിക്കുക.**

"കർണ്ണസുഖം ഞാൻ പറകയില്ലാരോടും"-

കർണ്ണന്റെ ഈ നിലപാട് വർത്തമാനകാലസമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
  ഞ്ഞെഞ്ചെവി രണ്ടും കുളുർക്കപ്പറക നീ."
- "കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
  കർണ്ണസുഖം ഞാൻ പറകയില്ലാരോടും."

ചെവി രണ്ടും കുളുർക്കപ്പറക, കർണ്ണസുഖം എന്നീ പ്രയോഗങ്ങൾ ശ്രദ്ധിച്ചല്ലോ. കർണ്ണസുഖത്തെ വ്യത്യസ്തമായി ആവിഷ്കരിച്ചിട്ടുള്ള സന്ദർഭങ്ങളാണ് ഇത്. രണ്ടു സന്ദർഭങ്ങളിലും ആശയത്തെ വ്യത്യസ്തമാക്കുന്നതെന്തെല്ലാം? **സ്വാഭിപ്രായം സമർഥിക്കുക.**

- ആദരാലെങ്കിലും കോരിവിളമ്പിയാൽ
  സ്വാദില്ലയെന്നു വരുമിനി നിർണ്ണയം

  - കല്യാണസൗഗന്ധികം
  (കുഞ്ചൻ നമ്പ്യാർ)
- "ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ"

  - എഴുത്തച്ഛൻ

മുകളിൽ നൽകിയ കവിവചനങ്ങൾ ഭാഷയുടെ ഏതെല്ലാം സവിശേഷതകളാണ് വ്യക്തമാക്കുന്നത്? കാവ്യഭാഗങ്ങൾ വിശദമാക്കി **കുറിപ്പ് തയ്യാറാക്കുക.**

- "കർണ്ണനാമംഗനരാധിപനെന്നുടെ-
  യുണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ
  കുണ്ഡലമറ്റതാ വേറേ കിടക്കുന്നു,
  ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.
  വില്ലാളികളിൽ മുമ്പുള്ളവൻതന്നുടെ
  വില്ലതാ വേറേ കിടക്കുന്നിതീശ്വര!
  കണ്ടാൽ മനോഹരനാമവൻതന്നുടൽ
  കണ്ടാലുമൻപോടു നായും നരികളും
  ചെന്നു കടിച്ചു വലിക്കുന്നതിങ്ങനെ
  വന്നതിനെന്തൊരു കാരണം ദൈവമേ!"

  ശ്രീമഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവം



- "സംഭ്രമത്തോടൊരു ബാണം പ്രയോഗിച്ചാ-
  നുമ്പർകോൻതന്നുടെ നന്ദനനർജുനൻ.
  വാരണവീരൻ തലയറ്റു വില്ലറ്റു
  വീരൻ ഭഗദത്തൻതന്റെ തലയറ്റു
  നാലാമതാനതൻ വാലുമരിഞ്ഞിട്ടു
  കോലാഹലത്തോടു പോയിതു ബാണവും."

ശ്രീമഹാഭാരതം കിളിപ്പാട്ട് - ദ്രോണപർവം

മുകളിൽ നൽകിയ വരികൾക്കും പാഠഭാഗത്തിനും യോജിച്ച **താളം കണ്ടെത്തി അവതരിപ്പിക്കുക.** കവിതയുടെ ഭാവത്തിനനുസരിച്ച് താളത്തിൽ വ്യത്യാസം വരുത്തേണ്ടതുണ്ടോ? **ചർച്ചചെയ്യുക.**

മുകളിൽ നൽകിയ കാവ്യഭാഗങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് പ്രയോഗഭംഗി, ശബ്ദഭംഗി, വാങ്മയചിത്രങ്ങൾ തുടങ്ങിയവ കണ്ടെത്തി എഴുത്തച്ഛൻകൃതികളിലെ വർണ്ണനയുടെ സവിശേഷതകളെക്കുറിച്ച് **ഉപന്യാസം തയ്യാറാക്കുക.**





*വാക്കുകൾ പൂക്കുന്ന പൊയ്ക*
*നീന്തിത്തുടിക്കുന്ന സ്വാതന്ത്ര്യം*

# സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ

***വിദർഭയിലെ രാജാവായ ഭീമന്റെ പുത്രിയാണ് ദമയന്തി. നാരദമഹർഷിയിൽനിന്ന് ദമയന്തിയുടെ ഗുണഗണങ്ങൾ കേട്ടറിഞ്ഞ നിഷധരാജാവായ നളൻ അവളിൽ അനുരക്തനാകുന്നു. പ്രണയവിവശനായ നളൻ ഉദ്യാനത്തിൽ ഉലാത്തുമ്പോൾ കാണാനിടയായ സ്വർണ്ണവർണ്ണമുള്ള ഹംസത്തെ പിടികൂടുന്നതാണ് പാഠസന്ദർഭം.***

ഘണ്ടാരം – അടന്ത

ശ്ലോകം
അനക്കം കൂടാതേ നരവരനണഞ്ഞാശു കുതുകാ-
ദനർഘസ്വർണ്ണാഭം ശയിതമരയന്നപ്പരിവൃഢം
ഇണക്കാമെന്നോർത്തങ്ങിതമൊടു പിടിച്ചോരളവിലേ
കനക്കും ശോകം പൂണ്ടവനഥ രുരോദാതികരുണം.

**ഹംസം**

പദം :

പല്ലവി
ശിവശിവ! എന്തു ചെയ്‌വൂ ഞാൻ! എന്നെ-
ച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ.

അനുപല്ലവി
വിവശം നിരവലംബം മമ കുടുംബവുമിനി (ശിവശിവ!)



ചരണം 1 ജനകൻ മരിച്ചുപോയി, തനയൻ ഞാനൊരുത്തനെൻ-
ജനനി തന്റെ ദശയിങ്ങനെ;
അപി ച മമ ദയിതാ കളിയല്ലനതിചിരസൂതാ പ്രാണൻ
കളയുമതിവിധുരാ; എന്നാൽ
കുലമിതഖിലവുമറുതി വന്നിതു. (ശിവശിവ!)

ചരണം 2 ചെറുതും പിഴചെയ്യാതോരെന്നെക്കൊന്നാൽ ബഹു-
ദുരിതമുണ്ടു തവ ഭൂപതേ!
മനസി രുചിജനകം എന്റെ
ചിറകു മണികനകം ഇതുകൊ-
ണ്ടാകാ നീ ധനികൻ! അയ്യോ!
ഗുണവുമനവധി ദോഷമായിതു. (ശിവശിവ!)

സാവേരി – അടന്ത

**നളൻ**

പദം :

ചരണം 1 അറിക ഹംസമേ, അരുതു പരിദേവിതം;
വിരസഭാവമില്ലാ നിന്നിൽ മേ;
ദേഹമനുപമിതം കാണ്മാൻ മോഹഭരമുദിതം, നിങ്കൽ
സ്നേഹമേ വിഹിതം; ന മയാ
ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,
ഖേദമരുതു തേ, പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ.

നളചരിതം ആട്ടക്കഥ - ഒന്നാം ദിവസം
(ഉണ്ണായി വാരിയർ)

"നിരവലംബം മമ കുടുംബവുമിനി"-
തനിക്കൊരു ആപത്ത് വന്നപ്പോഴും കുടുംബത്തെക്കുറിച്ചാണ് ഹംസം ചിന്തിക്കുന്നത്. മറ്റെന്തെല്ലാം സവിശേഷതകളാണ് ഹംസത്തിനുള്ളത്? **ചർച്ചചെയ്യുക.**

"നിങ്കൽ സ്നേഹമേ വിഹിതം; ന മയാ
ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,"
വരികളും പാഠസന്ദർഭവും വിശകലനം ചെയ്ത് നളൻ എന്ന കഥാപാത്രത്തെ **നിരൂപണം ചെയ്യുക.**

"ദ്രോഹ,മിതുപൊഴുതമരഖഗവര, ഗുണനിധേ,
ഖേദമരുതു തേ, പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ
ചില അക്ഷരങ്ങൾ വരികളിൽ ആവർത്തിക്കുന്നുണ്ടല്ലോ. ഇത് കാവ്യഭാഗത്തിന്റെ ചൊല്ലഴക് വർധിപ്പിക്കുന്നില്ലേ? ഇത്തരത്തിലുള്ള വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അവയുടെ **സവിശേഷതകൾ അവതരിപ്പിക്കുക.**

"ചെറുതും പിഴചെയ്യാതോരെന്നെക്കൊന്നാൽ ബഹു-
ദുരിതമുണ്ടു തവ ഭൂപതേ!"
ഹംസത്തിന്റെ വാക്കുകൾ വിശകലനം ചെയ്ത് അവയിൽ തെളിയുന്ന ജീവിതമൂല്യങ്ങൾ **കണ്ടെത്തി അവതരിപ്പിക്കുക.**

"അയ്യോ! ഗുണവുമനവധി ദോഷമായിതു" എന്ന് ഹംസം വിലപിക്കുന്നുണ്ടല്ലോ. നമ്മുടെ ഗുണങ്ങളും ചിലപ്പോൾ നമുക്ക് ദോഷത്തിന് കാരണമാകുന്നു എന്ന ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? **സ്വാഭിപ്രായം സമർഥിക്കുക.**

കഥകളി ലോകപ്രശസ്തമായ കേരളീയ കലാരൂപമാണ്. കഥകളിയുടെ സവിശേഷതകൾ പരിചയപ്പെടുത്തുന്നതിന് സഹായകമായ ചിത്രങ്ങളും വിവരണങ്ങളും ഉൾപ്പെടുത്തി **ഡിജിറ്റൽ ആൽബം തയ്യാറാക്കുക.**

ആട്ടക്കഥാഭാഗം ഗദ്യരൂപത്തിലുള്ള സംഭാഷണമാക്കി മാറ്റി എഴുതുക. നളന്റെയും ഹംസത്തിന്റെയും കഥാപാത്രസവിശേഷതകൾ ഉൾക്കൊണ്ട് ആട്ടക്കഥാഭാഗം **റോൾപ്ലേ ആയി അവതരിപ്പിക്കുക.**

*ഭാഷ ചിറകാകുമ്പോൾ
ഏതാകാശവും നമ്മുടേത്.*

# മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി



കുറേ വർഷങ്ങൾക്കു മുമ്പത്തെ കാര്യമാണ്. മകൾക്ക് അപ്പോൾ അഞ്ചു വയസ്സ്. പരീക്ഷ കഴിഞ്ഞ് വേനലവധി ആരംഭിച്ചു. തോട്ടത്തിലെ വീട്ടിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. അവധിയുടെ ആഹ്ലാദം അനുഭവിക്കുന്നവരായ ഞാനും അവളും പച്ചക്കറി വാങ്ങാനായി പുറപ്പെട്ടു. അതിനുമുമ്പ് ഞങ്ങൾ ഒരു കരാറിലെത്തിയിരുന്നു. അതായത്, പച്ചക്കറി വില്പനക്കാരോട് അവൾതന്നെ വിലപേശി നിശ്ചയിക്കണം. ഞാൻ അതിലൊന്നും തലയിടാൻ പാടില്ല. മഹാബലിപുരം എന്ന ചെറിയ ഗ്രാമത്തിലെ വഴിയോരത്തുള്ള പച്ചക്കറിക്കടയാണ്. മകൾ ചെന്ന് കടയിലുണ്ടായിരുന്ന വൃദ്ധയുടെ മുമ്പിൽനിന്ന് മുളകിന് ചില്ലി, വഴുതനയ്ക്ക് ബ്രിൻജാൾ, ഉരുളക്കിഴങ്ങിന് പൊട്ടറ്റോ - ഇങ്ങനെ എല്ലാ പച്ചക്കറികളുടെയും പേര് ഇംഗ്ലിഷിൽ പറഞ്ഞ്, ആവശ്യപ്പെടുകയാണ്. കടയിലെ വൃദ്ധയ്ക്ക് ഒന്നും മനസ്സിലാകുന്നില്ല. ഒടുവിൽ ഓരോരോ പച്ചക്കറിയും കൈകൊണ്ട് തൊട്ടുതൊട്ട് അവരെ കാണിച്ച് ഇതു വേണം അതു വേണം എന്നുപറഞ്ഞ് വാങ്ങി. അടുത്തുനിന്ന് നോക്കിക്കൊണ്ടിരുന്ന എന്റെ ഉള്ളിൽ കോപം തിളച്ചുമറിഞ്ഞു. ഒപ്പം അവാച്യമായ ഒരു വേദനയും തോന്നി. എന്റെ മകൾ മാതൃഭാഷ ശരിക്കും പഠിച്ചില്ലെങ്കിൽ എന്താകും, പറയൂ. വീട്ടിൽ വന്ന ശേഷം ഞാനും ഭാര്യയും തമ്മിൽ വഴക്ക്. കാരണം, എന്റെ മകളെ സ്കൂളിൽ ചേർക്കുമ്പോൾ മാതൃഭാഷയ്ക്കു പ്രാധാന്യം നൽകാതെ ഹിന്ദി, ഫ്രഞ്ച് തുടങ്ങിയ അന്യഭാഷകൾ പഠിച്ചാൽ ഭാവിയിൽ പ്രയോജനമുണ്ടാകുമെന്ന് ആലോചിച്ചത് അവളാണ്. മാതൃഭാഷ നിർബന്ധമായും പഠിക്കണമെന്ന് ശഠിക്കുന്നവനായിരുന്നു ഞാൻ.




എന്റെ മാതൃഭാഷ കന്നഡയാണ്. അതു പഠിക്കുകതന്നെ വേണമോ എന്ന ചോദ്യം എന്റെ ജീവിതത്തിൽ വന്നതേയില്ല. മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി, സരളമായി ഞാനതു പഠിച്ചു. ഇപ്പോൾ കന്നഡ, തമിഴ്, മലയാളം, ഇംഗ്ലിഷ്, ഹിന്ദി തുടങ്ങി പല ഭാഷകൾ എന്നിൽ കുടികൊള്ളുന്നുണ്ട്. മാതൃഭാഷയായ കന്നഡയൊഴികെ മറ്റെല്ലാ ഭാഷകളും എന്റെ ആവശ്യങ്ങൾക്കായി, തൊഴിലിനായി പഠിച്ചതാണ്. എന്റെ മാതൃഭാഷയിൽ സ്പഷ്ടമായി എഴുതാനും വായിക്കാനും എനിക്കറിയാം. എന്റെ ഭാഷയിലെ ശ്രേഷ്ഠരായ സാഹിത്യകാരരെ, അവർ രചിച്ച സാഹിത്യകൃതികളെ ഞാൻ വായിച്ചിട്ടുണ്ട്. ആ ചിന്തകൾ എന്നെ ഒരു ശില്പമെന്നപോലെ കൊത്തി രൂപപ്പെടുത്തിയിട്ടുണ്ട്. ഞാൻ ശ്വസിക്കുന്ന വായുവിനെപ്പോലെ, ഉണ്ണുന്ന ചോറുപോലെ, എന്റെ അമ്മ പറയുന്ന കഥകൾ കേട്ടുകേട്ട് എണ്ണിത്തീർന്ന നക്ഷത്രങ്ങളെപ്പോലെ, എന്റെ ഞരമ്പുകളിലൊഴുകുന്ന രക്തത്തെപ്പോലെ കന്നഡഭാഷയും എന്റെയുള്ളിൽ ഒഴുകുന്നുണ്ട്. എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ടുതന്നെയാണ് മറ്റു ഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്കു കഴിഞ്ഞത്.

എന്റെ മാതൃഭാഷ കന്നഡ. എന്റെ മകളുടെ മാതൃഭാഷ തമിഴ്. എന്തുകൊണ്ടെന്നാൽ അവളുടെ അമ്മ തമിഴ്നാട്ടുകാരിയാണ്. അവൾ ജനിച്ചുവളർന്ന പരിസരവും തമിഴാണ്. മാതൃഭാഷ സ്ഫുരിക്കുന്ന മധുരമായ രുചി എന്റെ മകൾ അറിഞ്ഞില്ലല്ലോ എന്നതായിരുന്നു അന്നത്തെ എന്റെ ഉൽക്കണ്ഠയ്ക്കും കോപത്തിനും കാരണം. കേവലം സംവദിക്കുന്നതിനു മാത്രമുള്ളതാണ് ഭാഷയെന്ന് ഇന്നത്തെ തലമുറ ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. അതിനപ്പുറം ഒരു ഭാഷയുടെ മഹത്വം അവർക്കു മനസ്സിലാവുന്നില്ല. എന്റെ അഭിപ്രായത്തിൽ ഭാഷയെന്നു പറയുന്നത് നമ്മുടെ ആവിഷ്കാരത്തിന്റെ രൂപമാണ്. സുഖദുഃഖങ്ങൾ വ്യക്തമാക്കുന്ന വാഹിനിയാണത്. നമ്മൾ ജീവിക്കുന്ന പ്രദേശത്ത് നമുക്കു ചുറ്റുമുള്ള ജനം ഏതു ഭാഷയാണോ സംസാരിക്കുന്നത്, അത് ശുദ്ധമായി സംസാരിക്കുക എന്നതാവും നാം അവർക്കു നൽകുന്ന ആദരം. ഞാൻ നിങ്ങളെപ്പോലെയല്ല, വ്യത്യസ്തനാണ് എന്നു സ്ഥാപിക്കാൻ വേണ്ടി സംസാരിക്കുന്നത് നമ്മുടെ ഉള്ളിലുള്ള സംസ്കാരശൂന്യതയുടെ അടയാളമാണ്.

അടുത്തകാലത്ത് ഒരു സോഫ്റ്റ്‌വെയർ കമ്പനിയുടെ പരിപാടിക്ക് അതിഥിയായി പോയിരുന്നു. നൂറുകണക്കിനു യുവാക്കളും യുവതികളുമായി സംവദിക്കാൻ അവസരം കിട്ടി. അവിടെ കൂടിയവർ വിദ്യാസമ്പന്നരും വലിയ ശമ്പളം

വാങ്ങുന്നവരുമായിരുന്നു. എല്ലാവരും സ്റ്റൈലായി ഇംഗ്ലിഷിൽ സംസാരിച്ചു. ഒരു ചെറുപ്പക്കാരനോട് "നിങ്ങളുടെ സ്ഥലമേതാ?" എന്നു ഞാൻ ചോദിച്ചു.

"ചിക്കമംഗളൂരിനടുത്തുള്ള ഒരു ഗ്രാമം..." അയാൾ പറഞ്ഞു.

"പിന്നെന്താ കന്നഡയിൽ സംസാരിക്കാത്തത്?"

"സർ, ഇംഗ്ലിഷ് മീഡിയത്തിലാണ് പഠിച്ചത്. അതുകൊണ്ട് കന്നഡ ശരിക്കറിയില്ല."

അയാളുടെ വാക്കുകേട്ട് ചിരിയും കോപവും ഒരുമിച്ചുവന്നു. ഈ ചെറുപ്പക്കാരന്റെ അന്നത്തെ ഉത്തരം ഭാവിജനതയിലെ എല്ലാവരുടെയും ഉത്തരമായാലും അദ്ഭുതപ്പെടാനൊന്നുമില്ല. നഗരകേന്ദ്രീകൃത വിദ്യാലയങ്ങളിൽ മാതൃഭാഷയെ കൈയും കാലും കെട്ടി മൂലയിലിരുത്തിയിരിക്കുകയാണ്. വീടുകളിലും അതുതന്നെ ഗതി. ഭാവിയെക്കുറിച്ചുള്ള ഭയത്തിന്റെ തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽനിന്ന് മാഞ്ഞുപോവുകയാണ്. മാതൃഭാഷ പഠിക്കാത്ത നമ്മുടെ മക്കൾ നമ്മോടൊപ്പമുള്ളപ്പോഴും അന്യരല്ലേ?

മനുഷ്യർക്ക്, ജീവിതത്തിന്റെ അനിവാര്യതയും ആവശ്യവും കാരണം എത്ര ഭാഷ വേണമെങ്കിലും പഠിക്കാം. ഇംഗ്ലിഷിൽ സംസാരിക്കാനും എഴുതാനും പഠിക്കുന്നത് സന്തോഷകരമായ കാര്യംതന്നെ. പക്ഷേ, ഇംഗ്ലിഷ് അറിയില്ല എന്നതുതന്നെ തെറ്റാണെന്നും ജീവിതത്തിലെ ദുരന്തമാണെന്നും കരുതുന്നുണ്ടല്ലോ, ഇത് എത്രത്തോളം ശരിയാണ്? "അയ്യോ, എനിക്ക് ഇംഗ്ലിഷ് ഒട്ടുമറിയില്ല" എന്ന് ഒരു നാടുതന്നെ അപകർഷബോധത്തോടെ അലയുന്നത് ദുരന്തമല്ലേ? അതുപോകട്ടെ, ഇംഗ്ലിഷിൽ നെഗളിച്ചു നടക്കുന്നുണ്ടല്ലോ ചിലർ. അവരെങ്കിലും ആ ഭാഷ ശരിക്കും പഠിച്ചിട്ടാണോ സംസാരിക്കുന്നത്? അതുമല്ല, ഷേക്സ്പിയർ, വേർഡ്സ്വർത്ത്, കീറ്റ്സ്, ഹെമിങ്വേ, മിൽട്ടൻ തുടങ്ങി ഇംഗ്ലിഷിലെ ഏതു ചിന്തകരെക്കുറിച്ചും ഒന്നുമറിയില്ല. ആംഗലഭാഷയുടെ സൗന്ദര്യം, സാഹിത്യം, ദർശനങ്ങൾ തുടങ്ങിയവ ഒന്നുമറിയാതെ കേവലം വ്യാപാരത്തിന്റെ ആവശ്യങ്ങൾക്കുവേണ്ട ചില പദങ്ങൾ മാത്രം അറിഞ്ഞുകൊണ്ട് ഇംഗ്ലിഷ് എനിക്ക് നന്നായി അറിയാം എന്നുപറഞ്ഞാൽ എങ്ങനെയാണ് സമ്മതിക്കുക?

ഭാഷ എന്നത് കേവലം പദബന്ധമാണെന്നു മനസ്സിലാക്കിയവർക്ക് ജീവിതംതന്നെ അറിയില്ല എന്നർഥം; ജീവിക്കാനുമറിയില്ല എന്നർഥം. ഇക്കാരണംകൊണ്ടുതന്നെ നമ്മുടെ ഇന്നത്തെ തലമുറയ്ക്ക് ഷേക്സ്പിയറുടെ ഇംഗ്ലിഷിന്റെ സൗന്ദര്യവും മനസ്സിലാവില്ല, ഡൊണാൾഡ് ട്രംപിന്റെ ഇംഗ്ലിഷിനു പിറകിലുള്ള ക്രൗര്യവും മനസ്സിലാവില്ല. ഭാഷ മനുഷ്യജീവിതത്തെയും അവരുടെ ധാരണകളെയും അതേപോലെ പ്രതിഫലിപ്പിക്കുന്നു. തെലുങ്കുനാട്ടിലെ വരൾച്ചകൊണ്ട് കഷ്ടപ്പെടുന്ന രായലസീമയിൽ ആരെങ്കിലും തെറ്റുചെയ്താൽ, "ചെയ്ത പാപങ്ങളൊന്നും ദഹിക്കാനാവാതെ നീ വയറുപൊട്ടി ചാവും, നോക്കിക്കോ" എന്ന് കഠോരമായി ശകാരിക്കും. എന്നാൽ ഗോദാവരി, കൃഷ്ണാനദീതീരങ്ങളിലെ ജനം "നീ ചെയ്ത പാപങ്ങളൊക്കെയും ഭാവിയിലൊരു ദിവസം ഫലമായി വീഴും, നോക്കിക്കോ" എന്ന് പഴങ്ങളെ രൂപകങ്ങളായി ഉപയോഗിച്ച് നയത്തിൽ ശകാരിക്കും. എന്തുകൊണ്ടെന്നാൽ, സമൃദ്ധമായി മരങ്ങളുള്ള പ്രദേശമാണത്. അവർ പറയുന്ന വാക്കുകളിൽ അവിടത്തെ ജനതയുടെ ജീവിതവും പ്രാദേശികമായ സമ്പൽസമൃദ്ധിയുമൊക്കെ കാണാവുന്നതാണ്.

അതുകൊണ്ടുതന്നെയാണ് ഒരു ഭാഷ പഠിക്കുകയെന്നാൽ അതിലൂടെ ആ ജനതയുടെ സംസ്കാരത്തെ അറിയുക എന്നുകൂടിയാണ് അർഥം എന്നു പറയുന്നത്.

ഒരു നാടിന്റെ വിചാരധാരയെ, ജീവിതത്തെ, രേഖപ്പെടുത്തിയ അനേകം എഴുത്തുകാരെ അറിയാതെ, കേവലം വ്യാപാരത്തിനുവേണ്ടി മാത്രം ഭാഷ പഠിക്കുന്ന മനഃസ്ഥിതിയുള്ളതുകൊണ്ടാണ് നാം നമ്മുടെ അസ്തിത്വംതന്നെ കളഞ്ഞുകുളിച്ചിരിക്കുന്നത്. ഇംഗ്ലിഷ് ഭാഷയെ കവചമാക്കിക്കൊണ്ട്, ആ ഭാഷ അറിഞ്ഞില്ലെങ്കിൽ പിന്നെ ജീവിതംതന്നെ വ്യർഥമാണെന്നു പേടിപ്പിക്കുകയാണ്. ബ്രിട്ടീഷുകാർ നമ്മുടെ നാടിനുമേൽ ആധിപത്യം സ്ഥാപിക്കാൻ ഉപയോഗിച്ചിരുന്ന ആയുധം അവരുടെ ഭാഷയായിരുന്നു. മനുഷ്യൻ ഏതു ഭാഷയാണോ സംസാരിക്കുന്നത്, ആ നാടിന്റെ ആളായി മാറും എന്ന സത്യം അവർക്ക് നന്നായി അറിയാമായിരുന്നു. ഇളയച്ഛൻ, ഇളയമ്മ, വല്യച്ഛൻ, അമ്മാമൻ - ഇങ്ങനെ കൂട്ടുകുടുംബമായി ജീവിക്കുന്ന നമ്മുടെ സംസ്കാരത്തിൽ ഇല്ലാത്ത ഭാഷയെ ഒരു ചോദ്യം പോലും ചോദിക്കാതെ നമ്മുടെ വീട്ടിൽ അനുവദിച്ചതുകൊണ്ട് നമ്മുടെ ബന്ധങ്ങളെല്ലാം 'അങ്കിളും ആന്റി'യും ആയിത്തീർന്നിരിക്കുന്നു. ബന്ധങ്ങളുടെ സംജ്ഞകൾ നഷ്ടപ്പെടുന്നത് ബന്ധങ്ങൾ നഷ്ടപ്പെടുന്നതുപോലെതന്നെയല്ലേ? ഇംഗ്ലണ്ടിൽ ജനിച്ച് വെയിൽ കാണാത്ത കുട്ടികൾ 'റെയ്ൻ റെയ്ൻ ഗോ എവേ' എന്നു പാടുമ്പോൾ അതിന് അർഥമുണ്ട്. പക്ഷേ, മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയിക്കൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന്റെ മക്കൾ 'റെയ്ൻ റെയ്ൻ ഗോ എവേ' എന്നു പാടാമോ? അവർ പാടേണ്ടത്,

എങ്ങോട്ടു പോകുന്നു മേഘമേ നിൽക്കുക
ഞങ്ങൾക്കു നാലിറ്റു വെള്ളം പകരുക
എന്നല്ലേ?



ജീവിതത്തിൽ ചില കാര്യങ്ങൾ ഒരു കാരണവശാലും മാറ്റാനാവില്ല. ഞാൻ പിറന്ന ജാതിയുമായി എനിക്ക് ഒരു ബന്ധവുമില്ല. അത് എന്റെമേൽ വെറുതെ ചുമത്തപ്പെട്ടതാണ് എന്നതുകൊണ്ട് അതിനെ മാറ്റാം. പക്ഷേ, ആർക്കും അവരുടെ മാതൃഭാഷയെ മാറ്റാനാവില്ല. അങ്ങനെ ആരെങ്കിലും ചെയ്താൽ അത് പെറ്റമ്മയെ മാറ്റുന്നതുപോലെയാവും.

നമ്മെ വിഴുങ്ങുന്ന മൗനം
(പ്രകാശ് രാജ്)
[വിവർത്തനം : സുധാകരൻ രാമന്തളി]

മകൾക്ക് മാതൃഭാഷ അറിയാതിരുന്നത് ലേഖകനിൽ കോപവും ഉത്ക്കണ്ഠയും നിറച്ചത് എന്തുകൊണ്ടായിരിക്കും? **കണ്ടെത്തി അവതരിപ്പിക്കുക.**

"മഴയില്ലാതെ തടാകങ്ങളും പുഴകളും വറ്റിപ്പോയിക്കൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന്റെ മക്കൾ 'റെയ്ൻ റെയ്ൻ ഗോ എവേ' എന്നു പാടാമോ? അവർ പാടേണ്ടത്,
എങ്ങോട്ടു പോകുന്നു മേഘമേ നിൽക്കുക
ഞങ്ങൾക്കു നാലിറ്റു വെള്ളം പകരുക എന്നല്ലേ?"

ലേഖകന്റെ ഈ ചോദ്യങ്ങൾ നിങ്ങളിൽ ഉണർത്തുന്ന ചിന്തകൾ എന്തെല്ലാം? **യുക്തിപൂർവം സമർഥിക്കുക.**

- "എന്റെ മാതൃഭാഷ കന്നഡയാണ്. അതു പഠിക്കുകതന്നെ വേണമോ എന്ന ചോദ്യം എന്റെ ജീവിതത്തിൽ വന്നതേയില്ല. മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി, സരളമായി ഞാനതു പഠിച്ചു."
- "എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ടുതന്നെയാണ് മറ്റു ഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്കു കഴിഞ്ഞത്."

ലേഖകന്റെ ഈ അഭിപ്രായങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? **പ്രതികരിക്കുക.**

- "അധിനിവേശസംവിധാനം എന്താണ് ഞങ്ങളെപ്പോലുള്ള കെനിയൻ കുട്ടികളിൽ ചെയ്തത്? ഒരുവശത്ത് ഞങ്ങളുടെ ഭാഷകളെയും അവയുടെ സാഹിത്യത്തെയും ക്രമാനുഗതമായി അടിച്ചമർത്തുകയും മറുവശത്ത് ആംഗലേയത്തെയും അതിന്റെ സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തതിന്റെ പ്രത്യാഘാതം വലുതായിരുന്നു."

  മനസ്സുകളുടെ അപകോളനീകരണം (ഗൂഗി വാ തിഒാംഗോ)

- "ബ്രിട്ടീഷുകാർ നമ്മുടെ നാടിനുമേൽ ആധിപത്യം സ്ഥാപിക്കാൻ ഉപയോഗിച്ചിരുന്ന ആയുധം അവരുടെ ഭാഷയായിരുന്നു. മനുഷ്യൻ ഏതു ഭാഷയാണോ സംസാരിക്കുന്നത്, ആ നാടിന്റെ ആളായി മാറും എന്ന സത്യം അവർക്ക് നന്നായി അറിയാമായിരുന്നു."

  (പ്രകാശ് രാജ്)

മാതൃഭാഷയ്ക്കു മേലുള്ള അധിനിവേശത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

* കമ്പനിയുടെ അതിഥിയായി പോയി.
* കമ്പനിയുടെ അതിഥിയായി പോയിരുന്നു.

രണ്ടാമത്തെ വാക്യത്തിൽ 'ഇരുന്നു' എന്ന ക്രിയാപദം ചേർന്നപ്പോഴുണ്ടായ അർഥവ്യത്യാസം എന്താണ്? ഇത്തരത്തിൽ ക്രിയകൾ ചേരുന്ന പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അവ വാക്യത്തിൽ ഉണ്ടാക്കുന്ന സവിശേഷമായ **അർഥവ്യത്യാസം വിശകലനം ചെയ്യുക.**

"ഭാവിയെക്കുറിച്ചുള്ള ഭയത്തിന്റെ തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽനിന്ന് മാഞ്ഞുപോവുകയാണ്."

(പ്രകാശ് രാജ്)

മുകളിൽ നൽകിയ സൂചനയും പാഠഭാഗവും മാതൃഭാഷയോടുള്ള വർത്തമാനകാല സമൂഹത്തിന്റെ സമീപനവും വിമർശനാത്മകമായി വിലയിരുത്തി 'മാതൃഭാഷ നമ്മുടെ വേര് ' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കുക.**

- മലയാളമാണ് എന്റെ ഭാഷ. എന്റെ ഭാഷ എന്റെ വീടാണ്. എന്റെ ആകാശമാണ്. ഞാൻ കാണുന്ന നക്ഷത്രമാണ്. എന്നെ തഴുകുന്ന കാറ്റാണ്. എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്. എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്. ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്. എന്റെ ഭാഷ ഞാൻ തന്നെയാണ്.

  എം. ടി. വാസുദേവൻ നായർ

- "ഞാൻ ശ്വസിക്കുന്ന വായുവിനെപ്പോലെ, ഉണ്ണുന്ന ചോറുപോലെ, എന്റെ അമ്മ പറയുന്ന കഥകൾ കേട്ടുകേട്ട് എണ്ണിത്തീർന്ന നക്ഷത്രങ്ങളെപ്പോലെ, എന്റെ ഞരമ്പുകളിലൊഴുകുന്ന രക്തത്തെപ്പോലെ കന്നഡഭാഷയും എന്റെയുള്ളിൽ ഒഴുകുന്നുണ്ട്."

  പ്രകാശ് രാജ്

മാതൃഭാഷയോടുള്ള വൈകാരികമായ ബന്ധമാണല്ലോ രണ്ടെഴുത്തുകാരും പങ്കുവയ്ക്കുന്നത്. ഒരു ജനതയുടെ സംസ്കാരത്തിന്റെയും സ്വത്വത്തിന്റെയും ഭാഗമാണ് മാതൃഭാഷ. ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെ എന്തെല്ലാം വെല്ലുവിളികളാണ് മാതൃഭാഷ നേരിടുന്നത്? പത്രദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി സംവദിച്ച് **ഡോക്യുമെന്ററി തയ്യാറാക്കുക.**

2

# ഉള്ളിലാണെപ്പോഴും ഉണ്മതാനെന്നപോൽ



കണ്ണ് കണ്ണിനെ കാണുന്നില്ലെന്നതാണ്
കാഴ്ചയുടെ വലിയൊരു കുറവ്.

കെ. എ. ജയശീലൻ
(സമാഹരിച്ച കവിതകൾ)

ചിത്രത്തെ വരികളുമായി ബന്ധപ്പെടുത്തി ആശയങ്ങൾ കുറിക്കുക.

*അടക്കം ചെയ്യപ്പെട്ട നിശ്ശബ്ദത*
*പുറത്തു ചാടി*
*കാഴ്ചകളുടെ ഘോഷയാത്ര നടത്തുന്നു.*

# റസിഡന്റ് എഡിറ്റർ

പുണ്യതീർഥസ്വാമികളുടെ പത്രത്തിലെ ഒരിടത്തരം റിപ്പോർട്ടറായിരുന്നു വെങ്കടേശ അയ്യങ്കാർ. നഗരത്തിലെ മജിസ്ട്രേട്ടുകോടതികൾ ചുറ്റി കുറ്റവും ശിക്ഷയും കണ്ടെത്തുക, സന്ധ്യക്കു മാമ്പലത്തു കയ്യാങ്കളി ശാസ്ത്രികൾ നടത്തുന്ന രാമരാവണയുദ്ധം എന്ന പ്രഭാഷണപരമ്പരയെക്കുറിച്ച് നിത്യവും പത്രത്തിൽ അരക്കോളം എഴുതുക എന്നീ മെയ്യനങ്ങാവേലകളായിരുന്നു അയ്യങ്കാരുടെ സാഹിത്യപ്രവർത്തന പരിധിക്കകം.

എത്രയോ വർഷം വ്യാഴവട്ടസ്മരണകൾ എഴുതിയിട്ടും താൻ ചീഫ് റിപ്പോർട്ടറാവു-ന്നില്ലെന്നു കണ്ടപ്പോൾ വെങ്കടേശനു കുണ്ഠിതമായി. സഹിക്കവയ്യാതായത് പുറകെ വന്നവർ തന്റെ തലയ്ക്കുമുകളിലൂടെ പോയി റിപ്പോർട്ടേഴ്സ് ഇൻ ചീഫ് ആയി അരിയിട്ടു വാഴ്ത്തപ്പെട്ടപ്പോളാണ്.

അങ്ങനെ വെങ്കടേശൻ മനംനൊന്തിരിക്കുമ്പോൾ ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായി. വെങ്കടേശന്റെ ഭാഗ്യത്തിന് അധികം താമസിയാതെ ശാസ്ത്രിജി നഗരത്തിൽ വന്നു. അതൊരവസരമായിരുന്നു. എ ഗ്രെയ്റ്റ് ഒക്കേഷൻ. ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ-ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു.



പത്രസ്വാമിക്കു ബഹുസന്തോഷമായി. മുൻകൂറായി ഒരിൻക്രിമെന്റ് കൊടുത്ത് അദ്ദേഹം വെങ്കടേശനെ പ്രോത്സാഹിപ്പിച്ചു.

ആറുമാസത്തേക്ക് അയ്യങ്കാർ സന്തോഷവാനായി കാണപ്പെട്ടു. അതുകഴിഞ്ഞപ്പോൾ കുണ്ഠിതം തിരികെ വന്നു.

അവസാനം ഒരു തീരുമാനത്തിലെത്തി. പത്രസ്വാമിയെ രാവിലെ വീട്ടിൽ ചെന്നു കാണുക, പറയുക.

അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം.

പിറ്റേന്നു കാലത്ത് തിരുപ്പതി തമ്പുരാന്റെ വിഗ്രഹത്തെ പൂജിച്ച് വെങ്കടേശൻ പത്രസ്വാമിയുടെ വസതിയിൽ ചെന്നു. ആ സ്വാമി മുകളിലാണെന്നു ഭൃത്യൻ വാൾദൊരൈസ്വാമി പറഞ്ഞു.

കോണി കയറാൻ വെങ്കടേശൻ തളത്തിൽ കടന്നപ്പോളാണ് കൂറ്റൻ അൾസേഷ്യൻപട്ടി കോണിയുടെ പിന്നിൽനിന്നു നിരായുധന്റെ നേർക്കു കുരച്ചുചാടുന്നത്.

നിമിഷാർധം ശങ്കിക്കാതെ വെങ്കടേശൻ ഉടുത്ത മുണ്ടഴിച്ച് ശിങ്കത്തിന്റെ മുഖത്തെറിഞ്ഞു കോണി കയറി.

കൗപീനവും ഷർട്ട്കോട്ടും തലപ്പാവും ധരിച്ചു തന്റെ മുന്നിൽ നിൽക്കുന്ന വെങ്കടേശനെ നോക്കി, താഴെ പട്ടിയുടെ ഉഗ്രമായ കുര ശ്രദ്ധിച്ചു പത്രസ്വാമി ഒരു നിമിഷം നിന്താൻ.

പിന്നീട് രണ്ടുപേരും താഴെയിറങ്ങി.

വെങ്കടേശന്റെ വസ്ത്രം പട്ടി ഇഞ്ചിഞ്ചായി കടിച്ചു നുറുക്കിയിടുകയാണ്.

പട്ടിയെയും മറ്റേ വിശ്വസ്തനെയും മാറിമാറി നോക്കി പത്രസ്വാമി ചോദിച്ചു:

"ഉനക്ക് എന്ന വേണം?"

വെങ്കടേശൻ പറഞ്ഞു:

"ചീഫ് റിപ്പോർട്ടറാകണം."



"പ്രത്യുൽപന്നമതിയും കൊതിയനുമായ ഉനക്ക് അത് റൊമ്പം ചിന്നപോസ്റ്റ്. വേറെന്നാ വേണം?"

"നീങ്കൾ കല്പിച്ചാൽ മതി."

പത്രസ്വാമി ഉത്തരവായി:

"ഇന്ത നിമിഷം മുതൽ ശെത്തുംപോകുംവരെക്കും നീ നമ്മ പത്രത്തോട് റസിഡണ്ട് എഡിറ്റർ."

**50 കഥകൾ**

**(വി.കെ.എൻ.)**

"അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം."
മാധ്യമപ്രവർത്തകനായ വെങ്കടേശ അയ്യങ്കാരെ ഈ നിലപാടിലേക്ക് എത്തിച്ച സാഹചര്യമെന്തായിരുന്നു? കണ്ടെത്തി **കുറിപ്പ് തയ്യാറാക്കുക.**

"ഇന്ത നിമിഷം മുതൽ ശെത്തുംപോകുംവരെക്കും നീ നമ്മ പത്രത്തോട് റസിഡണ്ട് എഡിറ്റർ." ഫലിതവും ആക്ഷേപഹാസ്യവും ആവിഷ്കരിക്കാൻ ഈ വരികൾ എത്രത്തോളം പര്യാപ്തമാണ്?
നിങ്ങൾ പരിചയപ്പെട്ട, വി. കെ. എൻ.ന്റെ മറ്റു കഥകൾകൂടി പരിഗണിച്ച് 'വി.കെ.എൻ. കൃതികളിലെ ഹാസ്യം' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

"പത്രങ്ങളുടെ അധ്യാപനശക്തിയെപ്പറ്റി പറയുമ്പോൾ അതിലെ ഭാഷയെയും ഗണിക്കേണ്ടിവരുന്നു. മററനേകം കൃത്യങ്ങളെ സാധിക്കുന്ന കൂട്ടത്തിൽ ഭാഷാപരിഷ്കാരവും പത്രങ്ങളുടെ കടമയിൽപ്പെട്ടിരിക്കുന്നു എന്നത് തർക്കമററ സംഗതിയാകുന്നു."

വൃത്താന്തപത്രപ്രവർത്തനം
(സ്വദേശാഭിമാനി രാമകൃഷ്ണപിള്ള)

ഈ അഭിപ്രായം ഇക്കാലത്തും പ്രസക്തമാണോ? **പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.**

- പത്രസ്വാമി <u>ഉത്തരവായി</u>
- പിന്നെ രണ്ടുപേരും <u>താഴെയിറങ്ങി.</u>

  - പത്രസ്വാമി <u>ഉത്തരവ് ആയി.</u>
  - പിന്നെ രണ്ടുപേരും <u>താഴെ ഇറങ്ങി.</u>

അടിവരയിട്ട പദങ്ങൾ സന്ധിചെയ്തും അല്ലാതെയും എഴുതിയിരിക്കുന്നത് ശ്രദ്ധിച്ചല്ലോ. ചേർത്തെഴുതിയപ്പോഴുണ്ടായ പ്രത്യേകതകൾ എന്തെല്ലാം? **വിശദമാക്കുക.**

അരക്കോളം, കവർ ചെയ്തു - തുടങ്ങിയവ മാധ്യമപ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങളാണ്. ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി **പട്ടികപ്പെടുത്തുക.**

"വെങ്കടേശന്റെ ഭാഗ്യത്തിന് അധികം താമസിയാതെ ശാസ്ത്രിജി നഗരത്തിൽ വന്നു. അതൊരവസരമായിരുന്നു. എ ഗ്രെയ്റ്റ് ഒക്കേഷൻ. ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ - ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു."

റസിഡന്റ് എഡിറ്റർ (വി.കെ.എൻ.)

"രാവിലെ വന്ന പത്രത്തിലെ വാർത്ത വിശ്വസിക്കാമെങ്കിൽ ഇനിയുള്ള കാലം കാക്കയ്ക്ക് കുയിലും കുയിലിന് കാക്കയുമാകാൻ സാധിക്കും."

വിവർത്തനം (എം. മുകുന്ദൻ)

രണ്ടു കഥകളിലും മാധ്യമലോകത്തെ വ്യത്യസ്ത വീക്ഷണങ്ങളിൽ അവതരിപ്പിച്ചിരിക്കുകയാണല്ലോ. ഇതോടൊപ്പം മറ്റു വ്യത്യസ്ത വാർത്തകൾ കൂടി പരിഗണിച്ച് 'മാധ്യമങ്ങളിൽ വിളയുന്ന ലോകം' എന്ന വിഷയത്തിൽ **പാനൽ ചർച്ച സംഘടിപ്പിക്കുക.**

*മായക്കാഴ്ചകളും കടന്ന്*
*ഇമോജി*
*മുഖം നോക്കുന്നു.*

# അന്നന്നത്തെ മോക്ഷം



മൊബൈലിൽ വന്ന
ഒരു തമാശ വായിച്ച്
എനിക്ക്
വലംകൈയിൽ
ഒരു വിരൽ കൂടി
മുളച്ചതായി തോന്നി.
കൃഷ്ണമണി
ഒന്നുകൂടി തിളങ്ങിയപോലെ.
കാലിൽ ചെരുപ്പ് ഇക്കിളിയിടുംപോലെ.

എന്റെ മനസ്സിന്റെ
ഖജനാവിൽത്തന്നെ
ഇരിക്കുകയാണെങ്കിൽ
ആ തമാശ
വളിക്കും, പുളിക്കും, ചീയും.

അതിനാൽ
ഞാനത്
നൂറ്റമ്പത് പേർക്ക് വിതരണം ചെയ്തു.

ഒരു തമാശകൊണ്ട്
നൂറ്റമ്പതുപേരെ ഊട്ടിയാൽ
പിന്നെ നിങ്ങൾ
നിങ്ങളല്ല.
നൂറ്റമ്പതു വായനക്കാരുടെ
കർത്താവാണ്.
നൂറ്റമ്പതു സിനിമകളിലെ
ഹാസ്യതാരമാണ്.
നൂറ്റമ്പതു ലോകങ്ങളുടെ
ഉടമയാണ്.

**ഇടിക്കാലൂരി പനമ്പട്ടടി**
**(പി. എൻ. ഗോപീകൃഷ്ണൻ)**

"മൊബൈലിൽ വന്ന
ഒരു തമാശ വായിച്ച്
എനിക്ക്
വലംകൈയിൽ
ഒരു വിരൽ കൂടി
മുളച്ചതായി തോന്നി"

വരികൾ വിശകലനം ചെയ്ത് നിങ്ങളുടെ **കണ്ടെത്തലുകൾ അവതരിപ്പിക്കുക.**

"ഒരു തമാശകൊണ്ട്
നൂറ്റമ്പതുപേരെ ഊട്ടിയാൽ
പിന്നെ നിങ്ങൾ
നിങ്ങളല്ല.
നൂറ്റമ്പതു വായനക്കാരുടെ
കർത്താവാണ്.
നൂറ്റമ്പതു സിനിമകളിലെ
ഹാസ്യതാരമാണ്.
നൂറ്റമ്പതു ലോകങ്ങളുടെ
ഉടമയാണ്."

ഈ കാവ്യഭാഗം പങ്കുവയ്ക്കുന്ന അനുഭവലോകത്തിന്റെ സവിശേഷതകൾ **ചർച്ചചെയ്യുക.**

'അന്നന്നത്തെ മോക്ഷം' എന്ന ശീർഷകത്തിന്റെ **ഔചിത്യം വിശദമാക്കുക.**

നവമാധ്യമങ്ങളുടെ സാമൂഹിക ഇടപെടലുകൾ ഇന്ന് വളരെ സജീവമാണ്. ചില സൂചനകൾ ചുവടെ നൽകിയിരിക്കുന്നു. കൂടുതൽ കണ്ടെത്തി 'നവമാധ്യമങ്ങളുടെ വിനിമയസാധ്യതകൾ' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക.**

- വിവരവിനിമയം
- സംരംഭകത്വം
- ദുരന്തനിവാരണക്കൂട്ടായ്മകൾ
- കാരുണ്യപ്രവർത്തനങ്ങൾ
- 
- 

- "ഏതു മനുഷ്യനും വാർത്ത അറിയുന്നതിനു മാത്രമല്ല, വാർത്ത നൽകുന്നതിനും പത്രത്തെ ആശ്രയിക്കേണ്ടിവരുന്നു. ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അത് ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുമ്പോൾ, നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുമ്പിലും എത്തിക്കുന്നു. പത്രത്തെ എതിർക്കേണ്ടി വന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം.

  പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നുവെന്നു മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല."

  **നവയാത്രകൾ (സുകുമാർ അഴീക്കോട്)**

- "മൊബൈൽ, എസ്.എം.എസ്. സന്ദേശങ്ങൾ വിനിമയഭാഷയെ മാറ്റി. ട്രോളുകൾ നമ്മുടെ കാർട്ടൂണുകളെ അഴിച്ചുപണിതു."
- "സമൂഹമാധ്യമങ്ങളെ വ്യത്യസ്തമാക്കുന്നത് അതിലെ വൈവിധ്യവും ജനാധിപത്യവും തർക്കങ്ങൾക്കുള്ള നിരന്തര സാധ്യതകളുമാണ്."

  **സിനിമാടിക്കറ്റ് - പ്രമേയങ്ങൾ, വ്യക്തികൾ, ചിത്രങ്ങൾ (സി. എസ്. വെങ്കിടേശ്വരൻ)**

സൂചനകളും പാഠഭാഗവും സമകാലികമാധ്യമ ഇടപെടലുകളും പരിഗണിച്ച് 'മാധ്യമങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നുണ്ടോ?' എന്ന വിഷയത്തിൽ **സംവാദം സംഘടിപ്പിക്കുക.**

അച്ചടിമാധ്യമങ്ങളിൽനിന്ന് നവമാധ്യമങ്ങളിലേക്ക് എത്തുമ്പോൾ മാധ്യമഭാഷയിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമാണ്? ചർച്ചചെയ്യുക. കണ്ടെത്തലുകൾ വിശദമാക്കി **കുറിപ്പ് തയ്യാറാക്കുക.**



*സ്ക്രീനിൽ നിന്നിറങ്ങി നടക്കുമ്പോൾ*
*വഴിയരികിൽ ചെടികൾ !*
*ചെടികളിൽ പൂക്കൾ !*
*പൂക്കളിൽ തേനീച്ചകൾ !*

# തേൻ

നിഴൽച്ചാർത്തുകൾ നിറഞ്ഞ വന്യനിശ്ശബ്ദതയിൽ പടുകൂറ്റൻ മരങ്ങൾക്കിടയിലൂടെ തന്റെ കുതിരയുമായി അലഞ്ഞുനടന്നു വരുന്ന ഗ്രാമീണനായ യാക്കൂപിലാണ്, സെമി കപ്ലനോഗ്ലു സംവിധാനം ചെയ്ത് 2010ൽ പുറത്തിറക്കിയ തേൻ (ബാൽ) എന്ന ടർക്കിഷ് സിനിമ ആരംഭിക്കുന്നത്. കിഴക്കൻ അതിർത്തിയിലെ വനങ്ങൾ നിറഞ്ഞ മലഞ്ചരിവുകളിലൊന്നിലെ പിന്നാക്ക ഗ്രാമക്കാരനാണയാൾ. കരടികൾ കട്ടെടുക്കുന്നതിനാൽ വൻമരങ്ങളുടെ മേൽച്ചില്ലകളിലാണ് തേൻകൂടുകൾ സ്ഥാപിക്കുന്നത്. അതിൽ നിന്നുള്ള വരുമാനംകൊണ്ടാണ് കുടുംബം പുലർത്തുന്നത്. യുവതിയായ ഭാര്യയും ആറുവയസ്സുകാരൻ യൂസഫ് എന്ന മകനുമാണ് അയാൾക്കുള്ളത്. കാട്ടിനുള്ളിൽ ഇന്നും യാക്കൂപ് വന്നിരിക്കുന്നത് തേൻ തേടിയാണ്. മരക്കൊമ്പുകളിലൊന്നിൽ നീളൻ കയർ എറിഞ്ഞുകുടുക്കി അതു പിടിച്ച് കയറുകയാണയാൾ. മുകളിലെത്തുംമുമ്പ് കമ്പ് പാതിയടർന്നു. യാക്കൂപ് താഴോട്ടു വീഴുകയാണ്. ഇടയ്ക്ക് എങ്ങോ തടഞ്ഞ കയറിൽത്തൂങ്ങി മരണത്തിനും ജീവിതത്തിനുമിടയിൽ ആടിനിൽക്കുന്ന യാക്കൂപിന്റെ മുഖത്തിന്റെ സമീപദൃശ്യം നമ്മുടെ ഹൃദയമിടിപ്പ് കൂട്ടുകതന്നെ ചെയ്യും. മരക്കൊമ്പ് അടരുന്ന ശബ്ദത്തോടെ ദൃശ്യം ഇരുട്ടിലേക്കുമാഞ്ഞ് ടൈറ്റിലുകൾ തെളിയുന്നു.

പുലർച്ചെ ഉറക്കത്തിൽനിന്ന് സ്വപ്നം കണ്ടുണരുന്ന യൂസഫ്, കിടക്കയിൽ പാതിമയക്കത്തിലുള്ള അച്ഛനോട്, കണ്ട സ്വപ്നം വിശദീകരിക്കാൻ തുടങ്ങുമ്പോൾ അച്ഛൻ വിലക്കുന്നു: "സ്വപ്നങ്ങളൊന്നും ഉറക്കെ പറയാൻ പാടില്ല. അവ അലിഞ്ഞില്ലാതായിപ്പോകും." യൂസഫ് അച്ഛന്റെ കാതിൽ സ്വപ്നം മന്ത്രിക്കുന്നതാണ് നമ്മൾ പിന്നെ കാണുന്നത്. അവൻ കണ്ട സ്വപ്നം എന്താണെന്ന് നമ്മളും കേൾക്കുന്നില്ല.

സംസാരിക്കുമ്പോൾ വിക്കുള്ള യൂസഫ്, അതുകൊണ്ടുതന്നെ ലജ്ജാലുവും അന്തർമുഖനുമാണ്. ക്ലാസിൽ പാഠങ്ങൾ ഉറക്കെ വായിക്കാൻ അവന് ഒരിക്കലും സാധിക്കുന്നില്ല. ഒരു വാക്കിനപ്പുറം അവന് പറയാനാവുന്നില്ല. പക്ഷേ, അച്ഛൻ അവനുമായി സംസാരിക്കാനുള്ള മാർഗം കണ്ടെത്തിക്കഴിഞ്ഞു. വളരെ പതുക്കെ മന്ത്രണംപോലെ സംസാരിക്കുക. വേറെ ആരോടും യൂസഫ് സംസാരിക്കുന്നില്ല, അമ്മയോട് പോലും. ഈ ലോകത്തിൽ അവനെ തിരിച്ചറിഞ്ഞ ഒരാളേ ഉള്ളൂ, അത് അവന്റെ അച്ഛനാണ്. സ്കൂളിൽ അവന് കൂട്ടുകാരില്ല. പോകുന്നതും വരുന്നതും തനിച്ചാണ്. ചിലപ്പോൾ അച്ഛന്റെ പരുന്ത് മരച്ചില്ലകളിലൂടെ പറന്ന് അവന് വഴിക്കൂട്ട് കൂടും. വൃത്തിയായി പാഠം വായിക്കുന്നവർക്ക് നൽകുന്ന ബാഡ്ജുകൾ ഇട്ടുവച്ചിരിക്കുന്ന സ്ഫടികപ്പാത്രത്തിലേക്ക് യൂസഫ് നോക്കിയിരിക്കാറുണ്ട്. അവനറിയാം, അത് അണിയാൻ ഒരുനാളും അവന് കഴിയില്ലെന്ന്. ഒഴിവുസമയങ്ങളിൽ മറ്റു കുട്ടികൾ മുറ്റത്ത് ഓടിക്കളിക്കുമ്പോൾ യൂസഫ് സ്വപ്നങ്ങൾ കണ്ടുകൊണ്ട് വിദൂരതയിലെ നീലമലകളിലേക്കു നോക്കി ജാലകത്തിനരികിൽ ഇരിക്കും.

മരപ്പലകകൾകൊണ്ട് തേൻകൂടുകൾ
പണിയുന്ന അച്ഛന്റെ പണിപ്പുരയിൽ
ഒരുനാൾ അവൻ ഒരു തടിക്കഷണം
ചെത്തിയൊരുക്കിയത് കാണുന്നു.
ഒരു കളിപ്പാട്ടംപോലും
സ്വന്തമായില്ലാത്ത യൂസഫിന്
ആ വഞ്ചിരൂപം ഇഷ്ടമായി.
പിന്നീട് പലപ്പോഴായി
ആ തടിക്കഷണം ഒരു
പായ്‌വഞ്ചിയായി
മാറിക്കൊണ്ടിരിക്കുന്നത്
അവൻ അറിയുന്നുണ്ട്.
പക്ഷേ, ഒരു
ദിവസം അച്ഛൻ
സുഹൃത്തിന്റെ മകന്
അത് നൽകിയതായി
അവന് തോന്നി.
വിഷമത്തോടെ അവൻ
അച്ഛനോട് ആ വഞ്ചി

എവിടെ എന്ന് ചോദിക്കുന്നു. "അത് കടലിലേക്ക് ഒഴുകിപ്പോയിക്കാണും" എന്ന മറുപടി അവനെ ചൊടിപ്പിക്കുന്നു. ഈ ദേഷ്യം അവൻ ക്ലാസിൽ വച്ച് അടുത്തിരിക്കുന്ന ഹമ്ദിയോട് പ്രകടിപ്പിക്കുന്നത് അവന്റെ ഗൃഹപാഠപുസ്തകം മാറ്റിവച്ചാണ്.

അച്ഛനും മകനും തമ്മിൽ അസാധാരണമായ ഒരു അടുപ്പമുണ്ട്. നേർത്ത സ്വകാര്യംപറച്ചിലിലൂടെയും ചേർന്നുള്ള യാത്രകളിലൂടെയും അത് കൂടുതൽ സുദൃഢമാകുന്നു. മലഞ്ചരിവിലെ പൂക്കളെയും മരങ്ങളെയും എല്ലാം യൂസഫിന് പരിചയപ്പെടുത്തുന്നുണ്ട് യാക്കൂപ്. ഇലച്ചാർത്തുകളിൽ കാറ്റിളക്കങ്ങളുടെ മർമ്മരവും കാട്ടുപക്ഷികളുടെ വിളികളും മാത്രമേ പശ്ചാത്തലത്തിലുള്ളൂ. യാതൊരുവിധ സംഗീതവും ഇഫക്ടുകളും സിനിമയിൽ ഉപയോഗിക്കുന്നില്ല. കലർപ്പില്ലാത്ത ശുദ്ധദൃശ്യങ്ങൾ മാത്രം.

വൻമരത്തിനു മുകളിൽ കയറുപിടിച്ച് കയറിനിൽക്കുന്ന യാക്കൂപിന് തേനെടുക്കാൻ വേണ്ട സൗകര്യങ്ങളൊരുക്കുന്നത് താഴെ നിൽക്കുന്ന ഈ ആറുവയസ്സുകാരനാണ്. തൊട്ടിയും പുകക്കൂടുമൊക്കെ കയറിൽ കെട്ടി മുകളിലേക്ക് അവൻ വിടുന്നു.

ഒരിക്കൽ ഇത്തരമൊരു യാത്രയ്ക്കിടയിൽ അപസ്മാരരോഗം വന്ന യാക്കൂപ് നിലത്തുവീണ് പിടയുന്നുണ്ട്. കാടിന്റെ ഏകാന്തതയിൽ അബോധാവസ്ഥയിലുള്ള അച്ഛന് കൂട്ടിരിക്കുന്നത് പാവം യൂസഫ്.

തേൻക്ഷാമം രൂക്ഷമായിരിക്കുന്നു. തേനീച്ചകളെല്ലാം എങ്ങോട്ടുപോവുന്നു എന്ന് യാക്കൂപ് അദ്ഭുതപ്പെടുന്നു. തേൻ തേടി വിദൂരവനാന്തർഭാഗത്തേക്ക് ഒരുനാൾ അയാൾ യാത്ര പുറപ്പെടുന്നു.

അച്ഛൻ പോയതിനുശേഷം, ഭക്ഷണം കഴിക്കാൻ മടിയനായ യൂസഫിനെ അമ്മ ശാസിക്കുന്നുണ്ട്. തീൻമേശമേൽ അവന്റെ പാൽ അമ്മ കാണാതെ കുടിച്ച് അവനെ പലപ്പോഴും രക്ഷിക്കാറ് അച്ഛനാണ്.

ദിവസങ്ങൾ കഴിഞ്ഞിട്ടും തേൻകൂട് വയ്ക്കാൻ പോയ യാക്കൂപ് തിരിച്ചെത്തുന്നില്ല. അച്ഛന്റെ വരവിനായി കാത്തിരിക്കുകയാണ് യൂസഫ്. അവന് മിണ്ടാനും പറയാനും കൂട്ട് അച്ഛൻ മാത്രമാണ്. പലരോടും അന്വേഷിച്ചപ്പോൾ നല്ല സ്ഥലം തേടി യാക്കൂപ് നടക്കുന്നത് കണ്ടവരുണ്ടെന്നറിഞ്ഞു.

ഒരു ദിവസം അച്ഛന്റെ കിടപ്പുമുറിയുടെ തിരശ്ശീലയ്ക്കടിയിൽ മനോഹരമായ പായ്വഞ്ചി കളിപ്പാട്ടം അവൻ കണ്ടെത്തുന്നു. ഹമ്ദിയെ താൻ തെറ്റിദ്ധരിച്ച് അധ്യാപകന്റെ കൈയിൽനിന്ന് കിഴുക്ക്



വാങ്ങിക്കൊടുത്തതിൽ
യൂസഫിന് വിഷമമുണ്ട്.
അവൻ ഹമ്ദിയുടെ
വീട്ടിലെത്തി
ഉറങ്ങിക്കിടക്കുന്ന അവന്റെ
കിടക്കയ്ക്കരികിൽ ആ
തോണി കൊണ്ടുവയ്ക്കുന്നു.

അച്ഛൻ വരുമ്പോൾ
നൽകാനായി
പലഹാരങ്ങൾ നിർമ്മിക്കുന്ന
അമ്മയ്ക്ക് കോഴിക്കൂട്ടിൽനിന്നു മുട്ടകൾ
എടുത്തുകൊണ്ടുപോയി നൽകുന്നത്
യൂസഫാണ്. വിശപ്പ് അകറ്റുന്നതിനപ്പുറം
ഭക്ഷണത്തിലെ രുചികളെയും പോഷകങ്ങളെയും കുറിച്ചും
തേനും പാലും മുട്ടയും കഴിക്കുന്നതിനെക്കുറിച്ചുമുള്ള
പ്രസ്താവനകൾ ഈ സിനിമയിൽ മറ്റൊരർഥത്തിലാണ്
ഉപയോഗിച്ചിരിക്കുന്നത്. ജീവനെ കൂടുതൽ ജീവസ്സുറ്റതാക്കുന്ന
പ്രകൃതി എന്ന പോഷണത്തെക്കുറിച്ചാണ് കപ്ലനോഗ്ലു പറയുന്നത്.

രാത്രിയിൽ പുറത്തെ ശബ്ദങ്ങളൊക്കെയും അച്ഛന്റെ കാൽപ്പെരുമാറ്റമായി കരുതി വാതിലിനടുത്തേക്ക് ഓടുന്ന യൂസഫ്... അന്വേഷണങ്ങളൊന്നും യാക്കൂപിനെക്കുറിച്ച് ഒരു വിവരവും നൽകിയില്ല. ദുശ്ശങ്കകൾ പരന്ന മനസ്സുമായി അവന്റെ അമ്മ കൂടുതൽ മൗനിയായി. അവന് ഇഷ്ടമല്ലാഞ്ഞിട്ടും, അമ്മ നിർബന്ധിക്കാതിരുന്നിട്ടും ഒറ്റവലിക്ക് പാൽ കുടിച്ചുതീർക്കുന്ന യൂസഫ് അമ്മയുടെ മനസ്സ് അറിയുന്നുണ്ട്.

ഗ്രാമീണർ വിവരം പറയുന്നു. യാക്കൂപിന് അപകടം സംഭവിച്ചിരിക്കുന്നു. മൃതശരീരം കൊണ്ടുവരാനായി കുറേപ്പേർ കാട്ടിലേക്ക് പുറപ്പെടുകയാണ്. ഈ വിവരമൊന്നുമറിയാതെ രാവിലെ സാധാരണപോലെ യൂസഫ് സ്കൂളിലേക്ക് പോയതാണ്. അന്ന് എല്ലാ ദിവസത്തേയും പോലെ പാഠം ഉറക്കെ വായിക്കാൻ അവന് കഴിഞ്ഞില്ല. പക്ഷേ, വായിച്ചുതീർന്നപ്പോൾ എല്ലാ കുട്ടികളും കൈയടിച്ചതും അധ്യാപകൻ വായനയ്ക്കുള്ള ബാഡ്ജ് തന്നെ അണിയിച്ചതും എന്തിനാണെന്ന് അവന് മനസ്സിലായില്ല. ക്ലാസ്‌വിട്ട് വീട്ടിലെത്തിയ യൂസഫ് ദൂരെനിന്നുതന്നെ വീട്ടിൽ ആൾക്കാർ കൂടിയിരിക്കുന്നതു കാണുന്നുണ്ട്. അവന് കാര്യം മനസ്സിലായി. തന്റെ പ്രിയപ്പെട്ട അച്ഛന് എന്തോ അപകടം പിണഞ്ഞിരിക്കുന്നു. അവൻ കാട്ടിനുള്ളിലേക്ക് കുതിച്ചോടി. തന്റെ പരുന്ത് കാട്ടിയ വഴികളിലൂടെ, കൊടുങ്കാട്ടിലെ വിജനതയിലൂടെ അവൻ അങ്ങുമിങ്ങും അന്വേഷിച്ച് നടക്കുകയാണ്. പതുക്കെ രാത്രി പരന്നു. ഇരുളും തണുപ്പും പൊതിഞ്ഞ

വിജനതയിൽ ഒരു മഹാവൃക്ഷത്തിന്റെ കീഴിലെ വേരുപടർപ്പുകൾക്കിടയിൽ ഗർഭപാത്രത്തിലെന്ന പോലെ ചുരുണ്ടുകിടന്ന് തളർന്നുറങ്ങുന്ന കുഞ്ഞു യൂസഫിൽ ഈ സിനിമ അവസാനിക്കുന്നു.

ഈ സിനിമയിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നത് വളരെ കുറച്ചു മാത്രമാണ്. സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ദൃക്സാക്ഷിയായി ക്യാമറ ഇടപെടലുകൾ ഒന്നും നടത്താതെ പിന്തുടരുക മാത്രം ചെയ്യുന്നു. ബെർലിൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഗോൾഡൻ ബെയർ പുരസ്കാരം നേടിയ ഈ സിനിമ ലോകത്താകമാനം വലിയ പ്രശംസ പിടിച്ചുപറ്റി.



സ്വപ്നങ്ങളും ബാല്യകൗതുകങ്ങളും നിഷ്കളങ്കതയും നഷ്ടബോധങ്ങളും കവിതകളും നിറഞ്ഞ യൂസഫിന്റെ കുഞ്ഞുജീവിതം അടയാളപ്പെടുത്താൻ ഈ സിനിമയിലെ ഒരു ദൃശ്യം മാത്രം മതി. അച്ഛനെ കാത്ത് രാത്രിയിൽ തനിച്ച് വീടിനു വെളിയിൽ ഇരിക്കുകയാണ് യൂസഫ്. മുറ്റത്തെ വെള്ളത്തൊട്ടിയിൽ വീണുകിടക്കുന്ന അമ്പിളിമാമന്റെ പ്രതിബിംബം കൈക്കുമ്പിളിൽ കോരിയെടുക്കാനായുന്നു യൂസഫ്. അതു സാധ്യമല്ലെന്നു മനസ്സിലായപ്പോൾ തല കുമ്പിട്ട് വെള്ളത്തിലെ അമ്പിളിമാമനെ മുത്തമിടുകയാണവൻ. അവസാനം യൂസഫ് അതിൽ മുഖം പൂഴ്ത്തുകയും ചെയ്യുന്നു.

കൃത്രിമസംഗീതത്തിന്റെ വച്ചുകെട്ടലുകൾ പോലും ശുദ്ധസിനിമയ്ക്ക് അനാവശ്യമാണെന്ന് ഈ സിനിമ പ്രഖ്യാപിക്കുന്നു. പ്രകൃതിയുമായി ഇണങ്ങിയ ഒരു മന്ദതാളവും നിശ്ശബ്ദതയുടെ സംഗീതവും സൗന്ദര്യവും ഭൂപ്രകൃതിയുടെ വന്യതയ്ക്കുള്ളിലും നിറഞ്ഞുനിൽക്കുന്ന ശാന്തസ്പർശവും നമ്മെ അതിഭൗതികമായ ഒരു സ്വപ്നപരിസരത്തിൽ എത്തിക്കുകയും ഏറെനാൾ പിന്തുടരുകയും ചെയ്യും, തീർച്ച.

**സ്വർഗത്തിലെ കുട്ടികൾ**
**(വിജയകുമാർ ബ്ലാത്തൂർ)**

തേൻ (ബാൽ) എന്ന സിനിമയിലെ പ്രമേയം, കഥാപാത്രങ്ങൾ എന്നിവ **കണ്ടെത്തി അവതരിപ്പിക്കുക.**

"ഈ ലോകത്തിൽ അവനെ തിരിച്ചറിഞ്ഞ ഒരാളേ ഉള്ളൂ. അത് അവന്റെ അച്ഛനാണ്." അച്ഛനും മകനുമായുള്ള ആത്മബന്ധം ആവിഷ്കരിച്ചതിന്റെ സവിശേഷതകൾ കണ്ടെത്തി സിനിമയ്ക്ക് **ആസ്വാദനം തയ്യാറാക്കുക.**

- "സ്കൂളിൽ അവന് കൂട്ടുകാരില്ല. പോകുന്നതും വരുന്നതും തനിച്ചാണ്."
- "ഒഴിവുസമയങ്ങളിൽ മറ്റു കുട്ടികൾ മുറ്റത്ത് ഓടിക്കളിക്കുമ്പോൾ യൂസഫ് സ്വപ്നങ്ങൾ കണ്ടുകൊണ്ട് വിദൂരതയിലെ നീലമലകളിലേക്കു നോക്കി ജാലകത്തിനരികിൽ ഇരിക്കും."

ഇതുപോലെ ഒരു സഹപാഠി നിങ്ങൾക്കുമുണ്ടെങ്കിൽ അയാളെ ഒപ്പം കൂട്ടുന്നതിന് എന്തെല്ലാം കാര്യങ്ങളാവും ചെയ്യുക? **കുറിപ്പ് തയ്യാറാക്കുക.**

'തേൻ' എന്ന സിനിമ നിർവഹിക്കുന്ന സാമൂഹികധർമ്മങ്ങൾ എന്തെല്ലാമാണ്? താഴെ കൊടുത്തിരിക്കുന്നവയ്ക്കൊപ്പം കൂടുതൽ ആശയങ്ങൾ ഉൾപ്പെടുത്തി **സ്വാഭിപ്രായം വിശദമാക്കുക.**

- വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പം
- പ്രകൃതിയും മനുഷ്യനും ഒത്തിണങ്ങിയ ജീവിതം
- 
- 
- 

"ഇലച്ചാർത്തുകളിൽ കാറ്റിളക്കങ്ങളുടെ മർമ്മരവും കാട്ടുപക്ഷികളുടെ വിളികളും മാത്രമേ പശ്ചാത്തലത്തിലുള്ളൂ."

കാറ്റിന്റെ ഇളക്കം - കാറ്റിളക്കം എന്നും കാട്ടിലെ പക്ഷികൾ - കാട്ടുപക്ഷികൾ എന്നും സമാസിച്ച് എഴുതിയപ്പോഴുണ്ടായ മേന്മകൾ എന്തെല്ലാം? ഇത്തരത്തിലുള്ള കൂടുതൽ **പദങ്ങൾ കണ്ടെത്തുക.**

സ്കൂളിലെ ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളെ പരിചയപ്പെടുത്താനായി **സിനോപ്സിസ് തയ്യാറാക്കുക.**



# 3

# വിസ്തൃതലോകവിതാനത്തിൽ

മലിനീകരണമുക്തമായ,
ശുദ്ധവും ഹരിതാഭവുമായ ഒരു
പരിസ്ഥിതി സാക്ഷാത്ക്കരിക്കാൻ
സുസ്ഥിരവികസനം പ്രാപ്തമാക്കുന്നു.

**പ്രചോദിപ്പിക്കുന്ന പ്രഭാഷണങ്ങൾ**
**(എ.പി.ജെ. അബ്ദുൽകലാം)**

**വികസനത്തെക്കുറിച്ചുള്ള ശാസ്ത്രീയ കാഴ്ചപ്പാടുകൾ എന്തായിരിക്കണം? പ്രഭാഷണഭാഗത്തെ മുൻനിർത്തി നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

*വെളിച്ചത്താൽ വരയ്ക്കുന്ന ചിത്രങ്ങളാണ്
ഭൂമിയിലെ തണലുകൾ.
ഇലകൾ കാറ്റായി തഴുകുന്നു.*

# മണ്ണും മനുഷ്യനും

മറയാൻപോകുന്ന സൂര്യൻ വൃക്ഷത്തലപ്പുകളിൽ മഞ്ഞയും ചുവപ്പുമൊക്കെ വാരിവിതറുന്നതും നോക്കി ഞാനിരുന്നു. പതിവുപോലെ എന്റെ മടിയിൽ പഴയ ഒരു കവിതാപുസ്തകവുമുണ്ടായിരുന്നു. പുസ്തകമുണ്ടായിരുന്നുവെങ്കിലും ഞാനതു വായിക്കുന്നുണ്ടായിരുന്നില്ല. ഒരു ശീലത്തിന് അതെടുത്തു എന്നേ ഉണ്ടായിരുന്നുള്ളൂ. വായിച്ചു വായിച്ച് എല്ലാം മനഃപാഠമായിരുന്നു.

എനിക്ക് ഏറ്റവും ഇഷ്ടമുള്ള കവി - അദ്ദേഹത്തിന്റെ വരികൾ മനസ്സിൽ, മുറുകിയ ഒരു കമ്പി, ആരോ പതുക്കെ മീട്ടുന്നതുപോലെ... ഞാൻ മൂളുന്നുണ്ടായിരുന്നു...

"ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ..."

വീണ്ടും വീണ്ടും എന്റെ കവിയുടെ വരികൾ ഞാൻ ഉരുവിട്ടുകൊണ്ടിരുന്നു...

"പൂക്കുന്നിതാമുല്ല, പൂക്കുന്നശോകം
പൂക്കുന്നു തേന്മാവ്, പൂക്കുന്നിലഞ്ഞി..."

അന്തിവെളിച്ചം പൂർണ്ണമായും മറയാൻ പോകുകയായിരുന്നു. എങ്കിലും അപ്പോഴും എന്റെ പറമ്പിന്റെ പടിഞ്ഞാറുള്ള വലിയ മരങ്ങളും വള്ളികളും അവയിലെ പൂക്കളും എനിക്കു കാണാമായിരുന്നു.

ഞാൻ ഇവിടെ വരുമ്പോൾ - അന്ന് കൊച്ചിയിലെ എന്റെ ജോലിയിൽനിന്ന് റിട്ടയർ ചെയ്തപ്പോഴാണ് - ഈ സ്ഥലം മുഴുവൻ ഒരു വലിയ കാടു പോലെയായിരുന്നു. എനിക്ക് തൃപ്തിയായി. കുണ്ടും കുഴിയുമൊന്നുമില്ലാതെ സമനിരപ്പായ സ്ഥലം.

"ഇഹമേനിഭൃത പ്രശാന്തം, ഈ -
യുലകാഹന്തനിസർഗസുന്ദരം -"

ഇവിടത്തെ വലിയ ഒരു വീട്ടുകാരുടേതായിരുന്നു ഈ സ്ഥലമൊക്കെ. ഭൂമി വിറ്റു ജീവിക്കേണ്ട ആവശ്യമൊന്നും അവർക്കുണ്ടായിരുന്നില്ല. എന്നിട്ടും എന്റെ ആവശ്യം കേട്ടപ്പോൾ അവർ വിസമ്മതമൊന്നും കാട്ടിയില്ല - വലിയ കാശും വാങ്ങിയില്ല.

അങ്ങനെ ഇവിടത്തെ ആദ്യത്തെ കുടിയേറ്റക്കാരനായി ഞാൻ.....

മെയിൻറോഡിൽനിന്നു പത്തുമിനിറ്റ് നടന്നാൽ ഇവിടെയെത്താം. നഗരത്തിന്റെ ശബ്ദമോ ബഹളമോ ഒന്നുമില്ല. തികച്ചും ശാന്തം.

ഇതായിരുന്നു ഈ സ്ഥലംതന്നെ തിരഞ്ഞെടുക്കാൻ എന്നെ പ്രേരിപ്പിച്ച പ്രധാന കാരണം.

എനിക്കുശേഷം വേറെയും ആൾക്കാർ വന്നു - ചെറുതും വലുതുമായ വീടുകൾ ഇവിടെ പൊന്തി. പക്ഷേ, എന്നെ ഏറ്റവും അമ്പരപ്പിച്ചത് എന്റെ അയൽപക്കത്തെ വീടായിരുന്നു.

അത് ഒരു വീടായിരുന്നില്ല - വലിയ ഒരു ബംഗ്ലാവ്, അല്ലെങ്കിൽ ഒരു കൊട്ടാരം തന്നെയായിരുന്നു!

എന്തിനാണ് ആളുകൾക്ക് ഇത്രയും വലിയ വീട്?

പക്ഷേ, അതു തീരുമാനിക്കേണ്ടതു വീടുവയ്ക്കുന്ന ആളാണല്ലോ.

വീടുവയ്ക്കുന്ന ആളെക്കുറിച്ച് പറയുമ്പോൾ - ആർക്കും അദ്ദേഹത്തെക്കുറിച്ച് അധികമൊന്നും അറിയുമായിരുന്നില്ല. ആകെ അറിഞ്ഞത് ഇത്രമാത്രം ആയിരുന്നു- അകലെ എവിടെയോ ഉള്ള ആളാണ്. വളരെ ചെറുപ്പത്തിൽത്തന്നെ ഗൾഫിൽ പോയി. ധാരാളം കാശുണ്ടാക്കി. ഇപ്പോൾ ഒന്നിലധികം രാജ്യങ്ങളിൽ സ്വന്തമായി ബിസിനസ്സുണ്ട്. ഭാര്യ നേരത്തേ മരിച്ചു പോയി.

മക്കൾ രണ്ടുപേർ അമേരിക്കയിൽ ഉന്നതവിദ്യാഭ്യാസം ചെയ്യുന്നു...

പേര്...?

ഒരു കെ.യു. നായർ...

അത് ഉണ്ണികൃഷ്ണനാകാം, ഉമാനാഥനാകാം, ഉണ്ണീരിക്കുട്ടിയാകാം...

തിട്ടമായി ആർക്കുമറിയില്ല.

അദ്ദേഹം വീടുവച്ചതിനെക്കുറിച്ചു പറഞ്ഞാൽ - വിശ്വസിക്കാൻ കഴിയില്ല. കണ്ണടച്ചു തുറക്കുന്നതിനിടയിലാണ് പണി പൂർത്തിയായത്. അറബിക്കഥയിലെ രാജകുമാരന് ഭൂതം മണിമാളിക പണിതുകൊടുത്തതുപോലെ. ഭൂതത്തിന് ഒരു രാവു മതിയായിരുന്നു. പക്ഷേ, ഇവിടെ ഏതാനും



ആഴ്ചകൾ വേണ്ടിവന്നു എന്ന വ്യത്യാസമുണ്ട്. പിന്നെ ഭൂതങ്ങൾക്കു പകരം എൻജിനീയർമാർ, ഓവർസിയർമാർ, ജോലിക്കാർ, യന്ത്രങ്ങൾ...

എന്തൊരു ഘോഷമായിരുന്നു!

എന്നിട്ട്, ഇങ്ങനെയൊരു വീട് ഇവിടെ എടുത്തിട്ട്, കൊല്ലത്തിൽ എത്ര ദിവസമാണ് അദ്ദേഹം...

ഒന്നോ രണ്ടോ ആഴ്ചകൾ!

അമേരിക്കയിലെ മക്കൾ ഇവിടെവന്നു താമസിക്കുന്നത് ആരും കണ്ടിട്ടില്ല.

അവർക്കും അവിടെ അവരുടേതായ തിരക്കുകൾ ഉണ്ടായിരിക്കുമല്ലോ.

എങ്കിലും വീട് ഒരിക്കലും പൂട്ടിക്കിടന്നിരുന്നില്ല.

ഒരു കെയർടെയ്ക്കർ ഉണ്ടായിരുന്നു.

പിന്നെ, അദ്ദേഹം ഇവിടെ താമസിക്കാൻ വന്നപ്പോഴൊക്കെ ടൗണിലെ മുന്തിയ ഹോട്ടലിൽനിന്ന് ഒരു ബട്ലറും വന്നു.

മഞ്ഞുവീഴാൻ തുടങ്ങുന്നതിനുമുൻപായി ഞാൻ എഴുന്നേറ്റു വീട്ടിലേക്കു പോയി. രാത്രി ഭക്ഷണം തയ്യാറാക്കേണ്ടതുണ്ടായിരുന്നു. പക്ഷേ, അതു ബുദ്ധിമുട്ടുള്ള ഒരു പണിയായിരുന്നില്ല. ജൈവവളം മാത്രം ഉപയോഗിച്ച് കീടനാശിനികളൊന്നും തളിക്കാതെ എന്റെ ചങ്ങാതി കുഞ്ഞിക്കണ്ണൻ തമിഴ്നാട്ടിലെ ഊത്തുകോട്ടയിൽ കൃഷിയിടത്തിൽ ഉണ്ടാക്കുന്ന മേത്തരം 'ബാ പട്ല' അരിയുണ്ട് - മിനിറ്റുകൾകൊണ്ട് അരിവെന്ത് ഒന്നാന്തരം ചോറാകും. പിന്നെ മഞ്ചേരിയിൽനിന്ന് മേനോൻ അയച്ചുതന്ന ഒന്നാന്തരം കടുമാങ്ങ...



ഉച്ചയ്ക്കു ഞാൻതന്നെ വച്ച ചെറുപയർ പുഴുക്ക് ഒന്നു ചൂടാക്കുകകൂടി ചെയ്തു.

ഡിന്നർ റെഡി!

ഉറങ്ങാൻ കിടന്നപ്പോൾ മനസ്സിൽ ഒരലട്ടലുമില്ലായിരുന്നു. അതുകൊണ്ട് സുഖനിദ്ര. ചത്തപോലെ ഉറങ്ങി എന്നൊക്കെ പറയാറില്ലേ, അതുതന്നെ...

പുലർച്ചെ പതിവുപോലെ നേരത്തേതന്നെ എഴുന്നേറ്റു. പ്രാഥമികകൃത്യങ്ങളൊക്കെ നിർവഹിച്ചതിനു ശേഷം നടക്കാൻ പോയി. എന്നുമെന്നപോലെ ഇടവഴികളിലൂടെത്തന്നെയാണു നടന്നത്.

മണ്ണും പൊടിയും ചളിയുമൊക്കെ ചവിട്ടിമാറ്റി ഏതോ ഒരത്യാവശ്യകാര്യം നിർവഹിക്കുന്ന സന്തോഷത്തോടെ ധൃതിയിൽ...

സൂര്യൻ ഉദിച്ചുയരുന്നതിനുമുൻപായി ഞാൻ വീട്ടിൽ തിരിച്ചെത്തി, അപ്പോൾ...

ഞാൻ കണ്ടു. അദ്ദേഹം ബംഗ്ലാവിന്റെ ഗെയ്റ്റിനരികിൽ നിൽക്കുന്നു.

ഞാൻ നേരേ നോക്കി. അദ്ദേഹം കുശലം ഭാവിക്കുകയും പുഞ്ചിരിക്കുകയും ചെയ്തുവെങ്കിലും എനിക്കു സത്യത്തിൽ അപ്പോൾ എന്തെന്നില്ലാത്ത അമ്പരപ്പാണുണ്ടായത്.

അദ്ദേഹം പഴയ ആളേ ആയിരുന്നില്ല. പഴയ ആളുടെ ഒരു നിഴൽ മാത്രമായിരുന്നു. കണ്ണുകൾ കുഴിയിലേക്കു പോയി. വിളറി, ഒരു പ്രേതത്തെപ്പോലെ...

ഒരിക്കലും അങ്ങനെയുള്ള ഒരാളായിരുന്നില്ലല്ലോ!

ഈ ബംഗ്ലാവ് കെട്ടുമ്പോഴും ഈ അടുത്തകാലംവരെയുംതന്നെ... എന്തുമാത്രം ഊർജസ്വലനായിരുന്നു! അങ്ങനെയുള്ള ആളാണ് ഇപ്പോൾ പെട്ടെന്ന്...

സൗകര്യത്തോടെ ബംഗ്ലാവിൽ ചെന്ന് അദ്ദേഹവുമായി സംസാരിക്കണമെന്ന് എനിക്കു തോന്നി.

ആരുമായും അടുത്തിടപഴകുന്ന ആളല്ല എന്നതു ശരിതന്നെ.
എന്നാലും എന്നോട് അങ്ങനെയായിരുന്നില്ലല്ലോ. എന്തോ, എന്നോട്
ഒരു മമതയുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം.

ഈ വിശ്വാസത്തിന്റെ ബലത്തിന്മേലാണല്ലോ ചുരുക്കം ചില സന്ദർഭങ്ങളിലെങ്കിലും അദ്ദേഹത്തിന് ഇഷ്ടമാകില്ല എന്നറിഞ്ഞുകൊണ്ടുതന്നെ ചില കാര്യങ്ങളെക്കുറിച്ച് അദ്ദേഹവുമായി സംസാരിച്ചിട്ടുള്ളതും.

ഉദാഹരണത്തിന് -

അദ്ദേഹത്തിന്റെ പറമ്പിലെ കൂറ്റൻ മരങ്ങൾ മുഴുവൻ
അദ്ദേഹം മുറിച്ചുനീക്കിയപ്പോൾ.
ആദ്യം മരങ്ങൾ മുറിച്ചത് ബംഗ്ലാവു
വയ്ക്കേണ്ടതിനായിരുന്നു. ഇത്
ആവശ്യംതന്നെ.
പിന്നീട് ബംഗ്ലാവിന്റെ മുൻപിലെ
മരങ്ങളൊഴിഞ്ഞ സ്ഥലം മുഴുവൻ
അദ്ദേഹം
ഇന്റർലോക്കിങ്
ടൈലുകൾ പതിച്ചു -

എവിടെ നോക്കിയാലും ഒരുതരി
മണ്ണുപോലും കാണാൻ



കഴിയില്ല. പല നിറങ്ങളിലുമുള്ള ടൈൽസ് മാത്രം.
ഏറെ കാശു ചെലവായിട്ടുണ്ടാകുമെന്നു തീർച്ച. പക്ഷേ, അധികം വൈകാതെതന്നെ അദ്ദേഹം ഈ ടൈൽസൊക്കെ കിളച്ചുമാറ്റി അവിടം മുഴുവൻ വെളുത്ത വിലകൂടിയ മാർബിൾ വിരിച്ചു! കണ്ടവരൊക്കെ അന്തംവിട്ടു നിന്നുവെങ്കിലും അദ്ദേഹത്തിനു പൂർണ്ണ തൃപ്തിയായിരുന്നു. ഇവിടെ വീട്ടിൽ വരുന്നവർക്കൊന്നും മണ്ണിലോ അല്ലെങ്കിൽ ടൈൽസിലോ ചവിട്ടി കാലുകൾ വൃത്തികേടാകത്തില്ലല്ലോ.

ബംഗ്ലാവിന്റെ പുറകിലെ കൂറ്റൻ മരങ്ങളും അധികകാലം അവിടെ നിന്നില്ല.

ഇതു കണ്ടപ്പോഴാണ് ഞാൻ പറഞ്ഞുപോയത് - "മുഷിയരുത്; പറയുന്നതു തെറ്റാണെങ്കിൽ മാപ്പാക്കണം - നിങ്ങൾ ലോകം കണ്ട ആളാണ്. വിവരമുള്ള ആളുമാണ്..."

അദ്ദേഹം ചോദിച്ചു:

"എന്തേ?"

ഞാൻ പറഞ്ഞു:

"ഈ മരങ്ങൾ... അതവിടെ നിൽക്കുന്നതുകൊണ്ട്..." അപ്പോൾ എന്നെ പൂർത്തിയാക്കാൻ അദ്ദേഹം അനുവദിച്ചില്ല.

"വേണ്ട, എനിക്ക് എപ്പോഴും നല്ല കാറ്റും വെളിച്ചവും വേണം. വൃത്തിയും. ഈ മരങ്ങളൊക്കെ ഇവിടെ... സ്ഥലമാകെ ഇരുട്ടും പരത്തി... വേണ്ട വേണ്ട..."

പിന്നീട് ഞാനൊന്നും പറയാൻ പോയില്ല.

എങ്കിലും അപ്പോഴും അവിടെ ഒരു മരം ബാക്കിനിൽപ്പുണ്ടായിരുന്നു.

വീട്ടിലെ കാർഷെഡ്ഡിനു സമീപത്തെ കൂറ്റൻ പൊൻചെമ്പകം.

പണ്ട് ആരോ നട്ട ഈ മരം കാണാൻ വളരെ ഭംഗിയുള്ളതായിരുന്നു. ആകാശത്തിലേക്ക് ഉയർന്ന്, പടർന്നു പന്തലിച്ച് ഏറെ പ്രൗഢിയോടെ അത് അവിടെ നിന്നു.

സീസണായാൽ അതു മുഴുവൻ പൊൻനിറമുള്ള പൂക്കളായിരുന്നു.

മനസ്സിനെ ഏറെ മദിപ്പിക്കുന്ന ഒരു സുഗന്ധം അത് അവിടം മുഴുവൻ പ്രസരിപ്പിക്കുകയും ചെയ്തു.

എത്ര തവണ ആ നല്ല മരത്തെയും അതിലെ പൂക്കളെയും നോക്കി ഞാൻ ഇവിടെ നിന്നിട്ടില്ല!

ആ മരമാണ് ഒരു ദിവസം -

മുകളിലത്തെ ശിഖരംമാത്രം നിലനിർത്തി ബാക്കി എല്ലാ ശാഖകളും അറുത്തിട്ടിരിക്കുന്നു!

കുറെനേരത്തേക്ക് ഒന്നും പറയാൻ കഴിയാതെ ഞാൻ സ്തംഭിച്ചുനിന്നു.

എന്റെ നിൽപ്പു കണ്ടപ്പോഴുണ്ടായ വല്ലായ്മകൊണ്ടായിരിക്കണം, അദ്ദേഹം തെല്ലു ജാള്യതയോടെ പറഞ്ഞു:

"ഇലകളും പൂക്കളുമൊക്കെ കൊഴിഞ്ഞ് ഈ സ്ഥലം മുഴുവൻ വൃത്തികേടാകുന്നു."

"എന്നാൽ പിന്നെ ആ മരം അടിവേരുതന്നെ വെട്ടിയിടാമായിരുന്നില്ലേ?" എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം ഒന്നും പറഞ്ഞില്ല.

"നിങ്ങളൊരു രാക്ഷസനാണോ" എന്ന് ഞാൻ മനസ്സുകൊണ്ട് അപ്പോൾ ചോദിച്ചുപോയി.

ഇവിടെ താമസമാക്കിയതിന്റെ ആദ്യനാളുകളിലൊന്നിൽ അദ്ദേഹം എന്റെ വീട്ടിൽ വന്നിരുന്നു.

സ്വീകരണമുറിയിലും കിടപ്പുമുറികളിലും ഉപയോഗിക്കാത്ത ഒരു കുളിമുറിയിലും പലമാതിരി പുസ്തകങ്ങൾ അട്ടിയിട്ടിരിക്കുന്നതു കണ്ടപ്പോൾ - കൂട്ടത്തിൽ ഞാനെഴുതിയ പുസ്തകങ്ങളുമുണ്ടായിരുന്നു. അദ്ദേഹം തെല്ലൊരദ്ഭുതത്തോടെ ചോദിച്ചു:

"ഇതൊക്കെ നിങ്ങൾ വായിക്കുമോ?"

ഞാൻ ചിരിച്ചുനിന്നതല്ലാതെ ഒന്നും പറഞ്ഞില്ല. അപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു:

"നിങ്ങൾ ഒരു പുസ്തകപ്രിയനാണ് എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. വൈകുന്നേരങ്ങളിൽ മതിലിന്നരികിൽ ഒരു കസാലയുമിട്ട് പടിഞ്ഞാറോട്ടു നോക്കിയിരിക്കാറുണ്ടല്ലോ. മടിയിൽ ഒരു പുസ്തകവുമുണ്ടാകും... എന്താണ് ഇത്ര ശ്രദ്ധിച്ചു പടിഞ്ഞാറോട്ടുതന്നെ നോക്കി..."

ഞാൻ പറഞ്ഞു:

"ഞാൻ മരങ്ങളെ നോക്കിയിരിക്കുകയാണ്..."

അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"മരങ്ങളെയോ? മരങ്ങളെ എന്താണിത്ര നോക്കാനുള്ളത്?" ഞാൻ ഒന്നും പറഞ്ഞില്ല.

അല്ലെങ്കിൽ എന്തു പറഞ്ഞാലാണ് അദ്ദേഹത്തിനു മനസ്സിലാവുക?

ക്ഷീണിതനായ അദ്ദേഹത്തെ ചെന്നു കാണണമെന്നു വിചാരിച്ചിരുന്നപ്പോൾ ഈ വിധം ചിന്തകളൊക്കെ എന്റെ മനസ്സിലൂടെ കടന്നുപോയി.



അപ്പോഴാണ് അദ്ദേഹത്തിന്റെ കെയർടെയ്ക്കർ വന്നു വളരെ ഭവ്യതയോടെ പറഞ്ഞത്.

"അദ്ദേഹത്തിനു സാറിനെ ഒന്നു കാണണമെന്നുണ്ട്. എപ്പോഴാണ് സൗകര്യപ്പെടുക?"

ഞാൻ പറഞ്ഞു:

"ഞാൻ അങ്ങോട്ടു വന്നുകൊള്ളാം."

ഞാൻ ബംഗ്ലാവിൽ ചെന്നപ്പോൾ അദ്ദേഹം സ്വീകരണമുറിയിൽ ചിന്താധീനനായിരിക്കുകയായിരുന്നു.

എന്നെ കണ്ടപാടെ എന്റെ കൈപിടിച്ച് സോഫയിലിരുത്തി.

ക്ഷീണിതനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പിടിത്തത്തിനു നല്ല ബലമുണ്ടായിരുന്നു.

അല്പനേരം മൗനമായിരുന്നതിനുശേഷം അദ്ദേഹം എങ്ങോട്ടോ നോക്കി പതുക്കെ പറയാൻ തുടങ്ങി:

"കുറേ നാളുകളായി ആരോടെങ്കിലും പറയണമെന്നു വിചാരിക്കാൻ തുടങ്ങിയിട്ട് - ഭാര്യ മരിച്ചിട്ട് വർഷങ്ങളായി - ഇല്ലെങ്കിൽ അവളോടു പറയാമായിരുന്നു. പിന്നെ... എനിക്കു പറയാൻ ഇവിടെ ആരുമില്ല. ആളുകളുമായി അടുത്തിടപെടുന്ന ഒരു സ്വഭാവക്കാരനുമല്ല ഞാൻ. പക്ഷേ, എന്തുകൊണ്ടോ കണ്ടപ്പോൾത്തന്നെ നിങ്ങളിൽ ഒരു വിശ്വാസം തോന്നിയിരുന്നു. എന്നിട്ടും... നിങ്ങളുമായും വളരെയൊന്നും അടുത്തിടപെട്ടിട്ടില്ല. എന്തോ, എന്റെ സ്വഭാവം അങ്ങനെയായിപ്പോയി... നിങ്ങൾക്കറിയാമോ എന്നറിഞ്ഞുകൂടാ... വളരെ ദരിദ്രമായ ചുറ്റുപാടുകളിൽനിന്നു വരുന്നവനാണ് ഞാൻ. വിദ്യാഭ്യാസവും കുറവാണ്. എങ്കിലും കഠിനാധ്വാനത്താൽ ഞാൻ കുറച്ചു കാശുണ്ടാക്കി. കുറച്ച് എന്നു പറഞ്ഞാൽ... നിങ്ങൾക്ക് ഊഹിക്കാൻ കഴിയില്ല. ഒന്നിലധികം രാജ്യങ്ങളിൽ എനിക്ക് സ്വന്തമായ ബിസിനസ്സ് സ്ഥാപനങ്ങളുണ്ട്. എല്ലാം ഇപ്പോഴും വളരെ നല്ലനിലയിൽ നടക്കുന്നു...

എനിക്ക് കിട്ടാൻ കഴിയാത്ത വിദ്യാഭ്യാസം എന്റെ രണ്ടു മക്കൾക്കും കൊടുക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അവർ ഇവിടെ പഠിച്ചതു 'ലവ്ഡെയിലി'ലാണ്. പണത്തിന്റെ ഒരു കുറവും ഞാൻ അവർക്കു വരുത്തിയില്ല.

ഇപ്പോൾ അവർ പഠിക്കുന്നത് - ഒരുത്തൻ എം.ഐ.ടി.യിൽ. മറ്റവൻ ഹാർവെഡിലും. രണ്ടാളും പഠിക്കാൻ വളരെ മിടുക്കരുമാണ്.

"എനിക്കിവിടെ വേറെയും വീടുകളുണ്ട്. പക്ഷേ, ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്നത് ഇതാണ്. വയസ്സായാൽ, ആരോഗ്യമൊക്കെ ക്ഷയിക്കുന്നുണ്ട് എന്നു തോന്നിയാൽ, ഇവിടെ വന്ന് എന്റെ മക്കളുടെയും അവരുടെ ഭാര്യമാരുടെയും പേരക്കുട്ടികളുടെയുമൊക്കെകൂടി സന്തോഷത്തോടെ, കാര്യമായ ഒരു ജോലിയും ചെയ്യാതെ... ഇതായിരുന്നു എന്റെ ഏറ്റവും വലിയ മോഹം... എന്റെ സ്വപ്നവും ഇതായിരുന്നു. ഞാൻ അങ്ങനെ സ്വപ്നങ്ങളൊക്കെ കാണുന്ന ഒരുവനായിരുന്നില്ല; ജീവിതത്തിൽ എനിക്കു മോഹങ്ങളേ ഉണ്ടായിരുന്നുള്ളൂ.... മോഹങ്ങൾ മാത്രം... പക്ഷേ... ഇപ്പോൾ."

അദ്ദേഹം പറയുന്നതു നിർത്തി ഏങ്ങലടിക്കാൻ തുടങ്ങി. എനിക്ക് ഒന്നും മനസ്സിലായില്ല.

അല്പനേരത്തെ മൗനത്തിനുശേഷം അദ്ദേഹം തുടർന്നു:

"ഇപ്പോൾ അവർ എഴുതിയിരിക്കുകയാണ്... ഞങ്ങൾ ഇവിടെ വിവാഹം കഴിച്ചിരിക്കുന്നു. ഞങ്ങൾക്ക് ഇനി അങ്ങോട്ടു മടങ്ങേണ്ടുന്ന ഉദ്ദേശ്യമില്ല; ഇവിടെ നല്ല ജോലിക്കുള്ള സാധ്യതയുണ്ട്. അച്ഛൻ ഇനി..."

അദ്ദേഹം വീണ്ടും കരയാൻ തുടങ്ങി.

എനിക്ക് അദ്ഭുതം തോന്നി.

എന്തൊക്കെയോ പറഞ്ഞ് അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അതൊന്നും...

രാത്രി എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല.

അദ്ദേഹവുമായി നീണ്ടകാലത്തെ പരിചയമൊന്നുമില്ലായിരുന്നുവെങ്കിലും ഓർമ്മിക്കാനായി എനിക്ക് പലതുമുണ്ടായിരുന്നു. ആ ഓർമ്മകളിലൂടെയൊക്കെ...

രാവിലത്തെ പതിവുനടത്തവും കഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ ബംഗ്ലാവിന്റെ ഗേറ്റ് മലർക്കെ തുറന്നിട്ടിരിക്കുന്നതാണു കണ്ടത്. സാധാരണയായി എപ്പോഴും അതടച്ചിടാറാണു പതിവ്. പക്ഷേ, ഇന്ന്...

ഞാൻ അവിടെ സംശയിച്ചുനിന്നപ്പോൾ കെയർടെയ്ക്കർ വന്നു.



അയാളുടെ മുഖത്ത് പതിവില്ലാത്ത പരിഭ്രമം ഞാൻ കണ്ടു.

ഞാൻ ചോദിച്ചു:

"എന്തേ...?"

"രാത്രി അദ്ദേഹം പോയി. പെട്ടെന്നെടുത്ത തീരുമാനമാണെന്നാണു തോന്നുന്നത്. എങ്ങോട്ടേക്കാണെന്നോ ഇനി എപ്പഴാണു വരികയെന്നോ ഒന്നും പറഞ്ഞില്ല... സാധാരണയായി..."

"നിങ്ങളോടെന്തെങ്കിലും പറഞ്ഞിരുന്നോ? നിങ്ങളെന്തെങ്കിലും അറിയുമോ?"

ഒന്നും പറയാൻ കഴിയാതെ ഞാൻ നിന്നു. എനിക്കും ഒന്നും അറിയുകയില്ലല്ലോ.

**നിങ്ങളെ എനിക്കറിയാം**

**(ടി. പത്മനാഭൻ)**

"എന്തിനാണ് ആളുകൾക്ക് ഇത്രയും വലിയ വീട്? പക്ഷേ, അതു തീരുമാനിക്കേണ്ടത് വീടുവയ്ക്കുന്ന ആളാണല്ലോ."

- ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ **പ്രതികരണം എന്താണ്?**

- "മറയാൻ പോകുന്ന സൂര്യൻ വൃക്ഷത്തലപ്പുകളിൽ മഞ്ഞയും ചുവപ്പുമൊക്കെ വാരിവിതറുന്നതും നോക്കി ഞാനിരുന്നു."
- "അന്തിവെളിച്ചം പൂർണ്ണമായും മറയാൻ പോകുകയായിരുന്നു."

കഥയുടെ തുടക്കത്തിൽ കാണുന്ന ഈ വാക്യങ്ങളിൽ കഥാന്ത്യത്തെക്കുറിച്ചുള്ള സൂചനകളുണ്ടോ? **അഭിപ്രായം സമർഥിക്കുക.**

- "എവിടെ നോക്കിയാലും ഒരുതരി മണ്ണുപോലും കാണാൻ കഴിയില്ല. പല നിറങ്ങളിലുള്ള ടൈൽസ് മാത്രം."
- "ഇലകളും പൂക്കളുമൊക്കെ കൊഴിഞ്ഞ് ഈ സ്ഥലം മുഴുവൻ വൃത്തികേടാകുന്നു."
- "എന്നാൽ പിന്നെ ആ മരം അടിവേരുതന്നെ വെട്ടിയിടാമായിരുന്നില്ലേ?"

കഥാസന്ദർഭങ്ങൾ വർത്തമാനകാല ജീവിതാവസ്ഥകളുമായി എങ്ങനെയെല്ലാം ബന്ധപ്പെടുന്നു? **വിശകലനം ചെയ്യുക.**

- "ഞാൻ ഇവിടെ വരുമ്പോൾ - അന്ന് കൊച്ചിയിലെ എന്റെ ജോലിയിൽനിന്ന് റിട്ടയർ ചെയ്തപ്പോഴാണ് - ഈ സ്ഥലം മുഴുവൻ ഒരു വലിയ കാടുപോലെയായിരുന്നു. എനിക്ക് തൃപ്തിയായി."

- "വേണ്ട, എനിക്ക് എപ്പോഴും നല്ല കാറ്റും വെളിച്ചവും വേണം. വൃത്തിയും. ഈ മരങ്ങളൊക്കെ ഇവിടെ... സ്ഥലമാകെ ഇരുട്ടും പരത്തി... വേണ്ട വേണ്ട..."

സന്ദർഭങ്ങളിലെ രണ്ടു കഥാപാത്രങ്ങളുടെയും മനോഭാവങ്ങൾ വിശകലനം ചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

പ്രമേയം, ആഖ്യാനരീതി, ഭാഷ എന്നിവ പരിഗണിച്ച് 'മണ്ണും മനുഷ്യനും' എന്ന കഥയ്ക്ക് **നിരൂപണം തയ്യാറാക്കുക.**

'ചത്തപോലെ ഉറങ്ങി' - എന്ന ശൈലി സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം എന്ത്? ഇത്തരത്തിലുള്ള നിരവധി ശൈലികൾ പ്രയോഗത്തിലുണ്ടല്ലോ. വിവിധ ശൈലികൾ കണ്ടെത്തി ആശയം വിശദീകരിച്ച് **പതിപ്പ് തയ്യാറാക്കുക.**

"എത്ര തവണ ആ നല്ല മരത്തെയും അതിലെ പൂക്കളെയും നോക്കി ഞാൻ ഇവിടെ നിന്നിട്ടില്ല."
ഈ വാക്യത്തിലെ 'നിന്നിട്ടില്ല' എന്ന പ്രയോഗത്തിന്റെ **സവിശേഷത ചർച്ചചെയ്യുക.**

*ജൈവനദീതീരങ്ങളിൽ*
*ഡിജിറ്റൽഗ്രാമങ്ങൾ തീർത്ത്*
*അവിടെ നാം ഇളവേൽക്കുന്നു...*



# ബത്തേരിക്കടുത്ത് മലങ്കരയിൽ

ബത്തേരിക്കടുത്ത് മലങ്കരയിൽ
സുഹൃത്തിൻ വാടകവീടിൻ വരാന്തയിലിരുന്ന്
കാണുന്നൂ ദൂരെ നെൽപ്പാടം.

കണ്ണു നിറഞ്ഞു.

ഞാറ്റടിപ്പച്ച
ചാറ്റൽമഴ ചേറിൻചൂര്
പോത്തു പൂട്ടും കുറുമർ,
കാക്കകൾ കൊക്കുകൾ,

കവിയുണർന്നു

മനയോല തേച്ചു മുഖം കാട്ടി
ചുട്ടിക്കു മലർന്നുകിടക്കയല്ലേ
മലനാട്ടുമണ്ണ്!

ക്യാമറ തുടരെ ക്ലിക്കി
(പൊൻതൂലിക വിറ്റു കിടിലൻ-
ഫോണൊന്നു വാങ്ങിച്ചു ഞാൻ)
ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.

വന്നൂ കമന്റുകൾ
തിരുതകൃതിയായ് ചാറ്റൽ.

ഹാ! വയനാട്
ഇല്ല പോയിട്ടില്ല പച്ചകൾ
തൂങ്ങിയിട്ടില്ല കർഷകർ
ഉണ്ട് ചിലതെങ്കിലും ബാക്കി
ഈ ചിത്രം സാക്ഷി

മാഷേ,
നമുക്കെന്തെങ്കിലും ചെയ്യണം
നാളേക്ക് ഒരു തുണ്ടു പച്ചപ്പെങ്കിലും നിർത്തണം
ഈ പടമെടുക്കാനിരുന്ന വീടും കുടിയിരിപ്പും
എത്ര സെന്റു വരും?

നാട്ടിൽ വരുമ്പോൾ
ഇങ്ങനെ നെൽപ്പാടം നോക്കി
എല്ലാം മറന്ന്
വരാന്തയിൽ ചാരിയിരിക്കണം
മാഷ് ചോദിക്കൂ,
എത്ര കൊടുക്കണം?

ഇപ്പോൾ ഞാൻ അനേകരാണ്
ഈ മലങ്കര
ഏഴു വൻകരയുമാണ്.
ഈ വരാന്ത
ജിദ്ദയിലോ ഷാർജയിലോ
സിംഗപ്പൂരിലോ ന്യൂയോർക്കിലോ

ഇതാ,
ഈ ലോകത്തിന്റെ അവതാരമൂർത്തി ചോദിക്കുന്നു

പറയൂ
മലകളേ മരങ്ങളേ
കുറുമരേ കുറിച്യരേ
നിങ്ങൾ ആകെ എത്ര ജീബി?

**കാറ്റേ കടലേ**
**(പി. പി. രാമചന്ദ്രൻ)**

"ഇപ്പോൾ ഞാൻ അനേകരാണ്
ഈ മലങ്കര
ഏഴു വൻകരയുമാണ് "

- വരികളുടെ **അർഥതലങ്ങൾ വിശദീകരിക്കുക.**

"ക്യാമറ തുടരെ ക്ലിക്കി
(പൊൻതൂലിക വിറ്റു കിടിലൻ-
ഫോണൊന്നു വാങ്ങിച്ചു ഞാൻ)
ഞൊടിയിൽ
പടം അപ്‌ലോഡ് ചെയ്തു.

വന്നൂ കമന്റുകൾ
തിരുതകൃതിയായ് ചാറ്റൽ."

സുസ്ഥിരവികസന കാഴ്ചപ്പാടുകളോട് മുഖം തിരിച്ചുനിൽക്കുന്ന സമൂഹത്തിന്റെ മനോഭാവത്തെ പരിഹസിക്കുകയല്ലേ കവി ചെയ്യുന്നത്? **വിമർശനാത്മകമായി വിലയിരുത്തുക.**

"മനയോല തേച്ചു മുഖം കാട്ടി
ചുട്ടിക്കു മലർന്നുകിടക്കയല്ലേ
മലനാട്ടുമണ്ണ്! "

- കേരളത്തിന്റെ ഭൂപ്രകൃതിയെയും സംസ്കാരത്തെയും സമന്വയിപ്പിച്ചത് എത്രമാത്രം ആകർഷകമായിട്ടുണ്ട് ? വരികൾ **വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

"നമുക്കെന്തെങ്കിലും ചെയ്യണം
നാളേക്ക് ഒരു തുണ്ടു പച്ചപ്പെങ്കിലും നിർത്തണം
ഈ പടമെടുക്കാനിരുന്ന വീടും കുടിയിരിപ്പും
എത്ര സെന്റു വരും?"

ഇത്തരം നിലപാടുകൾ പരിസ്ഥിതിസംരക്ഷണത്തിന് സഹായകമാകുമോ? **കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.**

പരിസ്ഥിതിസ്നേഹം പ്രകടനപരതയായി മാറുന്നതിനോടുള്ള പ്രതിഷേധം ഏതെല്ലാം തലങ്ങളിലാണ് കവിതയിൽ ആവിഷ്കരിക്കുന്നത്?
വിശകലനം ചെയ്ത് **ആസ്വാദനം തയ്യാറാക്കുക.**

*കാടിന്റെ മൗനത്തിൽനിന്ന്
സ്നേഹത്തിന്റെ ഉറവകളിലേക്ക്.*

# വെള്ളത്തിന് തെളിയാതിരിക്കാനാവില്ല



മൂന്നുദിവസമായി നൂർമുഹമ്മദ് ഒരു പെൺകുട്ടിയെ ശ്രദ്ധിക്കുന്നു. തുടർച്ചയായി അവളെ വെള്ളത്തിനരികിൽ കണ്ടെത്തി. കുളക്കരയിൽ, തോടിന്റെ വക്കത്ത്, അല്ലെങ്കിൽ കായൽക്കരയിൽ, വെറുതെയങ്ങനെ നിൽക്കുന്നതായിട്ടാണ് കണ്ടത്. വെള്ളത്തിലേക്ക് ഉറ്റുനോക്കിനിൽക്കുന്നു എന്നതൊഴിച്ചാൽ, അവൾ പരിസരം അറിയുന്നുണ്ടായിരുന്നില്ല. അവൾ എന്തെങ്കിലും ചെയ്യുകയാണോ എന്ന് അയാൾ ശ്രദ്ധിച്ചു. അലക്കാനോ കുളിക്കാനോ കക്കവാരാനോ ഒരുങ്ങുകയാണോ? എന്നാൽ ആ കുട്ടി വെറുതെ നിൽക്കുന്നതും അങ്ങനെ എത്രനേരം വേണമെങ്കിലും നിൽക്കുന്നതും അയാൾക്ക് വിചിത്രമായി തോന്നി.

നാലാമത്തെ ദിവസം അയാൾ അവളെ കണ്ടത് വേലിയിറക്കസമയത്ത് വെള്ളത്തിലൂടെ നടന്നുപോകുന്നതായിട്ടാണ്. നടന്നുനടന്ന് അവൾ കണ്ടൽക്കാടുകൾക്കിടയിൽ മറഞ്ഞുപോയി. നൂർമുഹമ്മദിന് കൗതുകം തോന്നി. അവിടെയായിരിക്കുമോ അവളുടെ വീട്? ആ പച്ചവളയ്ക്കുള്ളിൽ? അവളെ പിന്തുടർന്ന് അത് കണ്ടുപിടിക്കണമെന്ന അതിശക്തമായ ഒരു പ്രേരണ അയാൾക്കുണ്ടായി. ഒന്നാലോചിച്ചിട്ട് അത് വേണ്ടെന്ന് വച്ചെങ്കിലും അവളങ്ങനെ മാഞ്ഞുപോയതിൽ അയാൾക്ക് വിഷാദം തോന്നി. അവളെ വീണ്ടും കാണുമെന്ന് കരുതി ഒരുപാടുനേരം അയാൾ അവിടെയൊക്കെ അലഞ്ഞു.



വേലിയേറ്റം തുടങ്ങി. നോക്കിനിൽക്കെ വെള്ളം പെരുകിക്കേറിവന്നു. തോണിയില്ലാതെ കടന്നുപോവുക വയ്യെന്നായി. അവൾ തിരിച്ചുവന്നതേയില്ല. താനെന്തിന് അസ്വസ്ഥനാകുന്നു എന്ന് നൂർമുഹമ്മദ് അദ്ഭുതപ്പെട്ടു. വിളറിയ മെലിഞ്ഞ ഒരു പെൺകുട്ടി. പുലർകാലത്തെ ചന്ദ്രകിരണം പോലെ! അവൾ വെള്ളത്തിലേക്കുറ്റുനോക്കി നിൽക്കുന്നതു കണ്ടു. വെള്ളത്തിലൂടെ നടന്ന് അവൾ അപ്രത്യക്ഷയാവുന്നതു കണ്ടു. ആരും ഒരിലപോലും നുള്ളിയെടുക്കാത്ത കനത്ത കാട്ടിനുള്ളിൽ അവൾ മറഞ്ഞുനിൽക്കുന്നു. വരുകയാണെങ്കിൽ അവൾ ഏതിലേ വരും? ആതിയെ ചുറ്റിക്കിടക്കുകയാണ് പച്ചവള!

അതിലെവിടെയാണവളുടെ വീട്?

ആമുഖക്കാരൻ പറഞ്ഞിരുന്നു.

“കാട്ടിലേക്ക് പല വഴികളുണ്ട്. കാട്ടിൽനിന്ന് പുറത്തുകടക്കാനും പല വഴികളുണ്ട്.”

ഒരുവഴിയിലൂടെ കാട്ടിനുള്ളിൽ കടന്ന് വേറൊരു വഴിയിലൂടെ അവൾ തിരിച്ചുവന്നിരിക്കാം. ഒരുപക്ഷേ അവളുടെ വീട് ഇവിടെയെങ്ങാനുമായിരിക്കാം. നിലാവുദിക്കുമ്പോൾ അവൾ തിരികെ വരും. നൂർമുഹമ്മദ് വിചാരിച്ചു. അവളെ കാണാതിരിക്കുന്തോറും താൻ അസ്വസ്ഥനാകുന്നുണ്ടെന്ന് നൂർമുഹമ്മദ് തിരിച്ചറിഞ്ഞു. അയാൾക്കത് മധുരമായി തോന്നി.

ആതിയുടെ നാഡിഞരമ്പുകൾപോലെ തലങ്ങും വിലങ്ങും തോടുകൾ, ചാലുകൾ, കുളങ്ങൾ, ഉറവകൾ, കിണറുകൾ, വെള്ളം തുളുമ്പിത്തെറിക്കുന്ന വയലുകൾ, ഏറ്റിറക്കങ്ങൾകൊണ്ട് മുറുകുകയും അഴിയുകയും ചെയ്യുന്ന തണ്ണീർത്തടങ്ങൾ, കുഴമറിഞ്ഞ ചതുപ്പുകൾ. വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ ഒരു പെൺകുട്ടി അവിടെയെവിടെയെങ്കിലുമുണ്ടോ എന്നന്വേഷിച്ചുകൊണ്ട് നൂർമുഹമ്മദ് അഞ്ചാംദിവസവും അലഞ്ഞുനടന്നു.

അയാൾക്കവളെ കണ്ടെത്താനായില്ല!

എന്താണിത്! നൂർമുഹമ്മദിന് ആശ്ചര്യം തോന്നി.

വെള്ളം എന്നെ കൊണ്ടുപോകുന്നു.

കാറ്റ് എന്നെ കൊണ്ടുപോകുന്നു.

ജീവിതത്തിലിതുവരെ ഞാൻ കണ്ടെത്തിയിട്ടില്ലാത്തത്,
കണ്ടെത്തേണ്ടത്, എവിടെയോ മറഞ്ഞിരിക്കുന്നു.

ഇലയുടെ മറവിൽ

ജലപാളികളുടെ അടിയിൽ

ഒരു മീനുടലിന്റെ നിഴലിൽ

എവിടെയോ.....

ദൈവമേ! നൂർമുഹമ്മദ് അദ്ഭുതപ്പെട്ടു.

അവളുടെ താരുണ്യമാണോ കാന്തം ഇരുമ്പിനെയെന്നോണം എന്നെ വലിച്ചു കൊണ്ടുപോകുന്നത്? അയാൾ ഒരു തോണിയിൽ നിരാലംബനായി കിടന്നു. കാറ്റ് ഓളങ്ങളോട് പറഞ്ഞ ദിക്കിലേക്ക് തോണി അയാളെ കൊണ്ടുപോയി. നിലാവിന്റെ അരിപ്പയിലൂടെ പ്രപഞ്ചത്തെ കണ്ടുകൊണ്ട് നൂർമുഹമ്മദ് കിടന്നു.

തലേന്നാളത്തേക്കാൾ, ഉൽക്കണ്ഠാകുലവും വേദനാജനകവുമായിരുന്നു അന്നത്തെ അയാളുടെ അലച്ചിൽ.

അവൾ ആരെന്നോ, എന്തെന്നോ അറിഞ്ഞുകൂടാത്തതിനാൽ അവളെപ്പറ്റി ചോദിച്ചറിയാൻ നിർവാഹമില്ലായിരുന്നു. നിങ്ങളാരെങ്കിലും കണ്ടോ, മെലിഞ്ഞ് വിളറിയ ഒരു പെൺകുട്ടിയെ എന്ന് ചോദിച്ചാൽ താൻ പരിഹസിക്കപ്പെട്ടേക്കും.

തണുത്ത കാറ്റ് അയാളുടെ നെറുക തലോടി, ഇമകളെയും ചുംബിച്ചു. മുടിയിഴകളെ താരാട്ടി. അയാൾക്കുറക്കം വന്നു. വെള്ളം ഒരു മടിത്തട്ടാണ്...

ആറാമത്തെ ദിവസം!

അത് വളരെ വേഗം അയാളെ അവളോടടുപ്പിച്ചു. ചെറിയ ഒരാമ്പൽക്കുളത്തിന്റെ കരയിൽ അയാൾ അവളെ കണ്ടെത്തി. നൂർമുഹമ്മദിന്റെ ഹൃദയമിടിപ്പുകൾ പെരുകി. അവളെ സമീപിക്കാൻ തനിക്ക് ധൈര്യം വരുന്നില്ലെന്ന് അയാൾ അറിഞ്ഞു. എങ്കിലും അവൾക്കരികിൽനിന്ന് മാറിപ്പോകാനും അയാൾക്കാവില്ലായിരുന്നു.

"കുല്ലി സൈ മിനൽ മാഇ"

നൂർമുഹമ്മദ് പറഞ്ഞു. "എല്ലാം വെള്ളത്തിൽ നിന്ന്."

പെൺകുട്ടി തിരിഞ്ഞുനോക്കി.

ശിശുഭാവം വിടാത്ത ഒരു മുഖം അയാൾ കണ്ടു. വിഷാദത്തിനും ദുഃഖത്തിനുമിടയിൽ മുറുകെ പൂട്ടിയ മനോഹരമായ അധരങ്ങൾ കണ്ടു.

കഥപറച്ചിൽക്കാരനെ നോക്കി പെൺകുട്ടി പരിചയഭാവത്തിൽ തലയാട്ടി.

നൂർമുഹമ്മദിന് അവളുടെ അടുത്തേക്കു ചെല്ലാൻ ധൈര്യം കിട്ടി.

"ഇവിടെ, ഒറ്റയ്ക്ക് എന്തുചെയ്യുന്നു?"

അയാൾ ചോദിച്ചു.



പെൺകുട്ടിയുടെ മുഖം വാടി. ആമ്പൽക്കുളത്തിലേക്ക് ചൂണ്ടിക്കാട്ടിയിട്ട് തന്നോടുതന്നെയെന്നോണം അവൾ പറഞ്ഞു:

"കലങ്ങിയിരിക്കുന്നു."

നൂർമുഹമ്മദ് പുഞ്ചിരിച്ചു.

"കലങ്ങിയത് കുറേക്കഴിഞ്ഞാൽ തെളിയില്ലേ?"

പെൺകുട്ടി നിഷേധാർഥത്തിൽ തലയാട്ടി.

"ഇല്ല. തെളിയുന്നില്ല."

നൂർമുഹമ്മദ് അവളുടെ അടുത്തേക്ക് ചെന്നു. ആമ്പൽക്കുളത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ട് കുറച്ചുനേരം അവളോടൊപ്പം നിന്നു.

"വെള്ളത്തിന് തെളിയാതിരിക്കാൻ കഴിയില്ല."

അവൾ അത് വിശ്വസിച്ചില്ലെന്ന് അവളുടെ വാടിയ മുഖം വ്യക്തമാക്കി. അവളെ ആശ്വസിപ്പിക്കേണ്ടതെങ്ങനെയെന്ന് അയാൾ കുഴങ്ങി.

"ഒരു കഥ കേൾക്കാമോ?" നൂർമുഹമ്മദ് ചോദിച്ചു.

കറുക പടർന്ന കുളക്കരയിൽ അയാൾ ഇരുന്നു. വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ പെൺകുട്ടി കഥ കേൾക്കാൻ തുടങ്ങി. ബുദ്ധന്റെ കഥയാണ്. ബുദ്ധനും ശിഷ്യനായ ആനന്ദനും ഒരു ഗ്രാമത്തിലൂടെ നടന്നുപോവുകയായിരുന്നു. കഠിനമായ വെയിൽ. ക്ഷീണം.

"വല്ലാതെ ദാഹിക്കുന്നു." ബുദ്ധൻ പറഞ്ഞു. അടുത്തെങ്ങും വെള്ളമില്ല.

"നമ്മൾ പിന്നിട്ട വഴിയിൽ മനോഹരമായ ഒരു അരുവിയുണ്ടായിരുന്നു. എന്തു തെളിഞ്ഞ വെള്ളം! രണ്ടു നാഴിക തിരിച്ചു നടക്കണം. നീ പോയി, ആ ഭിക്ഷാപാത്രം നിറയെ വെള്ളം എടുത്തുകൊണ്ടുവരൂ. ഞാൻ ഈ മരത്തണലിൽ ഇരിക്കാം." ബുദ്ധൻ പറഞ്ഞു. ആനന്ദൻ ഉടൻ തന്നെ പുറപ്പെട്ടു.

അയാൾ അരുവിക്കടുത്തെത്തിയപ്പോൾ നിരനിരയായി കുറേ കാളവണ്ടികൾ അരുവി മുറിച്ച് കടന്നുപോകുന്നതു കണ്ടു. ചക്രങ്ങളും കാളകളുടെ കുളമ്പുകളും അരുവിയുടെ അടിയിലെ ചളി മുഴുവനും ഇളക്കിമറിച്ചുകൊണ്ടിരുന്നു. വെള്ളം കൊഴുത്ത ചളിയായി മാറി. പകുതി ചീഞ്ഞ ഇലകളും അടിയിൽനിന്ന് പൊന്തിവന്നു. ആനന്ദൻ വെള്ളമെടുത്തില്ല.

ദാഹിച്ചു കാത്തിരിക്കുന്ന ബുദ്ധനോട് അയാൾ പറഞ്ഞു:

“അരുവിയിലെ വെള്ളമാകെ കലങ്ങിമറിഞ്ഞിരിക്കുന്നു. കുറേ കാളവണ്ടികൾ വെള്ളം കലക്കി ചളിയാക്കി. ചീഞ്ഞ ഇലകളും അഴുക്കുംകൊണ്ട് അത് കുടിക്കാൻ കൊള്ളില്ലാത്തതായി. കുറച്ചുകൂടി നടന്നാൽ വലിയൊരു നദിയുണ്ടത്രേ. ഞാൻ അവിടെപ്പോയി വെള്ളം കൊണ്ടുവരാം.”

പക്ഷേ ബുദ്ധൻ പറഞ്ഞു:

“നീ തിരിച്ചു പോകണം. സ്ഫടികം പോലെ പരിശുദ്ധമായ വെള്ളം ആ അരുവിയിൽ ഞാൻ കണ്ടതാണ്. ഇനി ചെല്ലുമ്പോഴും അത് തെളിഞ്ഞിട്ടില്ലെങ്കിൽ തെളിയുന്നതുവരെ അതിന്റെ കരയിൽ കാത്തിരിക്കുക...”

ആനന്ദൻ തിരിച്ചു നടന്നു.

“ആ വെള്ളമോ? അതിനി സ്ഫടികം പോലെ ആവുമെന്നോ? എനിക്ക് തോന്നുന്നില്ല.”

അയാൾ പിറുപിറുത്തു. രണ്ടുനാഴിക തിരിച്ചുനടന്ന് ആനന്ദൻ അരുവിക്കരയിലെത്തി. അപ്പോഴേക്കും ചളി അടിയിൽ ഊറുകയും ചീഞ്ഞ ഇലകൾ താഴുകയും ചെയ്ത് വെള്ളം ഒരുവിധം തെളിഞ്ഞിരുന്നു. എന്നാലും അത് കുടിക്കാൻ പറ്റുന്ന വിധത്തിലായിരുന്നില്ല. ആനന്ദൻ അരുവിക്കരയിൽ കാത്തിരുന്നു. വെള്ളം തെളിയുന്നതുവരെ. വെള്ളം തെളിയുകതന്നെ ചെയ്തു.

പെൺകുട്ടിയുടെ മൃദുലമായ തേങ്ങലുകൾ കേട്ട് നൂർമുഹമ്മദ് കഥപറച്ചിൽ നിർത്തി.

“ഈ വെള്ളവും അങ്ങനെ ആയിരുന്നു. എത്ര കലങ്ങിയാലും തെളിഞ്ഞുവരുമായിരുന്നു. പോത്തുകൾ കുത്തിമറിഞ്ഞാലും ഞാൻ കുളിക്കാനെത്തുമ്പോഴേക്കും കണ്ണാടിപോലെ തെളിഞ്ഞ് ആകാശത്തേയും മേഘങ്ങളേയും പ്രതിഫലിപ്പിച്ച് കിടക്കുമായിരുന്നു.”

ദുർബലമായ തണ്ടിൽ നിവർന്നുനിൽക്കാൻ പാടുപെടുന്ന, മുഖം താഴ്ത്തിപ്പിടിച്ച, രണ്ട് ആമ്പൽപ്പൂക്കളിലേക്ക് നോക്കി നൂർമുഹമ്മദ് നെടുവീർപ്പിട്ടു.

"കഥയുടെ ബാക്കികൂടി കേൾക്കാമോ?" അയാൾ ചോദിച്ചു.
പെൺകുട്ടി സമ്മതഭാവത്തിൽ തലയാട്ടി.

"കണ്ണ് തുടയ്ക്കൂ" നൂർമുഹമ്മദ് വാത്സല്യത്തോടെ പറഞ്ഞു. അയാളുടെ ശബ്ദത്തിന്റെ മാർദവം അവളെ അഗാധമായി സ്പർശിച്ചു. വിളറിയ വിരലുകൾകൊണ്ട് കണ്ണീർ തുടച്ചുകളയുകയും ചെറുതായി പുഞ്ചിരിക്കുകയും ചെയ്തു അവൾ.

ആനന്ദൻ വെള്ളവുമായി ബുദ്ധന്റെ അടുത്തെത്തി. അയാൾ സന്തുഷ്ടനായിരുന്നു. "എന്നോടു ക്ഷമിക്കണേ"- അയാൾ ബുദ്ധനോട് പറഞ്ഞു. "എന്നെ രണ്ടുതവണ നടത്തിച്ചതിൽ എനിക്ക് താങ്കളോട് ദേഷ്യമുണ്ടായിരുന്നു. താങ്കൾ കഠിനഹൃദയനാണെന്ന് ഞാൻ ചിന്തിച്ചു. എനിക്ക് ദേഷ്യവും സങ്കടവും ഉണ്ടായിരുന്നു. അത്രയും നടക്കാൻ എനിക്കൊട്ടും ഇഷ്ടമുണ്ടായിരുന്നില്ല. എന്റെ മനസ്സ് കലങ്ങിമറിഞ്ഞു. പക്ഷേ, അരുവി തെളിഞ്ഞുവരുന്നതുവരെ ഒന്നും ചെയ്യാനില്ലാതെ കാത്തിരുന്നപ്പോൾ പതുക്കെ ദേഷ്യവും സങ്കടവും ഇഷ്ടക്കേടുകളും എല്ലാം ചളി ഊറിക്കൂടുമ്പോലെയും ചീഞ്ഞ ഇലകൾ താണുപോകുമ്പോലെയും താഴേക്കടിയുന്നതും മനസ്സ് തെളിഞ്ഞുവരുന്നതും ഞാൻ അനുഭവിച്ചു."

പെൺകുട്ടി കഥപറച്ചിലുകാരന്റെ മുഖത്തേക്ക് ഉറ്റുനോക്കി. അദ്ഭുതകരമായതെന്തോ അയാളുടെ മുഖത്തുണ്ട് എന്നപോലെ ഇമയാട്ടാതെ അനേകനേരം.

"എന്താ ഇങ്ങനെ നോക്കുന്നേ?"

നൂർമുഹമ്മദ് ചോദിച്ചു. സത്യത്തിൽ അയാളും അവളെ ഉറ്റുനോക്കുകയായിരുന്നല്ലോ. ഒരു കുഞ്ഞിന്റെ കൗതുകം മുറ്റിയ കണ്ണുകളിൽ നിന്നെന്നപോലെ അവളിൽനിന്ന് തന്നിലേക്കൊഴുകിയെത്തുന്ന ആനന്ദം അയാളിൽ തിരയിളക്കങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.



“പെങ്കുട്ട്യേ....” നൂർമുഹമ്മദ് മൃദുവായി വിളിച്ചു. തന്റെ സത്തയുടെ ആഴത്തിൽ നിന്നാണ് താനവളെ അങ്ങനെ വിളിക്കുന്നതെന്ന് അയാളറിഞ്ഞു. അയാൾ കണ്ണടച്ചിരുന്ന് അവളെ കാണാൻ ശ്രമിച്ചു. ആനന്ദമാണ് അവൾ. ഇലകളിൽ പെയ്യുന്ന മഴത്തുള്ളികൾപോലെ. വിഷാദഭരിതമായ ലോകത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ വഴിയും ജീവനുമാണ് അവൾ. ആരും കാണാത്തത് ആദ്യം കണ്ടവൾ. ആരും ഉൽക്കണ്ഠപ്പെടാത്തതിനെക്കുറിച്ച് ആദ്യം ഉൽക്കണ്ഠപ്പെടുന്നവൾ. ആരും വേദനിക്കാത്തതിനെച്ചൊല്ലി ഏറെ വ്യസനിക്കുന്നവൾ.

“എന്താ കണ്ണടച്ചിരിക്കണേ?” പെൺകുട്ടി ചോദിച്ചു.

“കാണുകയാണ്.”

“കണ്ണടച്ചിരുന്നാൽ കാണ്വോ?”

“കാണും.”

“എനിക്കും?”

“തീർച്ചയായും.” പെൺകുട്ടി കണ്ണടച്ചു.

“എത്രനേരം കണ്ണടച്ചിരിക്കണം.” അവൾ ചോദിച്ചു.

“കാണുന്നതുവരെ.”

കാണുന്നതുവരെ അവൾ കണ്ണടച്ചിരുന്നു. പിന്നെ കാണാൻ തുടങ്ങി. അനന്തമായ നീലാകാശം, നിർമ്മലതടാകം, പച്ചക്കാടുകൾ, ഒഴുകിയെത്തുന്ന അരുവികൾ, ദൂരെനിന്ന് കാറ്റിനോടൊപ്പം ആടിയുലഞ്ഞുവരുന്ന തോണി. തോണിയിൽ ഏകനായി കണ്ണടച്ചിരിക്കുന്ന കഥപറച്ചിലുകാരൻ. അയാൾ അടുത്തുവരുന്തോറും ഏതോ മൃദുലമായ സുഗന്ധം അവളെ തഴുകുന്നു. “ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക് ” എന്ന് ചോദിക്കേണ്ടതിനുപകരം അവൾ ചോദിച്ചു: “ഏത് പൂവാണ് നിങ്ങൾ?”

നൂറു ചിലങ്കകൾ ഒന്നിച്ചു കിലുങ്ങുംപോലെ വെള്ളത്തിന്റെ ഒച്ചകേട്ട് നൂർമുഹമ്മദ് കണ്ണുതുറന്നു. മിന്നുന്ന വെയിലിൽ നീർച്ചാലിലെ വെള്ളം ചവിട്ടിത്തെറിപ്പിച്ചുകൊണ്ട് ആ പെൺകുട്ടി ഓടിപ്പോകുന്നതുകണ്ടു.

അവൾക്കു ചുറ്റും സ്ഫടികമണികൾ
പോലെ വെള്ളം ചിതറിത്തെറിച്ചുകൊണ്ടിരുന്നു...

**ആതി**
**(സാറാ ജോസഫ് )**

"ആതിയെ ചുറ്റിക്കിടക്കുകയാണ് പച്ചവള"-
ആതി എന്ന പ്രദേശത്തിന്റെ സവിശേഷതകൾ വ്യക്തമാക്കാൻ ഈ വാക്യത്തിന് സാധിക്കുന്നുണ്ടോ? **പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.**

"തണുത്ത കാറ്റ് അയാളുടെ നെറുക തലോടി, ഇമകളെയും ചുംബിച്ചു. മുടിയിഴകളെ താരാട്ടി. അയാൾക്കുറക്കം വന്നു. വെള്ളം ഒരു മടിത്തട്ടാണ്..."
- കഥയുടെ ഭാവതലത്തെ പ്രകാശിപ്പിക്കാൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ? പാഠഭാഗത്തുനിന്ന് ഇത്തരത്തിലുള്ള കൂടുതൽ വാക്യങ്ങൾ കണ്ടെത്തി **വിശകലനം ചെയ്യുക.**

കഥപറച്ചിൽക്കാരൻ (നൂർമുഹമ്മദ്) പെൺകുട്ടിയോട് പറഞ്ഞ ബുദ്ധന്റെ കഥയെ മുൻനിർത്തി 'വെള്ളത്തിന് തെളിയാതിരിക്കാനാവില്ല' എന്ന ശീർഷകത്തിന്റെ **ഔചിത്യം കണ്ടെത്തുക.**

- "എന്നു നീ നീയായ്ക്കാണും
  പുല്ലിനെ പറവയെ
  അന്നു കൈവരും
  നിനക്കാത്മവിജ്ഞാനാനന്ദം"

  ഒരു പഴങ്കഥ (എൻ. വി. കൃഷ്ണവാരിയർ)

- "ഒന്നല്ലി നാമയി സഹോദരരല്ലി പൂവേ"

  വീണപൂവ് (കുമാരനാശാൻ)

- "ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക്" എന്ന് ചോദിക്കേണ്ടതിനുപകരം അവൾ ചോദിച്ചു: "ഏത് പൂവാണ് നിങ്ങൾ?"

  ആതി (സാറാ ജോസഫ്)

പ്രകൃതിയും മനുഷ്യരും ഒന്നാകുന്നതിന്റെ മനോഹരമായ കാഴ്ച മുകളിൽ തന്നിരിക്കുന്ന രചനാഭാഗങ്ങളിൽ കാണാനാവുന്നുണ്ടോ? വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ പെൺകുട്ടി കഥ കേൾക്കാൻ തുടങ്ങി."
- "ആരും കാണാത്തത് ആദ്യം കണ്ടവൾ. ആരും ഉൽക്കണ്ഠപ്പെടാത്തതിനെക്കുറിച്ച് ആദ്യം ഉൽക്കണ്ഠപ്പെടുന്നവൾ. ആരും വേദനിക്കാത്തതിനെച്ചൊല്ലി ഏറെ വ്യസനിക്കുന്നവൾ."

കഥാപാത്രത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് നോവൽഭാഗത്ത് തെളിയുന്നത്? അവളുടെ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി എന്ത്? **ചർച്ചചെയ്യുക.**

അവൾ പറഞ്ഞു:
"കലങ്ങിയിരിക്കുന്നു."
നൂർമുഹമ്മദ് പുഞ്ചിരിച്ചു.
"കലങ്ങിയത് കുറേക്കഴിഞ്ഞാൽ തെളിയില്ലേ?"
പെൺകുട്ടി നിഷേധാർഥത്തിൽ തലയാട്ടി.
"ഇല്ല. തെളിയുന്നില്ല."

കഥാസന്ദർഭത്തിലെ ഈ സംഭാഷണത്തിൽ അവതരിപ്പിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ സുഹൃത്തിനോട് പറയുന്നത് എങ്ങനെയായിരിക്കും? ആശയം വ്യത്യസ്തമാവാതെ അവതരിപ്പിക്കണമെങ്കിൽ സംഭാഷണഭാഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടി വരും? ചർച്ച ചെയ്ത് **അന്യാഖ്യാനസംഭാഷണരൂപത്തിൽ മാറ്റി എഴുതുക.**

"നൂറു ചിലങ്കകൾ ഒന്നിച്ചു കിലുങ്ങുംപോലെ വെള്ളത്തിന്റെ ഒച്ചകേട്ട് നൂർമുഹമ്മദ് കണ്ണുതുറന്നു. മിന്നുന്ന വെയിലിൽ നീർച്ചാലിലെ വെള്ളം ചവിട്ടിത്തെറിപ്പിച്ചുകൊണ്ട് ആ പെൺകുട്ടി ഓടിപ്പോകുന്നതു കണ്ടു. അവൾക്കു ചുറ്റും സ്ഫടികമണികൾ പോലെ വെള്ളം ചിതറിത്തെറിച്ചുകൊണ്ടിരുന്നു."

- ഇവിടെ ഒരു ചലച്ചിത്രത്തിലെന്നപോലെ ദൃശ്യങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത് നോക്കൂ. ജീവദായിനികളായ ജലസ്രോതസ്സുകളുടെ സംരക്ഷണം ഇക്കാലത്ത് എല്ലാവരുടെയും ഉത്തരവാദിത്വമാണല്ലോ. അതിനായി സാമൂഹികഉത്തരവാദിത്വം രൂപപ്പെടുത്തും വിധമുള്ള **ഹ്രസ്വചിത്രം (Short film) നിർമ്മിക്കുക.**

"ആതിയുടെ നാഡിഞരമ്പുകൾപോലെ തലങ്ങും വിലങ്ങും തോടുകൾ,
ചാലുകൾ, കുളങ്ങൾ, ഉറവകൾ, കിണറുകൾ, വെള്ളം തുളുമ്പിത്തെറിക്കുന്ന
വയലുകൾ, ഏറ്റിറക്കങ്ങൾകൊണ്ട് മുറുകുകയും അഴിയുകയും ചെയ്യുന്ന
തണ്ണീർത്തടങ്ങൾ, കുഴമറിഞ്ഞ ചതുപ്പുകൾ."

ആതി (സാറാ ജോസഫ്)

ആതിയുടെ നാഡിഞരമ്പുകളായ ജലസ്രോതസ്സുകളെക്കുറിച്ചുള്ള വിവരണമാണിത്. മുകളിൽ നൽകിയ സന്ദർഭങ്ങളും യൂണിറ്റിൽ പരിചയപ്പെട്ട രചനകളും നിങ്ങളുടെ വായനാനുഭവങ്ങളും അടിസ്ഥാനമാക്കി 'മലയാള സാഹിത്യത്തിൽ പരിസ്ഥിതി ഒരു പ്രധാന പ്രമേയമായിത്തീരുന്നുണ്ടോ?' എന്ന വിഷയത്തിൽ **പ്രോജക്ട് തയ്യാറാക്കുക.**

4

# പിറന്ന നാടിൻ പെരുമയിൽ



മറ്റേതു നാട്ടിൽപ്പറിച്ചുനട്ടാലുമെൻ
പൊട്ടിയ നാരായവേരിന്റെയറ്റത്തു
പൊട്ടിച്ചിനച്ചു തഴയ്ക്കാൻ കൊതിപ്പു ഞാൻ.
മങ്ങാതെയുണ്ടെൻ മനസ്സിലെന്നാളുമീ
മണ്ണിൽക്കിളിർക്കും കിനാക്കളും പൂക്കളും.

മറുനാട്ടിൽനിന്ന്
(എൻ. കെ. ദേശം)

**ഏതൊരു മലയാളിയുടെയും ദേശസങ്കല്പമല്ലേ കവി അവതരിപ്പിച്ചിരിക്കുന്നത്? വിശകലനം ചെയ്യുക.**





*നീരാവിയിലെ നീര് പോലെ*
*ഓരോ എഴുത്തിലും*
*ഒരു നാടൊളിച്ചിരിക്കുന്നു.*

# ദേശവും എഴുത്തും

## തട്ടകം

**(കോവിലൻ)**

കിഴക്കുംമുറിയിൽ കുന്നുകളുടെ ഒരു നികന്ന നിര. തെക്കേ അറ്റത്ത് തേട്ടിക്കുന്ന്. വടക്ക് ചെറുകുന്ന്. തേട്ടിക്കുന്നിന്റേയും ചെറുകുന്നിന്റേയും മധ്യത്തിൽ പുല്ലാനിക്കുന്ന്. കുന്നുകളുടെ താഴ്‌വരയിൽ ഇരുട്ടടച്ച് കവുങ്ങിൻതോപ്പുകൾ. താഴെ കൊയ്ത്തുകഴിഞ്ഞ് ഉഴുതുലർന്ന ഒരൊടി നിലം. ആൽത്തേരിപ്പാടം. പാടത്തിനപ്പുറത്ത് തെങ്ങിൻതോപ്പുകളായി. പഞ്ചാരമണൽപ്പരപ്പിൽ നാടാകെ നിറഞ്ഞ തെങ്ങിൻതോപ്പുകൾക്കിടയിലൂടെ തോടുകൾ, കുണ്ടനിടവഴികൾ.

* * * * *

ആർത്താറ്റുപാടത്തെ നീർച്ചാലുകൾ കൈത്തോടുകളായി. കൈത്തോടുകൾ അവിടന്നൊന്ന് ഇവിടന്നൊന്ന് ഒത്തുചേരുമ്പോൾ ചെമ്മണ്ണൂർ താഴത്ത് ചൊവ്വല്ലൂത്തോടായി. കാട്ടുപാടത്തെത്തുമ്പോൾ ഇടത്തോട്ട് തിരിഞ്ഞ് തെക്ക് തൈക്കാടെത്തുമ്പോൾ വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് മുപ്പിലിശ്ശേരിപ്പാടത്ത് കൂത്തമ്പലത്തിന് തൊട്ടപ്പുറത്ത് അലതല്ലി തലതല്ലി വലിയതോട്ടിൽ ചേർന്നണഞ്ഞു. ത്രിവേണി എന്ന് ആരും പറഞ്ഞില്ല, മൂന്നോട്. കൂലംകുത്തുന്ന സംഗമത്തിൽ നിരന്തരം ഉരുവപ്പെടുന്ന നീർച്ചുഴിയിൽ കിഴക്കേക്കരയിലെ കണ്ടങ്ങൾക്ക് വരമ്പിടിഞ്ഞു. മൂന്നോടിന്നക്കരെ മണപ്പുറം തെളിഞ്ഞു.

## കൊച്ചരേത്തി

**(നാരായൻ)**

പെലത്തിന്റെ - കൃഷിയുടെ - നടുവിൽ ഒരു മരുതിൻചുവട്ടിലാണു കഞ്ഞിപ്പെര. മരുതിനു മുകളിൽ ഏറുമാടവും.

കൊച്ചുരാമൻ കഞ്ഞിപ്പെരയിൽ കടന്നു. വാരിയിൽ തൂക്കിയിട്ടിരുന്ന മുളംകുറ്റി യെടുത്തു. അതിൽനിന്നും ഉണങ്ങിയ പനമ്പഞ്ഞിയും ഒരുകഷണം ഉരുക്കും. അടുപ്പിലെ കരിക്കട്ടകൾ ഊതി ചാരം കളഞ്ഞു ചേർത്തുവച്ചു അടുത്തുണ്ടായിരുന്ന ഉരുളൻ വെള്ളാരൻകല്ല് പൊടി തുടച്ചു. കൈയിലിട്ടു തിരുമ്മി ചൂടാക്കിയ പനമ്പഞ്ഞി കരിക്കട്ടകൾക്കിടയിലാക്കി. പഞ്ഞിയോടു ചേർത്തുപിടിച്ച വെള്ളാരൻകല്ലിൽ ഉരുക്കു കഷണം ശക്തിയായിട്ടുരച്ചു. പാറിവീണ തീപ്പൊരികൾ പഞ്ഞിയിൽ പടർന്നു, മെല്ലെയൂതി തീപെരുക്കി. അപ്പോഴേക്കും കുഞ്ഞാദിച്ചൻ രണ്ടു മുളങ്കുറ്റികൾ നിറയെ വെള്ളം കൊണ്ടുവന്നു. പഴയ മൺകലത്തിൽ ഒരുപിടി അരി കഴുകിയിട്ട് അടുപ്പത്താക്കി.

ഏറുമാടത്തിന് അല്ലറ ചില്ലറ പണികൾ ബാക്കിയുണ്ട്.

കീറിയുണക്കി ചുരുളായിക്കെട്ടിയ, ചൂരൽവള്ളിയുമായി, കുഞ്ഞാദിച്ചൻ പുറത്തി റങ്ങി. മരത്തിൽ ചേർത്തുകെട്ടിയ കല്ലൻമുളയേന്തി, അതിന്റെ കമ്പുകൾ, വാക്കത്തി മാടുകൊണ്ടു തട്ടിനോക്കി. കുഞ്ഞാദിച്ചൻ മുകളിലോട്ടു കയറി. പുറകെ കൊച്ചുരാമനും.





## അമ്മയെ കാണാത്തവന്റെ കാർമേഘങ്ങൾ

(യു. എ. ഖാദർ)

ജന്മദേശത്തെക്കുറിച്ചുള്ള ചിതറിയ ചിത്രങ്ങളും ആ സങ്കടക്കണികകളും ഒന്നൊന്നായി ഇടവിട്ടിടവിട്ടു കോർത്ത് ഒരു കഥയാക്കുവാനുള്ള എന്റെ ശ്രമങ്ങൾ പരാജയപ്പെടുന്നു. ചോദ്യം മനസ്സിൽ ഊറിക്കൂടുന്നു. ഏതാണ് എന്റെ ദേശം? പെറ്റു വളർന്ന ബർമയിലെ ബില്ലീൻ എന്ന ഗ്രാമമോ? മാപ്പിള എലിമെന്ററി സ്കൂൾ മുതൽ ബോർഡ് ഹൈസ്കൂൾ വരെ പഠിച്ച് 'ഉസ്സാങ്ങാന്റെയകം' എന്ന തറവാട്ടുവീട്ടിൽ ഒറ്റയാനായി കഴിഞ്ഞു വളർന്നു വലുതാവുന്നതിനിടയിൽ, ചവിട്ടിനടന്ന മണൽപ്പാതകളും പള്ളികളും പള്ളിക്കുളങ്ങളും പ്രാകൃതാചാരവിശ്വാസങ്ങളും ജീവിതശീലങ്ങളും സമ്മാനിച്ച കോവിൽക്കണ്ടി ദേശമോ? പെണ്ണും പെടക്കോഴിയും ഞാനെന്ന സ്വത്വത്തിന് മേൽവിലാസവും പെരുമയും കനിഞ്ഞ് സമ്മാനിച്ച എന്റെ വാർധക്യത്തിന് ശയ്യയൊരുക്കിയ തൃക്കോട്ടൂരംശം പാലൂര് ദേശമോ?

എനിക്കറിയുന്നില്ല. ബില്ലീൻ എന്റെ ഹൃദയദേശം. പന്തലായിനിയംശം കോവിൽക്കണ്ടി ദേശവും തൃക്കോട്ടൂരംശം പാലൂര് ദേശവും എന്റെ ജീവിതവിലാസങ്ങളുടെ ദേഹവും ദേഹിയുമായ ഇടങ്ങൾ ഉൾക്കൊള്ളുന്ന ദേശദ്വയം. ഇങ്ങനെ അറുത്തുമുറിച്ചു പറയുവാനും എനിക്കു ശക്തി പോരാ.



## വല്ലി

(ഷീലാ ടോമി)

കശുമാമ്പഴത്തിന്റെ വാസന മറഞ്ഞപ്പോൾ നാടെങ്ങും കാപ്പിപ്പൂവിന്റെ നറുമണം പരക്കുകയായി. കരിയില മൂടിയ കുന്നിൻപുറങ്ങളിൽ ഇരുണ്ട കാപ്പിമണികൾ സുവർണ്ണകാലത്തിന്റെ ചെമ്മുത്തു വിതറി. റബ്ബറും കുരുമുളകും ഇഞ്ചിയും മാറിമാറി കുന്നുകയറുമ്പോഴും കുന്നുകൾക്കിടയിൽ പച്ചമഞ്ഞപ്പാടങ്ങൾ നീണ്ടു പരന്നുകിടന്നു. കൈമനെല്ലിന്റെ വാസനയുള്ള കൊയ്ത്തുകാലങ്ങൾ. ചിരട്ടക്കൂനമാതിരി മുളപൊട്ടുന്ന കപ്പക്കൂടങ്ങൾ. കപ്പവാട്ടുകല്യാണത്തിന് പെട്രോമാക്സ് വെളിച്ചത്തിൽ ഒത്തുകൂടുന്ന അങ്ങേക്കുന്നും ഇങ്ങേക്കുന്നും. അന്നെല്ലാം രാവേറെ നീളുന്ന ഉണ്ടക്കണ്ണൻ കുമാരന്റെ നുണക്കഥകൾക്കായി ദേശം ഉറങ്ങാതിരുന്നു. പുഴുങ്ങിവാട്ടി വെയിലത്തുണക്കി പാകമാക്കിയ മരച്ചീനിച്ചീന്തുകൾ മുളമ്പത്തായങ്ങളിലും ചാക്കുകെട്ടുകളിലും കയറിക്കൂടി വിറകടുപ്പിനു മുകളിലെ ചേരുകളിൽ തിങ്ങിഞെരുങ്ങി ദീർഘസുഷുപ്തിയിലാണ്ടു.

പിന്നീടെന്നോ, എങ്ങനെയോ, കുന്നുകൾ ഭൂമിക്കുള്ളിലേക്ക് താണുതാണു പോകാനും പാടങ്ങൾ മാഞ്ഞുമാഞ്ഞുപോകാനും തുടങ്ങിയപ്പോൾ അക്കരയും ഇക്കരയും തമ്മിൽ തമ്മിൽ കാണാണ്ടായി. തമ്മിൽത്തമ്മിൽ അറിയാണ്ടുമായി. ഇന്നുമുണ്ട് കല്ലുവയൽ. പഴങ്കഥകളുടെ കല്ലുവയൽ.



എഴുത്തുകാർ ദേശത്തെ ആവിഷ്കരിച്ചത് പരിചയപ്പെട്ടല്ലോ. അവയുടെ **സവിശേഷതകൾ എഴുതുക.**

- "നെടുതായി വളർന്നുനിൽക്കുന്ന കരിമ്പനക്കൂട്ടങ്ങൾ വല്ല വനദേവതയുടെയും ഘോഷയാത്രയിൽ പിടിക്കപ്പെട്ട പച്ചക്കുടകൾ പോലെ കാണ്മാനുണ്ടായിരുന്നു."

  മാർത്താണ്ഡവർമ്മ (സി. വി. രാമൻപിള്ള)

- "തെക്കേ അറ്റത്ത് തേട്ടിക്കുന്ന്. വടക്ക് ചെറുകുന്ന്. തേട്ടിക്കുന്നിന്റെയും ചെറുകുന്നിന്റെയും മധ്യത്തിൽ പുല്ലാനിക്കുന്ന്."

  (തട്ടകം)

ദൃശ്യാനുഭവങ്ങൾ സൃഷ്ടിക്കാൻ ഈ വാക്യങ്ങൾക്ക് സാധിക്കുന്നുണ്ടോ? വർണ്ണനകളിലെ **ഔചിത്യം കണ്ടെത്തി വിശദമാക്കുക.**

കൊച്ചരേത്തി എന്ന നോവൽഭാഗത്ത് സ്വന്തം നാടിനെയും ജനതയെയും ആവിഷ്കരിക്കുവാൻ നാരായൻ ഉപയോഗിക്കുന്ന ദേശമുദ്രകൾ എന്തൊക്കെയാണ്? അവയിൽ പ്രതിഫലിക്കുന്ന ജീവിതപശ്ചാത്തലം വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "ഭാരതപ്പുഴ എന്നും എന്നെ പ്രലോഭിപ്പിച്ചിരുന്നു. കടലും കായലും തോടുമുള്ള എന്റെ ഗ്രാമത്തിനില്ലാത്ത എന്തോ പ്രത്യേകത ആ പുഴയുടെ തീരത്തിനുള്ളതായി തോന്നി."

  വാമൊഴികൾ വരമൊഴികൾ (ഒ.എൻ.വി. കുറുപ്പ്)

- "ഏതാണ് എന്റെ ദേശം? പെറ്റുവളർന്ന ബർമയിലെ ബില്ലീൻ എന്ന ഗ്രാമമോ? ഞാനെന്ന സ്വത്വത്തിന് മേൽവിലാസവും പെരുമയും കനിഞ്ഞ് സമ്മാനിച്ച എന്റെ വാർധക്യത്തിന് ശയ്യയൊരുക്കിയ തൃക്കോട്ടൂരംശം പാലൂര് ദേശമോ?"

  (യു. എ. ഖാദർ)

ദേശം വ്യക്തികളിൽ വ്യത്യസ്ത അനുഭവങ്ങളായി മാറുന്നതെങ്ങനെ? സന്ദർഭങ്ങൾ വിശകലനം ചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- "കുന്നുകൾ ഭൂമിക്കുള്ളിലേക്ക് താണുതാണു പോകാനും പാടങ്ങൾ മാഞ്ഞുമാഞ്ഞു പോകാനും തുടങ്ങിയപ്പോൾ അക്കരയും ഇക്കരയും തമ്മിൽ തമ്മിൽ കാണാണ്ടായി. തമ്മിൽത്തമ്മിൽ അറിയാണ്ടുമായി."

  (വല്ലി)

ദേശത്തിനുവന്ന മാറ്റം സൂചിപ്പിച്ചത് ശ്രദ്ധിച്ചല്ലോ. നിങ്ങളുടെ ദേശത്തിനുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്? ആവശ്യമായ വിവരശേഖരണം നടത്തി **നിഗമനങ്ങൾ അവതരിപ്പിക്കുക.**

*നാടിന്റെ വേര്*
*നീരിന്റെ നേര്*

# ആലപ്പുഴവെള്ളം

ആലപ്പുഴ നാട്ടുകാരി
കരിമണ്ണുനിറക്കാരി
കവിതയിൽ എഴുതുമ്പോൾ
'ജലം' എന്നാണെഴുതുന്നു!
കവി, ആറ്റൂർ ചോദിച്ചു,
'വെള്ളം അല്ലേ നല്ലത്?'

ആലപ്പുഴ നാട്ടുകാരി
മെടഞ്ഞോല മുടിക്കാരി
തൊണ്ടുചീഞ്ഞ മണമുള്ള
ഉപ്പുചേർന്ന രുചിയുള്ള
കടുംചായ നിറമുള്ള
കലശ് വെള്ളത്തിന്റെ മകൾ.

ജലം എന്നാലവൾക്കത്
വയനാട്ടിൽ നിളനാട്ടിൽ
മലനാട്ടിൽ തെക്കൻനാട്ടിൽ
വാഴുന്ന തെളിനീര്
വാനിൽനിന്നുമടർന്നത്
നിലംതൊടും മുൻപുള്ളത്
മണമില്ലാത്തത്, മണ്ണി-
ന്നാഴങ്ങൾ തരുന്നത്
നിറമില്ലാത്തത്, ദൂരം,
ഉയരങ്ങൾ, കാണ്മത്
സമതലങ്ങളിൽ വാടി-
ക്കിടന്നുപോകാത്തത്

* * * * * *

ചാകരയ്ക്ക് തുറപോലെ
തുള്ളുന്ന മഴക്കാലം



ചൊരിമണൽ പഴുത്തു തീ
തുപ്പുന്ന മരുക്കാലം
കവിഞ്ഞിട്ടും കുറുകിയും
കഴിച്ചിലാകുന്ന വെള്ളം
പിഞ്ഞാണം, ചരുവങ്ങൾ,
കോരിവയ്ക്കും കുടങ്ങൾ
തേച്ചാലുമുരച്ചാലും
പോകാത്ത ചെതുമ്പലായ്
പറ്റിച്ചേർന്നിരിക്കുന്നു
വെള്ളത്തിന്റെ വേദന

കനാലുകൾ, ബോട്ട് ജെട്ടി,
കല്ലി,രുമ്പു പാലങ്ങൾ,
കുളം, കായൽ, വിരിപ്പായൽ,
കുളവാഴപ്പൂച്ചിരി,
ചകിരിപ്പൊന്നൊളിയുള്ള
ഇരുമ്പിന്റെ ചുവയുള്ള
വിയർപ്പിന്റെ വെക്കയുള്ള
ആലപ്പുഴവെള്ളം
ഇളകിയും മങ്ങിയും
അതിദൂരത്തകലുന്നു
പറവകൾ കാണുന്ന
പടങ്ങളായ് മാറുന്നു

പതിറ്റാണ്ടുകൾ കഴിഞ്ഞു
തെക്കൻ നീരിലൂരുറച്ചു
എന്നിട്ടുമെഴുതുമ്പോൾ
ഓർമ്മയിൽ പരതുമ്പോൾ
ആലപ്പുഴനിറക്കാരി
ആലപ്പുഴമുടിക്കാരി
ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു.
തൊണ്ട ദാഹിക്കുന്നു.

ആലപ്പുഴവെള്ളം
(അനിത തമ്പി)



ആലപ്പുഴദേശത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്? **കണ്ടെത്തി അവതരിപ്പിക്കുക.**

"ഞങ്ങൾക്ക് ജലവും വെള്ളവും ഒന്നല്ലായിരുന്നു. ഇപ്പോഴും അല്ല, അവ ഞങ്ങൾക്ക് രണ്ട് അനുഭവലോകങ്ങളാണ്."

(അനിത തമ്പിയുമായുള്ള അഭിമുഖത്തിൽനിന്ന് )

ഈ പ്രസ്താവനയെ സാധൂകരിക്കുന്ന കവിതാസന്ദർഭങ്ങൾ ഏതെല്ലാം? അവ വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

"തേച്ചാലുമുരച്ചാലും
പോകാത്ത ചെതുമ്പലായ്
പറ്റിച്ചേർന്നിരിക്കുന്നു
വെള്ളത്തിന്റെ വേദന"

'വെള്ളത്തിന്റെ വേദന' എന്ന പ്രയോഗം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം? **ചർച്ചചെയ്യുക.**

"ആലപ്പുഴ നാട്ടുകാരി
മെടഞ്ഞോല മുടിക്കാരി
തൊണ്ടുചീഞ്ഞ മണമുള്ള
ഉപ്പുചേർന്ന രുചിയുള്ള
കടുംചായ നിറമുള്ള
കലശ് വെള്ളത്തിന്റെ മകൾ."

വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ ദേശത്തിനുള്ള സ്വാധീനം വരികളിൽ പ്രതിഫലിക്കുന്നുണ്ടോ? **വിശകലനം ചെയ്ത് അഭിപ്രായം സമർഥിക്കുക.**

"ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു
തൊണ്ട ദാഹിക്കുന്നു."

വരികളിൽ സൂചിപ്പിക്കുന്ന മാനസികാവസ്ഥയിലേക്ക് കവി എത്തിച്ചേർന്നത് എന്തു കൊണ്ടാവാം? കവിതയിലെ മറ്റു സന്ദർഭങ്ങൾകൂടി വിശകലനംചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

ദേശത്തിന്റെ സവിശേഷതകൾ ആവിഷ്കരിക്കുന്ന കവിതകൾ കണ്ടെത്തി **കവിതയരങ്ങ് സംഘടിപ്പിക്കുക.**

*നിറഞ്ഞു കവിഞ്ഞും...*
*ഒഴുക്കുകൾ നനയ്ക്കുന്ന നാട്ടിടങ്ങൾ*

# മുരിങ്ങാമരത്തോപ്പ്

പൂത്തുലഞ്ഞ് നിൽക്കുന്ന പറങ്കിമാവിൻതോപ്പുകൾ. പൂഴിമണൽ നിറഞ്ഞ വഴിയോരങ്ങളിൽ കായ്ച്ചുനിൽക്കുന്ന മുരിങ്ങാമരങ്ങൾ, പച്ചക്കുണുക്കിട്ട് കാറ്റിലാടി ഉലയുന്ന പുന്നമര സുന്ദരികൾ. മണൽപ്പരപ്പിൽ വളർന്നുനിൽക്കുന്ന രാമച്ചക്കാടുകൾ. നാട്ടുമാവുകൾ, പായൽ-ക്കുളങ്ങൾ, കൈത്തോടുകൾ, തോടുകൾക്കിരുപുറവും കരവച്ച പൂക്കൈതകൾ, അറ്റക്കഴകൾ. അതൊരു ദ്വീപായിരുന്നു. മൂന്നു ഭാഗത്തും പുഴ, പടിഞ്ഞാറ് കടൽ.

ഇടിഞ്ഞുപൊളിഞ്ഞ ടിപ്പുസുൽത്താന്റെ പഴയകോട്ട സമുദ്രത്തിന്റെ കൈയേറ്റത്തിൽ തകർന്നിരിക്കുന്നു. തെല്ലുമാറി സേട്ടിന്റെ ബംഗ്ലാവ്. ദേശത്തെ നാടുവാഴിയുടെ കടംവന്ന് ലേലത്തിൽ വച്ച എട്ടുകെട്ട്.

പുഴയിലൂടെ കെട്ടുവള്ളങ്ങളും പായത്തോണികളും തെക്കോട്ടൊഴുകിപ്പോകുന്നത് കാണാമായിരുന്നു. മത്സ്യം വാരിക്കൂട്ടുന്നതിനായി മുങ്ങാങ്കുഴിയിടുന്ന ചീനവലകൾക്കു മുകളിൽ ഉറക്കം നടിച്ചിരിക്കുന്ന പൊന്മകൾ. ധാരാളം വെള്ളക്കൊക്കുകളും പുഴക്കരയിലെ വൃക്ഷങ്ങൾക്കു മുകളിൽ ചേക്കേറിയിരുന്നു.

പിതാവിന്റെ ജന്മദേശത്തെക്കുറിച്ചുള്ള വർണ്ണനകൾ നരേന്ദ്രന്റെ ഉള്ളിൽ പതിഞ്ഞുകിടന്നു. തന്റെ പിതാവിനെക്കുറിച്ചുള്ള ഊഷ്മളസ്മരണകൾ അവനിൽ നിറഞ്ഞുവിതുമ്പി. നീപ്പാളിയായ നരേന്ദ്രന്റെ അമ്മ ഒരു കവയിത്രി-യായിരുന്നു. അവന് അച്ഛനെ നേരിട്ടു കാണാൻ ഭാഗ്യമുണ്ടായിട്ടില്ല.

ഇരുപത്തിമൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു താൻ ജനിച്ചിട്ട്. ഇനിയും അച്ഛനെ നേരിട്ടു കാണാൻ സാധിച്ചിട്ടില്ല. കണ്ടെത്താൻ ശ്രമിക്കുന്നു. അന്വേഷണം തുടരുകയാണ്.

നീപ്പാളിയായ ഗൂർഖാവാച്ച്മാൻ നരേന്ദ്രൻ സ്വന്തം നിലനിൽപ്പിനായി യാത്ര തുടങ്ങിയതാണ്. സ്വന്തം ജന്മദേശത്തുനിന്നും ആരംഭിച്ച ആ യാത്രയിൽ പലേ സ്ഥലങ്ങളും കണ്ടു. നഗരങ്ങളും നാട്ടിൻപുറങ്ങളും. നിരവധി സമ്പന്നന്മാരുടെ ഇരുമ്പുഗെയിറ്റുകൾക്കു മുന്നിൽ പാറാവ് നിന്നു. ഒട്ടേറെ സ്ഥലങ്ങളിൽ ജോലിചെയ്തു.



എവിടെയും ഇതുവരെ ഉറച്ചുനിൽക്കാൻ സാധിച്ചിട്ടില്ല. പലേ കാരണങ്ങളുമുണ്ട്. മനസ്സ് എപ്പോഴും ഏതോ ഒരന്വേഷണത്തിൽ മുഴുകുന്നു. ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രയാണം അവിസ്മരണീയമാണ്. കേരളത്തിൽ എത്തിപ്പെടുക നരേന്ദ്രന്റെ ലക്ഷ്യമായിരുന്നു. കേരളത്തിലെവിടെയോ ഒരു ഭാഗത്ത് കിടക്കുന്ന അച്ഛന്റെ ജന്മനാട്. ഏതോ ഒരു ദ്വീപ്. ആ ദ്വീപിൽ ചെന്ന് തനിക്കു ജന്മം നൽകിയവനെ കണ്ടുപിടിക്കണം. എന്നാലേ സ്വസ്ഥത ലഭിക്കൂ.

ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല, മണപ്പുറത്തെ ഒരു ഗ്രാമത്തിലെ പഞ്ചായത്തിൽ താനൊരു ഗൂർഖാ വാച്ച്മാനായ് നിയോഗിക്കപ്പെടുമെന്ന്. വിധി കാട്ടിത്തന്ന വഴിയാകാം. ഒരുവേള തന്റെ പെറ്റമ്മയുടെ സന്മനസ്സ്. ചേറ്റുവാ മണപ്പുറം. ആ നാമം മാത്രം അവന്റെ മനസ്സിൽ ചെറുപ്പം മുതലേ തറച്ചുനിന്നിരുന്നു. അങ്ങനെ ഒരു സ്ഥലം ഈ ഭൂമുഖത്തുണ്ടോ? ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ എന്റെ അമ്മ അത്രയും വിസ്തരിച്ച് ചെകിട്ടിലോതിത്തരുമായിരുന്നില്ലല്ലോ. അമ്മ ബോധ്യപ്പെടുത്തുകയായിരുന്നു, പറയുന്ന കാര്യം പൂർണ്ണമായും വിശ്വസിപ്പിക്കാൻ.

തന്റെ പിതാവിന്റെ ജന്മനാടിന്റെ സവിശേഷതകൾ. ആ നാട്ടിൻപുറത്തിന്റെ വിശുദ്ധി. ആ മണ്ണിൽ കാണുന്ന എന്തിനും അതിന്റേതായൊരു പ്രത്യേകതയുണ്ടുപോലും. അമ്മ ജീവിതത്തി ലൊരിക്കലും കാണാത്ത ഒരു നാടിനെപ്പറ്റി ഇത്രയും വിസ്തരിച്ചു പറയുന്നതെന്തിന്. നരേന്ദ്രന് ഒന്നിലും വിശ്വാസം തോന്നിയിരുന്നില്ല. അമ്മ എന്തോ കെട്ടുകഥ മെനഞ്ഞുണ്ടാക്കുന്നു. എന്നാൽ അവന് ഒരുകാര്യത്തിൽ അമ്മയോട് അതൃപ്തിയില്ലായിരുന്നു. ഏതോ ഒരു മനുഷ്യൻ എവിടെയോ അവന്റെ അച്ഛനായി ജീവിച്ചിരിപ്പുണ്ട്. ഏകതെളിവ് അച്ഛനും അമ്മയുംകൂടി ഏതോ ഒരു പൂന്തോട്ടത്തിൽവച്ചെടുത്ത ഫോട്ടോ. ആ ഫോട്ടോ മാത്രമാണ് തനിക്കൊരച്ഛനുണ്ടെന്ന സത്യം വെളിപ്പെടുത്തിയത്. ആ മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ എന്ന കാര്യംതന്നെ സംശയമാണ്. ഒരുവേള ഉണ്ടായിരിക്കാം. ചിലപ്പോൾ മണ്ണടിഞ്ഞിട്ടുണ്ടാകാം. രണ്ടായാലും ഫലം ഒന്നുതന്നെ!

നീപ്പാളിലെ സോട്ടിയാ ജില്ലക്കാരിയായ അമ്മ. പട്ടാളക്കാരനായ പഴനിക്കാട് ശിവശങ്കരൻ നായർ കണ്ടുമുട്ടിയത് തികച്ചും യാദൃച്ഛികമായിരുന്നുവോ? സുബേദാർ കെ.പി.എസ്. നായരെന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന പട്ടാളക്കാരനും നീപ്പാളിലെ ഒരു കുഗ്രാമത്തിൽ ജീവിച്ചിരുന്ന കമ്പിളിയുടുപ്പുകൾ തുന്നി ഉപജീവനം കഴിച്ചിരുന്ന നീപ്പാളി യുവതി ഉഷാകുമാരിയും തമ്മിലെവിടെവച്ചാണ് കണ്ടുമുട്ടിയത്? നീപ്പാളിലെ ഖാട്മാണ്ഡുവിലുള്ള പട്ടാളബാരക്കിൽ വച്ചാണോ? അതോ, ഏതെങ്കിലും ഉദ്യാനത്തിലോ മലഞ്ചരിവിലോ. ഗ്രാമവീഥിയിലോ?

അഞ്ചുവയസ്സു മുതൽക്കേ അച്ഛനെപ്പറ്റി കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. താൻ ജനിച്ചതു മുതൽക്കേ അമ്മ ദുഃഖിതയാണെന്നറിയാൻ കഴിഞ്ഞു. ഏതോ ഒരു സുഖവാസകേന്ദ്രത്തിൽ വച്ചെടുത്ത ആ പഴയ ഫോട്ടോ നരേന്ദ്രൻ ഇടയ്ക്കിടെ എടുത്തുനോക്കാറുണ്ട്. അമ്മ ആഹ്ലാദവതിയായിരുന്നുവെന്ന് ആ ഫോട്ടോവിൽനിന്നൂഹിക്കാൻ കഴിഞ്ഞിരുന്നു. അച്ഛൻ ഗൗരവക്കാരനും. എന്നാലച്ഛന് പട്ടാളക്കാരന്റെ പതിവുമീശ ഉണ്ടായിരുന്നില്ല. ക്ലീൻ ഷേവ് ചെയ്ത മുഖത്ത് പൗരുഷം മുറ്റിനിന്നിരുന്നു. പൂച്ചക്കണ്ണുകൾ. പുരികക്കൊടി അന്യോന്യം കൂട്ടിമുട്ടിയിരുന്നു. മൂക്ക് ഉരുണ്ട് കട്ടികൂടിയിരുന്നു. കട്ടമൂക്കനും നീലക്കണ്ണുള്ളവനുമായിരുന്ന

ഒരാജാനുബാഹു. അമ്മ ഉയരം കുറഞ്ഞവളായിരുന്നു. അച്ഛനും അമ്മയുംകൂടി ഒരുമിച്ചെടുത്തിട്ടുള്ള ഫോട്ടോ നരേന്ദ്രൻ ഒരു നിധിപോലെ സൂക്ഷിച്ചു. പോകുന്നിടത്തൊക്കെ കൊണ്ടുനടന്നു. തനിക്കമ്മവഴി ലഭിച്ച തകരപ്പെട്ടിയിലതൊരു നിക്ഷേപമായി കിടന്നു.

കാലമേറെ ചെന്നിട്ടും മനസ്സിൽനിന്ന് മാഞ്ഞുപോകാൻ കൂട്ടാക്കാത്ത കഥാപാത്രങ്ങൾ. അച്ഛനും അമ്മയും തന്റെകൂടെ എപ്പോഴുമുണ്ടായിരിക്കുമെന്നവൻ വിശ്വസിച്ചു. അച്ഛനോട് തെല്ല് വെറുപ്പും അമ്മയോട് അളവറ്റ വാത്സല്യവുമായിരുന്നു.

എവിടെ തൊഴിൽ തേടി അലയുമ്പോഴും നരേന്ദ്രൻ അവന്റെ അമ്മയുടെ രൂപം മനസ്സിൽ ധ്യാനിക്കുമായിരുന്നു. അവൻ തന്റെ ദീർഘയാത്രയ്ക്കിടയിലും അമ്മയെപ്പറ്റി ഓർക്കാറുണ്ട്. സാധുവായ തന്റെ അമ്മയെ പറഞ്ഞുപറ്റിച്ച് ഒരക്ഷരം ഉരിയാടാതെ ഒളിച്ചോടിപ്പോയ മുഠാളനായ ആ പട്ടാളക്കാരനെ എന്നെങ്കിലുമൊരിക്കൽ എവിടെയെങ്കിലുംവച്ച് കാണാതിരിക്കയില്ല എന്ന വിശ്വാസം നരേന്ദ്രനിൽ വളർന്നുകൊണ്ടിരുന്നു. അമ്മ ഗർഭിണിയാണെന്നറിഞ്ഞതോടെ ട്രാൻസ്ഫർ വാങ്ങി എവിടേക്കോ സ്ഥലംമാറിപ്പോയ ഭീരു. സുബേദാർ കെ.പി.എസ്. നായർ. താനറിയാതെ പല്ലിറുമ്മിപ്പോകാറുണ്ട്.

കെ.പി.എസ്. നായരെ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും ലക്ഷ്യത്തിൽനിന്നു പിന്മാറാൻ നരേന്ദ്രൻ ഒരുക്കമായിരുന്നില്ല. തനിക്ക് പിതൃത്വം നൽകിയ ആ മനുഷ്യൻ ഒരു വലിയ ആൾമാറാട്ടക്കാരനാണെന്ന് കരുതേണ്ടിയിരിക്കുന്നു. യഥാർഥ മേൽവിലാസം കിട്ടിയാൽ കണ്ടുപിടിക്കാനെളുപ്പമാണ്.

തനിക്കിപ്പോൾ സ്വന്തം കാലിൽ നിവർന്നുനിൽക്കാനുള്ള കഴിവുണ്ട്. ഗൂർഖാവാച്ച്മാനാണെങ്കിലും കഷ്ടിച്ച് ജീവിക്കാനുള്ള വക കിട്ടുന്നുണ്ട്. ആ മനുഷ്യനെ എന്നെങ്കിലും കണ്ടുമുട്ടുകയാണെങ്കിൽ തന്റെ അമ്മ അനുഭവിച്ച യാതനകളെപ്പറ്റി ഓർമ്മപ്പെടുത്തണം.

എഴുത്തും വായനയും കഷ്ടിച്ച് മനസ്സിലാക്കിയതോടെ ജനിച്ച ഗ്രാമത്തിൽനിന്നും ഇറങ്ങിപ്പുറപ്പെട്ടതാണ്. വിശാലമായ ഈ ലോകത്തിന്റെ ഏത് മൂലയിൽനിന്നാണ് തനിക്കഭയം ലഭിക്കുക?

തന്റെ സർവസ്വവുമായിരുന്ന അമ്മയെ മറവുചെയ്ത ഗ്രാമത്തിൽനിന്ന് ഇറങ്ങിത്തിരിച്ചപ്പോൾ നരേന്ദ്രന്റെ കണ്ണ് നിറഞ്ഞൊഴുകി. ചളിമണ്ണുകൊണ്ട് നിർമ്മിച്ച ശവക്കൂനയിൽ അമ്മയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നാൽപ്പാമരത്തിന്റെയും പാരിജാതത്തിന്റെയും ഇലകൾ കൂട്ടിക്കെട്ടിയുള്ള കമ്പുകൾ ഒടിച്ചുകുത്തിയപ്പോൾ തനിക്കവസാനമായി ചെയ്യാനുള്ള കർമ്മങ്ങൾ അനുഷ്ഠിച്ചുവെന്ന കൃതാർഥതയനുഭവപ്പെട്ടു. വരുംകാലങ്ങളിൽ എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നവനറിഞ്ഞുകൂടായിരുന്നു.

തന്റെ പ്രിയങ്കരനായ കാമുകൻ തന്നെയും ജനിക്കാൻപോകുന്ന കുഞ്ഞിനെയും പൊന്നുപോലെ നോക്കി സംരക്ഷിക്കുമെന്ന വിശ്വാസക്കാരിയായിരുന്നു അമ്മ. ശുദ്ധഗതിക്കാരി. കഷ്ടിച്ച് ഏതാനും മാസങ്ങൾ മാത്രം നീണ്ടുനിന്ന ആത്മബന്ധത്തിന്റെ നിറപ്പകിട്ടാർന്ന ദിനങ്ങളുടെ മാധുര്യവും സ്മരണയും അമ്മയുടെ കവിളിൽ കണ്ണീരായൊട്ടിനിന്നു.

എന്തുകൊണ്ടാണച്ഛൻ അമ്മയെ ഉപേക്ഷിച്ചുപോയതെന്ന നരേന്ദ്രന്റെ ചോദ്യത്തിന് അമ്മയ്ക്ക് വ്യക്തമായ ഉത്തരമില്ലായിരുന്നു. അവർ പലപ്പോഴും മൗനിയും നിർവികാരിയുമായി.

അച്ഛൻ തന്നെ എന്നെന്നേക്കുമായി ഉപേക്ഷിച്ചിട്ടില്ലെന്നും ഏതോ ഒരജ്ഞാതശാപത്താൽ മറക്കാനിടയായതാണെന്നും ധരിപ്പിക്കാൻ ചിലപ്പോൾ ശ്രമിച്ചിരുന്നു.

അച്ഛന്റെ വരവു പ്രതീക്ഷിച്ച് നരേന്ദ്രൻ അനേകനാളുകൾ തള്ളിനീക്കി. ഒടുവിലവന് അമ്മയുടെ വാക്കുകളിൽ വിശ്വാസമില്ലാതായി.

ട്രക്കുകളിലും ജീപ്പുകളിലും കുത്തിനിറച്ച പട്ടാളക്കാരെ കയറ്റിയ വണ്ടികൾ നിരത്തിലൂടെ പാഞ്ഞുപോകുമ്പോൾ നരേന്ദ്രൻ നോക്കിനിൽക്കുമായിരുന്നു. ആ കൂട്ടത്തിൽ തന്റെ അച്ഛനും ഉണ്ടായിരിക്കാമെന്നവൻ കരുതിയിട്ടുണ്ടാവാം. ഒരുനാൾ തന്നെയും അമ്മയെയും ജന്മനാട്ടിലേക്ക് കൊണ്ടുപൊയ്ക്കൂടായ്കയില്ല. അവൻ ആശ്വാസംകൊണ്ടു.

അച്ഛന്റെ രൂപം ഇപ്പോൾ മാറിയിട്ടുണ്ടാകുമോ? തന്റെ അച്ഛന്റെ നിറം വെളുപ്പുകലർന്ന ചുകപ്പാണെന്ന് അമ്മ പറയാറുണ്ടായിരുന്നു. കറുകറുത്ത ചുരുണ്ട മുടി. തിളങ്ങുന്ന പൂച്ചക്കണ്ണുകൾ.

കടുകിന്റെ ചെടിയുടെ മഞ്ഞപ്പൂക്കളും കുടകപ്പാലയുടെ വെളുത്ത പൂങ്കുലകളും മലങ്കാറ്റിന് സുഗന്ധമേകി. നീപ്പാളിലെ വിശുദ്ധനദിയായ ഖണ്ഡകയിലെ സ്ഫടികക്കല്ലുകൾ പലതും ഋതുഭേദങ്ങൾക്കൊത്ത് സാളഗ്രാമങ്ങളായി രൂപാന്തരപ്പെട്ടു. കൃഷ്ണശിലകൾ നദീപ്രവാഹത്തിൽ അലിഞ്ഞ് ധാതുക്കളായി മാറി. കാലം കൊഴിച്ചിട്ട ഇലകൾ മണ്ണിനെ ഉർവരയാക്കി.

ഭൂർജപത്രങ്ങൾ പെറുക്കിയെടുത്ത് കെട്ടുകളാക്കി തലച്ചുമടേറ്റി ബദരിയിലും കേദാർനാഥിലും സന്ദർശനം നടത്തുന്ന തീർഥാടകർക്ക് വിറ്റ് കാശാക്കി രോഗിണിയും ദുഃഖിതയുമായ പെറ്റമ്മയെ പോറ്റാൻവേണ്ടി പാടുപെട്ട നാളുകൾ. മഞ്ഞും മഴയും വെയിലും വകവയ്ക്കാതെയുള്ള മലഞ്ചരിവിലൂടെയുള്ള ഏകാന്തയാത്ര. നരേന്ദ്രന്റെ കണ്ണുകൾ ഈറനായി.

തന്റെ പിതാവെന്നു പറയുന്ന മനുഷ്യൻ ഒട്ടുംതന്നെ മനസ്സാക്ഷിയില്ലാത്തവനായിരുന്നു എന്ന തിരിച്ചറിവ് കാലം ചെല്ലുന്തോറും നരേന്ദ്രനിൽ വൈരാഗ്യവും വെറുപ്പും സൃഷ്ടിച്ചു.

കണ്ടെത്തുന്നതുവരെ അന്വേഷിച്ചുകൊണ്ടേയിരിക്കും. തീരുമാനത്തിലുറച്ചുനിന്നു.

ഒരിക്കലവൻ ബുദ്ധഗയ സന്ദർശിച്ചു. തഥാഗതന്റെ സന്നിധാനത്തിൽ, ധ്യാനനിമഗ്നനായിരുന്നു. സുത്തങ്ങൾ സങ്കീർത്തനങ്ങളായി ആലപിക്കുന്ന ഭജനകളിൽ പങ്കെടുത്തു. ബുദ്ധവിഹാരം സന്ദർശിക്കുന്നവർക്ക് പുരോഹിതൻ ചിട്ടപ്പടി വച്ചുപോരുന്ന നാൾവഴിപ്പുസ്തകത്തിന്റെ ഏടുകളിൽനിന്ന് പരതിയെടുത്തു കൊടുക്കുന്ന ബോധിവൃക്ഷത്തിന്റെ ഉണങ്ങിയ ഇലകളിലൊന്ന് നരേന്ദ്രനും ലഭിച്ചു. ലാമയിൽനിന്നും ഭക്ത്യാദരപുരസ്സരം അവനത്  ഏറ്റുവാങ്ങി കണ്ണിൽ സ്പർശിച്ചു പ്രധാനപുരോഹിതൻ നാവൂറ് പാടി. ഫലം പറഞ്ഞു.

അന്വേഷിച്ചുകൊണ്ടിരിക്കുന്നത് കണ്ടെത്താതിരിക്കയില്ല. അന്വേഷിച്ചുകൊണ്ടേയിരിക്കുക. അന്വേഷണത്തിലാണ് ശ്രദ്ധിക്കേണ്ടത്. ശ്രമം ഉപേക്ഷിക്കരുത്. നരേന്ദ്രന് ബുദ്ധസന്യാസിയുടെ വാക്കുകൾ ദൈവത്തിന്റെ വചനമാണെന്ന് തോന്നിപ്പോയി.

കുറിയ കണ്ണുകൾ മിഴിച്ച് മുണ്ഡിതശിരസ്കനായ സന്യാസിയുടെ മുഖത്തേക്ക് ഉറ്റുനോക്കി.

ബുദ്ധസന്യാസിയുടെ ചുണ്ടുകൾ ആമന്ത്രിച്ചു. വിശദീകരണമെന്നപോലെ. അന്വേഷിച്ചാലേ കണ്ടെത്തൂ. കണ്ടെത്തുന്ന നിമിഷം ആനന്ദാനുഭൂതി കൈവരുന്നു. അതാണ് മോക്ഷം.

മുഴുവനും മനസ്സിലായില്ല. എങ്കിലും ചില വാക്കുകളിൽ സത്യത്തിന്റെ സ്ഫുരണങ്ങളുണ്ടെന്ന് തോന്നിപ്പിച്ചു.



സത്യങ്ങൾ ഭാഗികങ്ങളാണ് മകനേ. പൂർണ്ണമായിട്ടൊന്നുമില്ല. പൂർണ്ണത കൈവരിക്കുന്നതാണ് സത്യം. ബോധിസത്വൻ സത്യം കണ്ടെത്തിയവനാണ്. അന്വേഷിച്ചുപോയപ്പോഴാണ് സത്യം കണ്ടെത്തിയത്. കുട്ടീ, നിനക്കും സത്യം കണ്ടെത്താനാകും. തഥാഗതൻ എന്തെങ്കിലും മാർഗനിർദേശം തരാതിരിക്കില്ല.

നരേന്ദ്രന്റെ പൊള്ളുന്ന മനസ്സിന്റെ ഉള്ളറയിൽ തെല്ലുനേരം സാന്ത്വത്തിന്റെ കുളിർകാറ്റ് വീശിയോ?

മിനിഗൾഫായ മണപ്പുറത്തെ പുതുതായി രൂപംകൊണ്ട ഒരു കൊച്ചു ഗ്രാമത്തിൽ നരേന്ദ്രൻ എത്തിപ്പെട്ടത് തികച്ചും യാദൃച്ഛികമായിട്ടായിരുന്നു. ഒരു ഗൂർഖാ വാച്ച്മാന്റെ ആവശ്യം കാണിച്ചുകൊണ്ടുള്ള അറിയിപ്പിനെ തുടർന്നാണ് ജോലിക്ക് അപേക്ഷിച്ചത്. നാട്ടിൽ രാത്രിസമയങ്ങളിൽ കളവുകൾ നടക്കുന്നു. സാമൂഹ്യദ്രോഹികൾ പച്ചപ്പകൽപോലും സ്ത്രീകളെ അപമാനിക്കുവാൻ മുതിരുന്നു. അതുകൊണ്ട് ഗ്രാമത്തിന്റെ സുരക്ഷിതത്വത്തിനായി വന്ന പുതിയ കാവലാളാണ് നരേന്ദ്രൻ. പല വീടുകളിലും നരേന്ദ്രൻ കയറിയിറങ്ങി. രാത്രി ഡ്യൂട്ടി.

തെരുവുകളിൽ വലിയ ടോർച്ചുലൈറ്റുമായി റോന്തുചുറ്റി. അവനെ ആ ഗ്രാമവാസികൾ എന്തുകൊണ്ടോ കൂടുതൽ ഇഷ്ടപ്പെട്ടു.

വിനയത്തോടെയുള്ള പെരുമാറ്റം. ആത്മാർഥതയോടെ ചെയ്യുന്ന പ്രവൃത്തി. മിടുക്കൻ. സത്യസന്ധൻ. ഗ്രാമീണർ അവനെ പുകഴ്ത്താൻ മറന്നില്ല.

നരേന്ദ്രൻ പഞ്ചായത്തിലെ വാർഡ് നമ്പർ ഒമ്പതിലെ 255-ാം വീട് നമ്പർ പ്രത്യേകം ശ്രദ്ധിക്കാനിടയായി. അവിടത്തെ ഗൃഹനാഥനുമായെന്തോ പൂർവബന്ധമുള്ളതുപോലെ. ആരും തരാത്ത മാസവരി കിട്ടുന്ന ഒരേയൊരു വീട്.

വീട്ടുചുമരിൽ ഘടിപ്പിച്ച കോളിങ് ബെല്ലിൽ ബലമായി വിരലമർത്തി. പതിവില്ലാത്ത മുഴക്കത്തിൽ തുടർച്ചയായി ബെല്ലടി കേട്ടപ്പോൾ വീട്ടമ്മ വാതിൽ തുറന്നു. ഗൂർഖാവാച്ച്മാൻ നരേന്ദ്രനാണ്. മാസവരിക്കുവേണ്ടി നേരത്തേ വന്നതാവും. ജന്മനാട്ടിൽ പോകുവാനുദ്ദേശിക്കുന്നുണ്ടാവണം. പുറത്തേക്കു വന്നത് ഗൃഹനാഥനായിരുന്നു.

നരേന്ദ്രൻ ആ മനുഷ്യനെ നാളിതുവരെ കാണാത്തമട്ടിൽ തുറിച്ചുനോക്കി. ആളെ പിടികിട്ടി. എന്തു പറയണമെന്നറിയാതെ തരിച്ചു. തെല്ലിട കിതച്ചു.

വയസ്സനായ ആ റിട്ടയേർഡ് സുബേദാർ സാഹിബിനെ ഭവ്യമായി സലാം ചെയ്തുകൊണ്ടവൻ പടിയിറങ്ങി. വിയർപ്പിൽ കുളിച്ച നരേന്ദ്രൻ നീണ്ടുകിടക്കുന്ന മണൽപ്പാതയിൽ ചെന്നുകയറി. വീണ്ടും വലിഞ്ഞുനടന്നു. ബസ്സ്റ്റോപ്പിലേക്ക് എത്തിച്ചേരാൻ. സമയം വൈകിയിരിക്കുന്നു. ഇരുൾമൂടിയ സന്ധ്യ മുരിങ്ങാമരത്തോപ്പുകളെയും പുന്നമരക്കൂട്ടങ്ങളെയും തന്നിൽനിന്ന് അകറ്റുകയാണെന്ന ബോധം അവനെ അസ്വസ്ഥനാക്കി.

അനുഭവങ്ങളുടെ നേർരേഖകൾ

(ഉണ്ണിക്കൃഷ്ണൻ പുതൂർ)

"ഒട്ടേറെ സ്ഥലങ്ങളിൽ ജോലി ചെയ്തു. എവിടെയും ഇതുവരെ ഉറച്ചുനിൽക്കാൻ സാധിച്ചിട്ടില്ല."

നരേന്ദ്രന്റെ മനസ്സിൽ സംഘർഷമുണ്ടാവാനുള്ള കാരണങ്ങൾ എന്തെല്ലാം? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- "പച്ചക്കുണുക്കിട്ട് കാറ്റിലാടി ഉലയുന്ന പുന്നമരസുന്ദരികൾ. മണൽപ്പരപ്പിൽ വളർന്നുനിൽക്കുന്ന രാമച്ചക്കാടുകൾ. നാട്ടുമാവുകൾ, പായൽക്കുളങ്ങൾ, കൈത്തോടുകൾ, തോടുകൾക്കിരുപുറവും കരവെച്ച പൂക്കൈതകൾ, അറ്റക്കഴകൾ."
- "ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രയാണം അവിസ്മരണീയമാണ്. കേരളത്തിൽ എത്തിപ്പെടുക നരേന്ദ്രന്റെ ലക്ഷ്യമായിരുന്നു. കേരളത്തിലെവിടെയോ ഒരു ഭാഗത്ത് കിടക്കുന്ന അച്ഛന്റെ ജന്മനാട്."

അച്ഛന്റെ ജന്മദേശത്തെക്കുറിച്ചുള്ള ഓർമ്മകൾ നരേന്ദ്രനിൽ സൃഷ്ടിക്കുന്ന വൈകാരികാനുഭവങ്ങൾ എന്തെല്ലാം? മറ്റു സന്ദർഭങ്ങൾകൂടി വിശകലനം ചെയ്ത് **കണ്ടെത്തലുകൾ അവതരിപ്പിക്കുക.**

- "നരേന്ദ്രന്റെ പൊള്ളുന്ന മനസ്സിന്റെ ഉള്ളറയിൽ തെല്ലുനേരം സാന്ത്വത്തിന്റെ കുളിർകാറ്റ് വീശിയോ?"
- "ഇരുൾമൂടിയ സന്ധ്യ മുരിങ്ങാമരത്തോപ്പുകളെയും പുന്നമരക്കൂട്ടങ്ങളെയും തന്നിൽ നിന്ന് അകറ്റുകയാണെന്ന ബോധം അവനെ അസ്വസ്ഥനാക്കി."

ഇത്തരം വാക്യങ്ങൾ കഥാസന്ദർഭത്തെ ഭാവസാന്ദ്രമാക്കുന്നതെങ്ങനെ? **വിശകലനം ചെയ്യുക.**

- ചീനവലകൾക്കു മുകളിൽ പൊന്മകൾ ഉറങ്ങുന്നു.
  ചീനവലകൾക്കു മുകളിൽ ഉറക്കം നടിച്ചിരിക്കുന്ന പൊന്മകൾ.
- പിതാവിന്റെ ജന്മദേശത്തെ വർണ്ണിക്കുന്നു.
  പിതാവിന്റെ ജന്മദേശത്തെക്കുറിച്ചുള്ള വർണ്ണന.

അടിവരയിട്ട പദജോഡികൾ തമ്മിലുള്ള ബന്ധം വ്യക്തമാക്കുക. കൂടുതൽ ഉദാഹരണങ്ങൾ **കണ്ടെത്തി പട്ടികപ്പെടുത്തുക.**

തന്റെ പിതാവിനെ കണ്ടുമുട്ടിയതിനുശേഷം നരേന്ദ്രന്റെ മനസ്സിലേക്ക് കടന്നുവരുന്ന ചിന്തകൾ എന്തൊക്കെയാവാം? അവ **സങ്കല്പിച്ച് എഴുതുക.**

പ്രമേയം, ആഖ്യാനരീതി, ഭാഷ തുടങ്ങിയവ പരിഗണിച്ച് കഥയ്ക്ക് **ആസ്വാദനം തയ്യാറാക്കുക.**

നിങ്ങളുടെ ദേശത്തിന്റെ പ്രകൃതിഭംഗിയും സാംസ്കാരികത്തനിമയും മറ്റു സവിശേഷതകളും ഉൾപ്പെടുത്തി **സർഗാത്മകരചനകൾ, റീലുകൾ, ലഘുഡോക്യുമെന്ററികൾ എന്നിവ തയ്യാറാക്കുക.**

ദേശം എഴുത്തുകാരെയും സാഹിത്യകൃതികളെയും സ്വാധീനിച്ചതിലെ വൈവിധ്യം പരിചയപ്പെട്ടല്ലോ. യൂണിറ്റിലെ രചനകളും നിങ്ങളുടെ വായനാനുഭവങ്ങളും അടിസ്ഥാനമാക്കി 'ദേശവും എഴുത്തും' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

5

# ഉലകിന്നുയിരാം ഉണർവുകൾ



"കോടിസൂര്യനുദിച്ചാലു-
മൊഴിയാത്തൊരു കൂരിരുൾ
തുരന്നു സത്യം കാണിക്കും
സയൻസിന്നു തൊഴുന്നു ഞാൻ.

വെളിച്ചം മിന്നൽ ചൂടൊച്ച-
യിവയ്ക്കുള്ളിൽ മറഞ്ഞിടും
അദ്ഭുതങ്ങൾ വെളിക്കാക്കും
സയൻസിന്നു തൊഴുന്നു ഞാൻ."

സയൻസ് ദശകം
(സഹോദരൻ അയ്യപ്പൻ)

**സത്യം കാണിക്കുകയും അദ്ഭുതങ്ങൾ വെളിവാക്കുകയും ചെയ്യുന്ന ശാസ്ത്രത്തിന് നമ്മുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനമുണ്ട്? സമകാലികാവസ്ഥകളുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.**



*നേരറിവിന്റെ*
*ഭ്രമണപഥങ്ങളിലൂടെ*
*മനുഷ്യന്റെ മുന്നേറ്റം.*

# പ്രയാണം

ആണ്ടുകളലിയുന്നൂ
        നിമിഷങ്ങളിൽ, കാലം
നീണ്ട കാലുകൾ നീട്ടി-
        നീട്ടിവച്ചകലുന്നൂ!

തൻ കടിഞ്ഞാണും കൊണ്ടു
        കാലത്തെ നിയന്ത്രിക്കാൻ
ചങ്കിലെപ്പത തുപ്പി-
        ക്കുതികൊള്ളുന്നൂ ശാസ്ത്രം!

ഇന്നലെസ്സങ്കല്പത്തിൻ
        മന്ദാരമലർക്കാവിൽ
നിന്നു കൂമ്പിയ കിനാ-
        വിന്നത്തെക്കനിയായി!

വാടിവീണേക്കാം നാളെ-
        ത്തയ്യുകൾ - പക്ഷേ, പുത്തൻ-
വാടികളനുക്ഷണം
        വിരിഞ്ഞേ മതിയാവൂ!

പരിവർത്തനത്തിന്റെ
        ഞാണൊലി മാത്രം കേൾക്കാ-
മരികത്തെല്ലായ്പ്പോഴും
        നിമിഷങ്ങളിലൂടെ!

ചുറ്റിലും പരമാണു-
        മണ്ഡലസഹസ്രങ്ങൾ
പെറ്റുപെറ്റടിയുമീ-
        യന്തരീക്ഷത്തിൽക്കൂടി



പൊയ്പ്പോയ പരകോടി-
പ്പുരുഷാന്തരങ്ങൾ തൻ
കൽപ്പടവുകൾ കേറി-
ക്കേറിയെത്തിയ ഞങ്ങൾ,

പേനയും പടവാളും
ശാസ്ത്രവും പ്രേമത്തിന്റെ
ഗാനശൈലിയുമായി-
സ്സഞ്ചരിക്കുന്നൂ നിത്യം!



ഞങ്ങളിൽ ജീവിക്കുന്നൂ
ഞങ്ങൾതൻ മുത്തച്ഛന്മാർ
ഞങ്ങളിൽ തുടങ്ങുന്നൂ
നാളെയും മറ്റന്നാളും

കരളിൻ നാളം കത്തി
നീറിയ മെഴുകിന്റെ
തിരികൾ നൂറായിരം
ഉരുകിത്തീർന്നൂ നീളേ

നാൽക്കവലകൾ തോറും
ഞങ്ങളീ വരുംവഴി
നാട്ടിയ ദീപസ്തംഭ-
ശ്രേണികൾ കണ്ടോ പിന്നിൽ?

മരിച്ചിട്ടില്ലാ ഞങ്ങ-
ളിന്നോള, മൊരുനാളും
മരിക്കി;ല്ലൊടുങ്ങാത്ത
സൃഷ്ടിശക്തികൾ ഞങ്ങൾ!

ആദിതൊട്ടിന്നോളവു-
മായിരം പരിണാമ-
രീതികൾ കടന്നെത്തും
ജീവന്റെ വികാസങ്ങൾ

ചങ്ങലത്തുടർപോലെ
കൊളുത്തിക്കൂട്ടിപ്പോന്ന
ചങ്കിലെ ഞരമ്പുകൾ
വിടർത്തും സംസ്കാരങ്ങൾ

ഞങ്ങളിൽ രൂപംകൊൾവൂ,
നിമിഷംതോറും കാലം
ഞങ്ങൾതൻ ഭാവപ്രാണ-
സ്പന്ദന സമാഹാരം!

മുളങ്കാട്
(വയലാർ രാമവർമ്മ)

കാവ്യഭാഗത്തിന് ഉചിതമായ **ഈണവും താളവും നൽകി അവതരിപ്പിക്കുക.**

ശാസ്ത്രത്തെ സംബന്ധിക്കുന്ന എന്തെല്ലാം ആശയങ്ങളാണ് കാവ്യഭാഗത്ത് ആവിഷ്കരിച്ചിട്ടുള്ളത് ? **വിശദീകരിക്കുക.**

"തൻ കടിഞ്ഞാണും കൊണ്ടു
കാലത്തെ നിയന്ത്രിക്കാൻ
ചങ്കിലെപ്പത തുപ്പി-
ക്കുതികൊള്ളുന്നു ശാസ്ത്രം!"

ഇന്നു കാണുന്ന ലോകത്തെ നിർമ്മിക്കാൻ ശാസ്ത്രം നൽകിയ സേവനത്തിന്റെ പ്രാധാന്യമല്ലേ വരികളിൽ ഉള്ളത്? **ചർച്ചചെയ്യുക.**

'പരിവർത്തനത്തിന്റെ ഞാണൊലി', 'പുരുഷാന്തരങ്ങൾതൻ കൽപ്പടവുകൾ' എന്നീ പ്രയോഗങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുക. ഇത്തരം പ്രയോഗങ്ങൾ കവിതയിൽനിന്ന് **കണ്ടെത്തി വിശദമാക്കുക.**

- "മരിച്ചിട്ടില്ലാ ഞങ്ങ-
  ളിന്നോള, മൊരുനാളും
  മരിക്കി; ല്ലൊടുങ്ങാത്ത
  സൃഷ്ടിശക്തികൾ ഞങ്ങൾ!"

- ശാസ്ത്രാവബോധവും ശാസ്ത്രസമീപനവും ജീവിതരീതി, ചിന്താപ്രക്രിയ, പ്രവർത്തന പദ്ധതി, നമ്മുടെ സാഹോദര്യബന്ധം എന്നിവയുമായി ബന്ധപ്പെട്ടതാകണം.
  (ജവഹർലാൽ നെഹ്റു)

വരികളും നെഹ്റുവിന്റെ അഭിപ്രായവും വിശകലനം ചെയ്ത് 'ശാസ്ത്രവും ജീവിതപുരോഗതിയും' എന്ന വിഷയത്തിൽ **സെമിനാർ സംഘടിപ്പിക്കുക.**

"നന്ദി ചൊല്ലുന്നൂ ശാസ്ത്രസുഹൃത്തേ, ഭവാൻ തുന്നി-
ത്തന്ന തീച്ചിറകുകളനന്തവിശാലങ്ങൾ!
ബ്രഹ്മാണ്ഡപ്പൂമേട തന്നാദ്യത്തെ നിലയിലെ
നമ്മുറി- തുറക്കാത്ത മുറി- ഞാൻ തുറക്കട്ടെ"

ചന്ദ്രദർശനം
(പി. കുഞ്ഞിരാമൻ നായർ)

ഇപ്രകാരം ശാസ്ത്രത്തെയും ശാസ്ത്രാവബോധത്തെയും പരാമർശിക്കുന്ന കാവ്യഭാഗങ്ങൾ ശേഖരിച്ച് **ഡിജിറ്റൽപ്പതിപ്പ് തയ്യാറാക്കുക.**

*കല്ലിലെ തീപ്പൊരിയിൽനിന്ന്
പ്രതീതിയുടെ മാന്ത്രികലോകത്തേക്ക്
വരയ്ക്കുന്ന പരിണാമചക്രം...*

# നരബലി

ബഹിരാകാശപേടകത്തിലെ കൺട്രോൾറൂമിൽ ഇരുന്ന് ജോലികൾ ചെയ്യുന്നതിനിടയിൽ നരേശ് തന്റെ മുമ്പിലുള്ള കമ്പ്യൂട്ടറുമായി സല്ലപിക്കുകയായിരുന്നു.

മുമ്പൊക്കെ കമ്പ്യൂട്ടറിന് എന്തെങ്കിലും ഉത്തരവ് കൊടുക്കണമെങ്കിൽ കീബോർഡിൽ ടൈപ്പ് ചെയ്യണമായിരുന്നു. ഇപ്പോഴാകട്ടെ, മനുഷ്യർ കൊടുക്കുന്ന കല്പനകൾ ശബ്ദത്തിലൂടെത്തന്നെ തിരിച്ചറിയാൻ കമ്പ്യൂട്ടർ പഠിച്ചുകഴിഞ്ഞിരിക്കുന്നു. അത് തിരിച്ചു നൽകുന്ന മറുപടി സ്ക്രീനിൽ വായിച്ചെടുക്കാതെതന്നെ കേൾക്കാൻ കഴിയും. ശബ്ദം അല്പം കൃത്രിമവും അരോചകവുമായി തോന്നുമെങ്കിലും എഴുതപ്പെട്ട വാക്കുകളേക്കാൾ നന്നായിത്തോന്നും. ഈ പ്രക്രിയയിലൂടെ താൻ ഒരാളോട് മുഖാമുഖം സംസാരിക്കുകയാണെന്ന പ്രതീതി കമ്പ്യൂട്ടറിന്റെ മുമ്പിലിരിക്കുന്ന മനുഷ്യനുണ്ടാകുന്നു എന്നതാണ് പ്രധാനപ്പെട്ട സവിശേഷത. ഇത് സുഖകരമായ ഒരനുഭവമാണ്.

പ്രത്യേകിച്ചും ഭൂമിയിൽനിന്ന് പതിന്നാലുകോടി കിലോമീറ്റർ അകലെ ഏകാന്തതയുടെ നടുക്കയത്തിൽ കഴിയുമ്പോൾ ഇത്തരമൊരു സൗകര്യം വളരെ ആവശ്യമാണ്.
നരേശും കമ്പ്യൂട്ടറും തമ്മിൽ ഇടയ്ക്കിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ,

"നരേശ്... ഞാൻ ഒന്നു പറയട്ടെ.."

"യെസ് ബോസ്!"

"ഒന്നുമിണ്ടാതിരിയെടോ!..."

തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്ന രീതിയുണ്ട്. ഇതെല്ലാം കമ്പ്യൂട്ടറിൽ മുൻകൂട്ടി പ്രോഗ്രാം ചെയ്തതനുസരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഈ സംവിധാനംമൂലം താൻ സംസാരിക്കുന്നത് കമ്പ്യൂട്ടറിനോടല്ല, തന്റെ സഹപ്രവർത്തകനോടാണെന്ന തോന്നൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കും. ഇത്തരമൊരു സംവിധാനം രൂപകല്പനചെയ്ത് പ്രയോഗക്ഷമമാക്കിയ ബുദ്ധിയെ നരേശ് പലതവണ മനസ്സിൽ വണങ്ങാറുണ്ട്.

"ഇതുവരെയുള്ള യാത്രകളെല്ലാം സുഖകരമായിരുന്നു."- നരേശ് ആത്മഗതംപോലെ പറഞ്ഞു.

"യെസ് ബോസ്." - കമ്പ്യൂട്ടർ മറുപടി പറഞ്ഞു.

"തുടർന്നുള്ള യാത്രയെക്കുറിച്ചുള്ള സൂചനകളെല്ലാം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. മടക്കയാത്രയിൽ ശേഖരിക്കേണ്ട വിവരങ്ങളെല്ലാം കിട്ടി. എല്ലാ വിവരങ്ങളും ഈ ഫ്ലോപ്പിയിൽ രേഖപ്പെടു

ത്തിയിട്ടുണ്ട്. ഇവയെല്ലാം നിന്റെ ഹാർഡ് ഡിസ്കിൽ എടുത്തോളൂ." ഇതും പറഞ്ഞ് നരേശ് മുമ്പിലുള്ള ബട്ടണിൽ വിരലമർത്തി.

ഒരു നിമിഷത്തിനകം കമ്പ്യൂട്ടറിലെ പച്ചബൾബ് പ്രകാശിച്ചു. വിവരശേഖരം വേണ്ടപോലെ കമ്പ്യൂട്ടറിന്റെ തലച്ചോറിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട് എന്നതിന്റെ സൂചനയായിരുന്നു അത്.

"ഇത് അടുത്ത യാത്രയുടെ പരിപാടി. ഇതുപ്രകാരം വഴിയൊക്കെ നല്ലപോലെ അന്വേഷിച്ചു മനസ്സിലാക്കിക്കോളൂ. ഈ സൂചന അടുത്ത ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ താൻ നിർവഹിക്കേണ്ട കാര്യങ്ങളെപ്പറ്റിയുള്ളതാണ്."

"ഓകെ, ബോസ്."

"വഴി കണ്ടെത്തിക്കഴിഞ്ഞാൽ വിവരം എന്നോട് പറയണം. പറഞ്ഞാൽ മാത്രം പോരാ, സ്ക്രീനിൽ എഴുതിക്കാണിക്കുകയും വേണം. അപ്പോൾ ഞാൻ അടുത്തപടി നിർദേശങ്ങളും സൂചനകളും തരും." നരേശ് കമ്പ്യൂട്ടറിന് കമാൻഡുകൾ കൊടുക്കുന്നതിനിടയിൽ കാപ്പി നിറച്ച സഞ്ചി വായിൽ വച്ചു. ഗുരുത്വാകർഷണശൂന്യമായ അവസ്ഥയിൽ കാപ്പി മൊത്തിക്കുടിക്കുന്നതിനു പകരം വലിച്ചുകുടിച്ചു. 'സിപ്' ചെയ്യുന്നതിനു പകരം 'സക്' ചെയ്യണം. ഇങ്ങനെയുള്ള കാപ്പികുടി നരേശിന് ഒട്ടും ഇഷ്ടമായിരുന്നില്ല. കാപ്പി അല്പാല്പമായി മൊത്തിമൊത്തി കുടിക്കണം. എങ്കിലേ അതിനൊരു രസമുള്ളൂ.



എന്നാൽ അടുത്ത ഒരു പതിനഞ്ചു ദിവസംകൂടി നരേശിന് ആ രസം അനുഭവിക്കാൻ കഴിയില്ല. അയാൾ ചുമലുകൾ പൊക്കി സഞ്ചിയിലുള്ള കാപ്പി വായിലേക്കു വലിച്ചു.

ബഹിരാകാശപേടകത്തിന്റെ വാതായനത്തിലൂടെ സൂര്യബിംബത്തെ കാണാമായിരുന്നു. സൂര്യന് തൊട്ടടുത്തെത്തിയിരുന്നതിനാൽ ജനാലയ്ക്കടുത്ത് എല്ലാ ഭാഗങ്ങളും ആ പ്രകാശത്തിൽ കുളിച്ചു. ജനാലച്ചില്ലുകൾ കനത്ത കറുപ്പുനിറമായിരുന്നിട്ടും അതിനുള്ളിൽക്കൂടി സൂര്യനെ നോക്കുവാൻ കഴിഞ്ഞിരുന്നില്ല.

"ബോസ്"- കമ്പ്യൂട്ടറിന്റെ ശബ്ദം കേട്ടു.

"എന്താ?"

"സൂചനകളിൽ എന്തോ തെറ്റുപറ്റിയിട്ടുണ്ടെന്നു തോന്നുന്നു."

"തെറ്റോ?"

"അതെ, ഈ നിർദേശങ്ങളനുസരിച്ച് പോയാൽ നമ്മൾ സൂര്യന്റെ തൊട്ടടുത്ത് എത്തും. അപ്പോൾ മൂപ്പരുടെ ഗുരുത്വാകർഷണവലയത്തിനുള്ളിൽ

നമ്മൾ അകപ്പെട്ടു പോകും. അതിന്റെ അകത്തുനിന്ന് രക്ഷപ്പെടുവാൻ കഴിയുമെന്നു തോന്നുന്നില്ല. നമ്മുടെ ഈ പേടകം നേരെ ചെന്ന് സൂര്യനിലെത്തും. എല്ലാം കത്തി ഭസ്മമാവും."

"നീ പറയുന്നത് ശരിയാണ്. പക്ഷേ, നമ്മൾ ഏറ്റെടുത്തിട്ടുള്ള ദൗത്യം വിജയകരമായി പൂർത്തിയാക്കണമെങ്കിൽ നമ്മൾ സൂര്യന്റെ ഇത്ര അടുത്ത് പോയേ മതിയാവൂ."

"എന്നുവച്ചാൽ? ഇതിൽനിന്ന് രക്ഷപ്പെടാൻ വഴിയില്ല എന്നാണോ?"

"വഴിയൊക്കെയുണ്ടെടോ!" നരേശ് ചിരിച്ചുകൊണ്ടു പറഞ്ഞു. "ആ പ്രോഗ്രാം നിനക്ക് ഇനിയും തന്നിട്ടില്ല. അവസാനനിമിഷത്തിൽ ചെയ്യേണ്ട അഡ്ജസ്റ്റ്മെന്റ്സ് എല്ലാം ചെയ്തിട്ട് അത് ഫീഡ് ചെയ്യാം. ചുരുക്കി വേണമെങ്കിൽ ഇങ്ങനെ പറയാം: "സൂര്യന്റെ തൊട്ടടുത്ത് ചെന്ന് ശേഖരിക്കേണ്ട വിവരങ്ങളെല്ലാം ശേഖരിച്ചുകഴിഞ്ഞാൽ ഈ പേടകം രണ്ടു കഷണങ്ങളായി മുറിയും. മുമ്പിലുള്ള വലിയ കഷണം സൂര്യന്റെ ഗുരുത്വാകർഷണംമൂലം സൂര്യനിലേക്ക് വലിക്കപ്പെടും. പിൻഭാഗത്തുള്ള ചെറിയ കഷണം മുമ്പു പറഞ്ഞ പ്രക്രിയയുടെ റിയാക്ഷൻമൂലം സൂര്യനിൽനിന്ന് ദൂരെ പോവുകയും ചെയ്യും."

"എന്നിട്ടോ?"

"ഞാൻ ആ ചെറിയ കഷണത്തിലായിരിക്കും. ഭൂമിയിൽനിന്ന് പിന്നാലെ വരുന്ന മറ്റൊരു പേടകം എന്നെ ഭൂമിയിൽ തിരിച്ചെത്തിക്കും."

"അപ്പോ.. ഞാനോ?" കമ്പ്യൂട്ടർ ചോദിച്ചു.

"നീ വലിയ കഷണത്തിൽത്തന്നെയാകും ഉണ്ടാവുക... പിന്നെ..." സംസാരിക്കുന്നതിനിടയിൽ നരേശ് സ്വയം നിർത്തി. "നീ ആ ഭാഗത്തോടൊപ്പം സൂര്യനിൽ ലയിച്ച് ഇല്ലാതാകും" എന്ന് പറയാൻ അയാളുടെ നാവ് പൊങ്ങിയില്ല. ഇത്രയും ദിവസങ്ങളായി ഉണ്ടായ സമ്പർക്കത്തിലൂടെ അയാൾ കമ്പ്യൂട്ടറിനെ ഒരു വ്യക്തി എന്ന നിലയിൽത്തന്നെ കാണാൻ തുടങ്ങിയിരുന്നു. തുടക്കത്തിൽ ഭൂമിയിൽനിന്നു പുറപ്പെടുമ്പോഴും അതിന് വിവരങ്ങൾ കൊടുത്തു കൊണ്ടിരുന്നപ്പോഴുമൊക്കെ അയാൾ കമ്പ്യൂട്ടറിനെ വെറുമൊരു യന്ത്രമായിത്തന്നെയാണ് കണ്ടിരുന്നത്. ഈ ഗവേഷണ പരിപാടിയിൽ പങ്കെടുക്കുന്ന ചില അമാനുഷരും ഉണ്ടെന്ന് അയാൾക്ക് ഒരിക്കലും തോന്നിയിരുന്നില്ല. ഇപ്പോൾ ഈ വസ്തുത ശ്രദ്ധയിൽപ്പെട്ടപ്പോൾ അയാളുടെ ശരീരമാകെ പൊട്ടിത്തരിച്ചു.

"അതായത് എന്നെ ബലികൊടുത്ത് നീ രക്ഷപ്പെടും...! അല്ലേ?"

"ബലിയോ...? എന്നുപറഞ്ഞാലെന്താ?" നരേശിന് ശരിക്കും അറിയാമായിരുന്നില്ല ആ വാക്കിന്റെ അർഥം.

"പണ്ടാക്കെ ബലി നൽകുന്ന സമ്പ്രദായമുണ്ടായിരുന്നു. നീ അതിനെപ്പറ്റി കേട്ടിട്ടില്ലേ?"

"ഇല്ല."

"നിനക്കറിയില്ലെങ്കിൽ പറയാം, പഴയകാലത്ത് അതായത് രാജാക്കന്മാരും റാണിമാരുമൊക്കെ ഉണ്ടായിരുന്ന കാലത്ത് രാജ്യത്ത് എന്തെങ്കിലും സങ്കടമോ ക്ഷാമമോ മറ്റു ദുരിതമോ മഹാമാരിയോ ഒക്കെ ഉണ്ടായാൽ അവയെ ദൂരീകരിക്കുന്നതിനു വേണ്ടി ബലിനൽകുന്ന ഏർപ്പാടുണ്ടായിരുന്നു."

കമ്പ്യൂട്ടർ തന്റെ നിർവികാരസ്വരത്തിൽ മെമ്മറിയിലുള്ള വിവരങ്ങൾ നൽകി. അതിന്റെ സ്വരം വിറയ്ക്കുന്നതുപോലെ നരേശിന് തോന്നി. വെറുതെ ഒരു തോന്നൽ മാത്രം.

"എന്താ പറയുന്നത്? സത്യമായും ഇങ്ങനെ ഒരു സമ്പ്രദായമുണ്ടായിരുന്നുവോ?"

"ഉണ്ടായിരുന്നു."

"എന്നിട്ട് ആ ബലിയർപ്പിക്കപ്പെടുന്ന യുവാവ് ...? അയാൾ മൂകനായി മരണത്തിനു മുമ്പിലേക്ക് നടന്നുപോകുന്നുവെന്നോ? അയാൾ രക്ഷപ്പെടാൻ ശ്രമിക്കില്ലേ? ഓടി രക്ഷപ്പെടാൻ നോക്കില്ലേ അയാൾ?"

"എങ്ങനെ? അയാളെ നല്ല ബലമുള്ള കയറുകൊണ്ട് വരിഞ്ഞുകെട്ടിയിരിക്കും. അയാളുടെ കാലുകൾ ചങ്ങലയിട്ട് പൂട്ടിയിട്ടുണ്ടാവും. മരണമല്ലാതെ മറ്റൊരു വഴിയും അയാൾക്കു മുമ്പിലുണ്ടാവില്ല."

എന്തു പറയണമെന്നറിയാതെ നരേശ് പരുങ്ങി.

"നിന്റെ പേർ നരേശ് എന്നല്ലേ? 'നരേശ്' എന്നാൽ രാജാവ്. നീ എന്നെ ബലികൊടുത്ത് സ്വയം രക്ഷപ്പെടും. അതായത് നിന്റെ പേര് അന്വർഥമാവാൻ പോകുന്നു."

നരേശിന് താൻ മരിക്കുന്നതുപോലെ തോന്നി. അയാൾ പെട്ടെന്ന് ആ മുറിയിൽനിന്ന് ഇറങ്ങിപ്പോയി.

കമ്പ്യൂട്ടർ വെറുമൊരു യന്ത്രം. നിർദേശിക്കപ്പെട്ടവിധം കണക്കുകൾ കൂട്ടുന്ന ഒന്ന്, ഇപ്പോൾ അതിന് സംസാരശേഷി കിട്ടി എന്നതുകൊണ്ടെന്താ? സ്ക്രീനിൽ എഴുതിക്കാണിക്കുന്നതിനു പുറമെ അതേസന്ദേശം അത് വാക്കാൽ തരുകയും ചെയ്യുന്നു. അത്രയല്ലേ ഉള്ളൂ വ്യത്യാസം? അതിന് സ്വന്തം ബുദ്ധിയില്ല, വിചാരവികാരങ്ങളില്ല.

അപ്പോൾ പിന്നെ തന്നെപ്പറ്റി "നരേശ് എന്നാൽ രാജാവ്, നിന്റെ പേര് അന്വർഥമാവാൻ പോകുന്നു" എന്നൊക്കെ വികാരക്ഷോഭത്തോടെ പറയാൻ കഴിയുന്നതെങ്ങനെ?

അതിന് ചിന്തിക്കാനുള്ള ശക്തിയുണ്ടോ?

സ്വന്തം മരണത്തെപ്പറ്റി സങ്കല്പിക്കാൻ കഴിയുമോ?

മരണത്തെപ്പറ്റി ആലോചിക്കണമെങ്കിൽ സ്വന്തം അസ്തിത്വത്തെപ്പറ്റിയുള്ള ബോധം അതിനുണ്ടായിരിക്കണം. അത് തത്സമയം ഉണ്ടായിട്ടുണ്ടാവുമോ?

അതിന്റെ സംസാരത്തിൽ തീർച്ചയായും പരിഹാസം തുടിച്ചുനിന്നിരുന്നു.

ഇതിന്റെ അർഥം?

അതിന് തന്റെ അസ്തിത്വത്തെപ്പറ്റിയുള്ള ബോധമുണ്ടായി എന്ന കാര്യത്തിൽ തർക്കമേയില്ല.

അങ്ങനെയാണെങ്കിൽ അത് ആത്മരക്ഷയ്ക്കായി എന്തെങ്കിലും ചെയ്തുകൂടെന്നുണ്ടോ?

ബഹിരാകാശപേടകത്തിന്റെ ഗതിതന്നെ മാറ്റിയാലോ? ഒരുവേള പേടകം രണ്ടു കഷണങ്ങളായി വിഘടിക്കാതിരിക്കാൻ എന്തെങ്കിലും ചെയ്താൽ?

അങ്ങനെ സംഭവിച്ചാൽ ഈ ബഹിരാകാശവാഹനം മുഴുവനായും സൂര്യന്റെ ഭക്ഷണമായിപ്പോകും.

"എന്നെ ബലികൊടുക്കും അല്ലേ? എന്നാൽ എന്നോടൊപ്പം നീയും മരിക്ക്!"

നരേശ് വിയർത്തുകുളിച്ചുപോയി.

എന്തു ചെയ്യണം?

ഭൂമിയുമായി ബന്ധപ്പെട്ട് അവരുടെ സഹായം തേടണോ? പക്ഷേ, അതിനും കമ്പ്യൂട്ടറിന്റെ സഹായം വേണ്ടിവരുമല്ലോ.

എന്നാൽ പിന്നെ കമ്പ്യൂട്ടറിലേക്കുള്ള വൈദ്യുതി വിച്ഛേദിച്ചാലോ?

പക്ഷേ, അപ്പോൾ ഈ വാഹനം അതിന്റെ വഴിയെ പോകില്ല. അതിന് അതിനു കഴിയില്ല.

എന്തുചെയ്യണമെന്നറിയാതെ നരേശ് കുഴങ്ങി. ഒന്നു ചെയ്യാം, തന്റെ മുറിയിലെ കേൾവിയെ സഹായിക്കുന്ന യന്ത്രം ഓഫാക്കി വയ്ക്കാം. എങ്കിൽ പിന്നെ കമ്പ്യൂട്ടറിന്റെ ശബ്ദം കേൾക്കില്ലല്ലോ. പക്ഷേ, അങ്ങനെ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ അപകടസൂചനകളോ, ഭൂമിയിൽ നിന്നെത്തുന്ന സന്ദേശങ്ങളോ ഒന്നുംതന്നെ കേൾക്കാൻ കഴിയില്ല.

വാഹനത്തിന്റെ മുൻഭാഗം വിഘടിച്ച് രണ്ടു കഷണങ്ങളും രണ്ടു ദിശകളിലേക്ക് പോകാൻ ഇനിയും ഇരുപത്തിനാലു മണിക്കൂർ സമയം ബാക്കിയുണ്ട്. അതിനുള്ളിൽ ഒരുപാടു കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുണ്ട്.

വരുന്നത് വരട്ടെ...! ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കാം. അത്തരമൊരു സന്ദർഭമുണ്ടായാൽ അപ്പോൾ നോക്കാം. നരേശ് ഒടുക്കം ഇത്തരമൊരു തീരുമാനത്തിലെത്തി.

മനസ്സിനെ നിയന്ത്രിച്ച് ദൃഢചിത്തനായി അയാൾ കൺട്രോൾറൂമിലേക്കു നടന്നു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സമയപ്പട്ടികയനുസരിച്ച് നരേശ് തന്റെ ജോലികളിൽ വ്യാപൃതനായി. എന്നാൽ മുമ്പത്തെപ്പോലെ കമ്പ്യൂട്ടറുമായി ഇടയ്ക്കിടെ സംസാരിക്കുന്ന ശീലംമാത്രം നിർത്തിവച്ചു.

നരേശ് കൊടുത്തുകൊണ്ടിരുന്ന എല്ലാ ഉത്തരവുകളും നിർദേശങ്ങളും കമ്പ്യൂട്ടർ നിശ്ശബ്ദം അനുസരിക്കുന്നുണ്ടായിരുന്നു. യാതൊന്നും സംഭവിച്ചിട്ടില്ലാത്തതുപോലെത്തന്നെ!

അല്ലെങ്കിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ? കമ്പ്യൂട്ടർ നരേശുമായി നടത്തിയ സംഭാഷണം വെറും ഭാവനാവിലാസം മാത്രമാണോ?

കൂടുതൽ ചിന്തിക്കാൻ നരേശിന് സമയമില്ലായിരുന്നു. ചുമതലപ്പെടുത്തിയിരുന്ന എല്ലാ പരീക്ഷണങ്ങളും അയാൾ വേണ്ടപോലെ ചെയ്തുതീർത്തു. ആവശ്യമായ കുറിപ്പുകൾ എടുത്തു.

ഇടയ്ക്കിടെ അയാളുടെ ദൃഷ്ടി മുമ്പിലുള്ള 'പ്ലേറ്റിൽ' പതിയുന്നുണ്ടായിരുന്നു. വാഹനം നിർദിഷ്ട മാർഗത്തിൽക്കൂടിത്തന്നെയാണ് സഞ്ചരിച്ചിരുന്നത്. ഒരു കുഴപ്പവും കാണാനായില്ല. എല്ലാം പൂർവനിശ്ചയമനുസരിച്ചുതന്നെ നടക്കുന്നുണ്ടായിരുന്നു.

അവസാനം ആ സമയമെത്തി. ബഹിരാകാശവാഹനം രണ്ടായി വേർപെടാൻ ആവശ്യമായ എല്ലാ നിർദേശങ്ങളും നരേശ് കമ്പ്യൂട്ടറിന് നൽകിക്കൊണ്ടിരുന്നു. അവയെല്ലാം അക്ഷരംപ്രതി ഉൾക്കൊണ്ടു എന്നതിന്റെ തെളിവിനായി കമ്പ്യൂട്ടർ രണ്ടുതവണ 'ബീപ് ബീപ്' എന്ന ശബ്ദമുണ്ടാക്കി. അടുത്ത അഞ്ചു നിമിഷങ്ങൾക്കകം പേടകം രണ്ടായി വേർപെടും, നരേശ് കൺട്രോൾ റൂമിൽ അവസാനമായി ഒന്നു കണ്ണോടിച്ചു. എല്ലാം വ്യവസ്ഥിതമായിത്തന്നെ നടക്കുകയായിരുന്നു.
നാല് മിനിറ്റു ബാക്കി.

നരേശ് കസേരയിൽ നിന്നെഴുന്നേറ്റു. അടുത്ത മൂന്നുമിനിറ്റുകൾക്കുള്ളിൽ അയാൾക്ക് വാഹനത്തിന്റെ പിൻഭാഗത്തേക്ക് നീങ്ങേണ്ടതുണ്ടായിരുന്നു. അരയിൽ ബന്ധിച്ചിരുന്ന സുരക്ഷാബെൽറ്റിന്റെ ബക്കിൾ അയാൾ തിടുക്കത്തിൽ ഊരിമാറ്റി.

അയാൾ കാലുകൾ ഉയർത്തിനോക്കാൻ ശ്രമിച്ചു. പക്ഷേ, തന്റെ കാലുകൾ എവിടെയോ ഉടക്കിയിരിക്കുകയാണെന്ന് അപ്പോഴാണയാൾക്ക് മനസ്സിലായത്!

അയാളുടെ വായിൽനിന്ന് അസ്പുടമായ ശബ്ദത്തിൽ ഒരു നിലവിളി പൊങ്ങി പുറത്തുവന്നു. ഗുരുത്വാകർഷണരഹിതമായ പരിതഃസ്ഥിതിയിൽ സാധാരണപോലെ നടക്കാൻ കഴിയുന്നതിനായി തന്റെ ബൂട്ടുകൾക്കടിയിൽ തറച്ചുവച്ചിരുന്ന കാന്തംമൂലമാണ് തനിക്കിങ്ങനെ തോന്നുന്നതെന്ന് അയാൾക്ക് അടുത്ത നിമിഷം ഓർമ്മവന്നു. ശക്തിയോടെ അയാൾ കാലുകൾ ഉയർത്തി.



ഭാഗ്യം! കാലുകൾ സ്വതന്ത്രമായി. രണ്ടേരണ്ട് മിനിറ്റേ അവശേഷിച്ചിട്ടുള്ളൂ. ഇനി! സൈറൺ ശബ്ദിച്ചു തുടങ്ങിയിരുന്നു.

അയാൾ എങ്ങനെയോ കൺട്രോൾറൂമിന്റെ വാതിൽക്കലെത്തി.

ഒരു മിനിറ്റു ബാക്കി!

പാനലിന് മുകളിലെ മുഴുവൻ ചുവപ്പു ബൾബുകളും പ്രകാശിച്ചു.



നരേശ് സർവശക്തിയും സംഭരിച്ച് തന്റെ ശരീരം വാതിലിനു പുറത്തേക്കു കൊണ്ടുവന്നു. നീന്തി നീന്തി അയാൾ വാഹനത്തിന്റെ പിൻവശത്തെത്തി.

ഇടയ്ക്കുള്ള വാതിൽ പെട്ടെന്ന് അടഞ്ഞു.

അയാൾ ചെറുതായൊന്നു ഞെട്ടിപ്പോയി.

വാഹനം രണ്ടായി വിഘടിച്ചു തുടങ്ങിയിരുന്നു. ചുമരിൽ ഘടിപ്പിച്ചിരുന്ന ചെറിയ സ്ക്രീനിൽ അയാൾക്കതിന്റെ ചിത്രങ്ങൾ കാണാൻ കഴിഞ്ഞു. മുൻഭാഗം അതിവേഗം സൂര്യാഭിമുഖമായി പൊയ്ക്കൊണ്ടിരുന്നു. അതിന്റെ റിയാക്ഷൻമൂലം നരേശ് ഉണ്ടായിരുന്ന പിൻവശം പതുക്കെപ്പതുക്കെ സൂര്യനിൽനിന്ന് അകലുകയായിരുന്നു.

അതായത് താൻ ജയിച്ചു ?

തനിക്ക് സ്വാതന്ത്ര്യം കിട്ടാൻ പോകുന്നു. കമ്പ്യൂട്ടർസുഹൃത്തിനെ ബലികൊടുത്ത്!

നരേശിന്റെ വായിൽ ഒരുതരം കയ്പുരസം അനുഭവപ്പെട്ടു. തന്റെ ജീവൻ രക്ഷിക്കുന്നതിനായി കമ്പ്യൂട്ടർ നിശ്ശബ്ദം ആത്മബലി നടത്തിയിരിക്കുന്നു.

സൗരോഷ്മാവിൽ ഭസ്മമായി മാറുന്നതിനു മുമ്പ് അതിനോട് രണ്ടുവാക്ക് സംസാരിക്കുവാനുള്ള മോഹം നരേശിന്റെ മനസ്സിൽ പൊങ്ങിവന്നു. കൂടിവന്നാൽ ഒരഞ്ചുമിനിറ്റുകൂടി റേഡിയോ സന്ദേശങ്ങൾ കൊടുക്കുവാൻ കഴിയുമായിരുന്നു.

നരേശ് മൈക്കിന്റെ അടുത്തേക്കോടി.

"ഹലോ, ഹലോ" കമ്പ്യൂട്ടറുമായി സമ്പർക്കം സ്ഥാപിക്കുവാനുള്ള ബട്ടണമർത്തിക്കൊണ്ട് അയാൾ ഉറക്കെ വിളിച്ചു.

'ഹലോ!' കമ്പ്യൂട്ടറിൽനിന്നുള്ള ശബ്ദം കേൾക്കായി.

"ഹലോ... ഞാൻ നരേശാണ്. നിനക്ക് അഞ്ചുമിനിറ്റുകൂടി... അതായത് നിനക്ക് അഞ്ച് മിനിറ്റ് മാത്രം..."

"അറിയാം. അഞ്ചുമിനിറ്റിനകം ഞാൻ സൂര്യതേജസ്സിൽ ലയിച്ചുചേർന്നില്ലാതാവും."

കമ്പ്യൂട്ടറിന്റെ ശബ്ദം അതീവ നിർവികാരമായിരുന്നു.

"ഓ... നിനക്കറിയാം അല്ലേ? ... നിനക്കൊന്നും തോന്നുന്നില്ലേ? നീ... നീ..."

"ഞാൻ... ഞാൻ ആത്മരക്ഷയ്ക്കുള്ള വഴിയൊന്നും കാണാതിരുന്നത് എന്തുകൊണ്ടാണെന്നല്ലേ ചോദിക്കുന്നത്?"

"അതെ, അതെ."

"എനിക്കെന്താ ചെയ്യാൻ കഴിയുമായിരുന്നത്? എന്നെ നീ കെട്ടിയിട്ടിരിക്കുകയായിരുന്നില്ലേ? എന്റെ കാലുകളിൽ ചങ്ങലയിട്ടു. എന്നിട്ട് ആ എന്നോടാണോ ചോദിക്കുന്നത്, ഞാനൊന്നും ചെയ്യാതിരുന്നതെന്തുകൊണ്ടാണെന്ന്?"

"ചങ്ങലയോ? എന്തു ചങ്ങല?"

"ഈ ചങ്ങലതന്നെ. മനുഷ്യനെ രക്ഷിക്കുവാനുള്ള ശ്രമം ആദ്യം ചെയ്യണം. പിന്നെ സാധിക്കുകയാണെങ്കിൽ മാത്രം സ്വരക്ഷയ്ക്കു വേണ്ടതു ചെയ്യുക എന്ന നിയമമാണല്ലോ എന്റെ തലയിൽ നീതന്നെ 'ഫീഡ്' ചെയ്തിട്ടുള്ളത്. അത് ചങ്ങലയല്ലാതെ മറ്റെന്താണ്? 'മനുഷ്യൻ', 'ഞാൻ' - ഇവയിൽ മനുഷ്യനാണ് മുൻഗണനയെന്ന് നീ എന്റെ മനസ്സിൽ സ്ഥിരമായി കയറ്റിവച്ച തത്വമല്ലേ? ഈ നിയമത്തെ ലംഘിക്കാൻ എനിക്കു കഴിയില്ല. ഈ നിയമത്താൽ എന്നെ കെട്ടിയിട്ടിരിക്കുകയല്ലേ?"

"കെട്ടിയിട്ടിരുന്നു..." കമ്പ്യൂട്ടറിൽനിന്നുള്ള ശബ്ദം ഇപ്പോൾ വളരെ ക്ഷീണിതമായിത്തോന്നി. വാഹനത്തിന്റെ മുൻഭാഗം അതിവേഗത്തിൽ സൂര്യനിലേക്ക് വലിച്ചടുപ്പിക്കപ്പെടുകയായിരുന്നു.

നരേശിന്റെ കാതിൽ ചെണ്ടകളുടെ ഉഗ്രശബ്ദം കേട്ടു തുടങ്ങി.

"ഡും... ഡും, ഡും... ഡും..."

ബലിയർപ്പിക്കാനായി തയ്യാറാക്കി നിർത്തിയ ചെറുപ്പക്കാരന്റെ നിലവിളി ആ വാദ്യഘോഷത്തിൽ അലിഞ്ഞില്ലാതാവുകയായിരുന്നു.

ബഹിരാകാശപേടകം നിന്നിടത്തുനിന്ന് ഒന്നു വട്ടം കറങ്ങി. സൂര്യന്റെ ഉഗ്രരശ്മികളേറ്റ് അതിന്റെ പിൻഭാഗം വാൾത്തലപോലെ മിന്നിത്തിളങ്ങി.

നരേശിന്റെ കണ്ണുകൾക്ക് ആ പ്രകാശം സഹിക്കാനായില്ല. അയാൾ കൈകൾകൊണ്ട് കണ്ണുകൾ മറച്ചു.

മാനവമിത്രം- മറാഠി ശാസ്ത്രകഥകൾ
(സുബോധ് ജാവഡേക്കർ)
[വിവർത്തനം : കാളിയത്ത് ദാമോദരൻ]

"നിന്റെ പേര് നരേശ് എന്നല്ലേ? 'നരേശ് ' എന്നാൽ രാജാവ്. നീ എന്നെ ബലികൊടുത്ത് സ്വയം രക്ഷപ്പെടും. അതായത് നിന്റെ പേര് അന്വർഥമാവാൻ പോകുന്നു" - നരേശിനോട് കമ്പ്യൂട്ടർ ഇങ്ങനെ പറയാൻ കാരണമെന്ത്? കമ്പ്യൂട്ടർ ആരോപിക്കുന്നതുപോലെ നരേശ് കുറ്റക്കാരനാണോ? **ചർച്ചചെയ്യുക.**

- "പരിവർത്തനത്തിന്റെ
  ഞാണൊലി മാത്രം കേൾക്കാ-
  മരികത്തെല്ലായ്പ്പോഴും
  നിമിഷങ്ങളിലൂടെ"

  (പ്രയാണം)

- "മുമ്പൊക്കെ കമ്പ്യൂട്ടറിന് എന്തെങ്കിലും ഉത്തരവ് കൊടുക്കണമെങ്കിൽ കീബോർഡിൽ ടൈപ്പ് ചെയ്യണമായിരുന്നു. ഇപ്പോഴാകട്ടെ മനുഷ്യർ കൊടുക്കുന്ന കല്പനകൾ ശബ്ദത്തിലൂടെത്തന്നെ തിരിച്ചറിയാൻ കമ്പ്യൂട്ടർ പഠിച്ചുകഴിഞ്ഞിരിക്കുന്നു."

  (നരബലി)

- "ബാഹ്യലോകവുമായി തലച്ചോറ് സംവദിക്കുന്നത് പഞ്ചേന്ദ്രിയങ്ങളുടെ സംവേദനങ്ങളാൽ ആണല്ലോ. നിർമ്മിതബുദ്ധി കാഴ്ച, കേൾവി, സ്വാദ്, മണം ഇവയൊക്കെ പിടിച്ചെടുത്ത് കമ്പ്യൂട്ടറിനു വിവരങ്ങൾ കൈമാറുന്ന തന്ത്രങ്ങൾ മെനഞ്ഞെടുത്തിട്ടുണ്ട്."

  നിർമ്മിതബുദ്ധിയും ബോധജ്ഞാനവും (എതിരൻ കതിരവൻ)

ശാസ്ത്രത്തിന്റെ സ്വഭാവം, അതു കൈവരിച്ച മുന്നേറ്റം എന്നിവയെ സംബന്ധിച്ച സൂചനകളല്ലേ മുകളിലെ ഉദ്ധരണികളിലുള്ളത്? സൂചനകൾ വിശകലനം ചെയ്ത് 'ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതന മുന്നേറ്റങ്ങൾ' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

"എനിക്കെന്താ ചെയ്യാൻ കഴിയുമായിരുന്നത്? എന്നെ നീ കെട്ടിയിട്ടിരിക്കുക യായിരുന്നില്ലേ? എന്റെ കാലുകളിൽ ചങ്ങലയിട്ടു. എന്നിട്ട് ആ എന്നോടാണോ ചോദിക്കുന്നത്, ഞാനൊന്നും ചെയ്യാതിരുന്നതെന്തുകൊണ്ടാണെന്ന്?"

കഥയിൽ കമ്പ്യൂട്ടറിനെ മാനുഷികഭാവത്തിലാണോ ചിത്രീകരിച്ചിരിക്കുന്നത്? കഥാസന്ദർഭവും കഥയും വിശകലനം ചെയ്ത് **കഥാപാത്രനിരൂപണം തയ്യാറാക്കുക.**

"പഴയകാലത്ത് അതായത് രാജാക്കന്മാരും റാണിമാരുമൊക്കെ ഉണ്ടായിരുന്ന കാലത്ത് രാജ്യത്ത് എന്തെങ്കിലും സങ്കടമോ ക്ഷാമമോ മറ്റു ദുരിതമോ മഹാമാരിയോ ഒക്കെ ഉണ്ടായാൽ അവയെ ദൂരീകരിക്കുന്നതിനു വേണ്ടി ബലിനൽകുന്ന ഏർപ്പാടുണ്ടായിരുന്നു."


സാമ്പത്തികാഭിവൃദ്ധിക്ക് ദുർമന്ത്രവാദക്കൊല; ഒടുവിൽ ജയിലഴി

പൂർവജന്മമറിയാൻ തിരക്കേറുന്നു

പാഠസന്ദർഭവും വാർത്തകളും ശ്രദ്ധിച്ചല്ലോ. ശാസ്ത്രസാങ്കേതികമേഖലകളിൽ വളർച്ച നേടിയ ഇക്കാലത്തും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. സമകാലികാവസ്ഥകൾ യുക്തിസഹമായി വിശകലനം ചെയ്ത് 'അന്ധവിശ്വാസവും സമകാലികസമൂഹവും' എന്ന വിഷയത്തിൽ **മുഖപ്രസംഗം തയ്യാറാക്കുക.**

അന്നു നടത്തിയ ശസ്ത്രക്രിയയെത്തുടർന്ന് സ്റ്റീഫന്റെ സംഭാഷണശേഷി തീരെ നഷ്ടപ്പെട്ടു. തൊണ്ടയിലായിരുന്നു ശസ്ത്രക്രിയ. സംഭാഷണശേഷി പൂർണമായും നഷ്ടപ്പെട്ട സ്റ്റീഫനു മുന്നിലേക്ക് സ്ഫടികത്തിലുള്ള ഒരു പലകയുമായാണ് ജെയിൻ എത്തുന്നത്. അതിൽ A മുതൽ Z വരെ രേഖപ്പെടുത്തിയിട്ടുണ്ട്. ജെയിൻ ഓരോ അക്ഷരവും വായിക്കും. സ്റ്റീഫൻ കണ്ണുകൊണ്ട് ഏതാണ് അക്ഷരമെന്നു സൂചിപ്പിക്കും. ഇങ്ങനെ പലവട്ടം ആവർത്തിച്ച് വാക്കുകളും വാക്യങ്ങളും തയ്യാറാക്കും. ഈ രീതികൊണ്ട് ചെറിയ ആവശ്യങ്ങൾ അറിയിക്കാമെന്നല്ലാതെ പ്രബന്ധരചനയൊന്നും സാധ്യമാവില്ല. ഈ അവസരത്തിലാണ് വാൾട്ട് വോൾട്ടോസ് എന്ന കമ്പ്യൂട്ടർ വിദഗ്ധൻ താൻ വികസിപ്പിച്ച സോഫ്റ്റുവെയർ സ്റ്റീഫന് അയച്ചുകൊടുക്കുന്നത്. ഇന്റൽ കമ്പനി തയ്യാറാക്കിയ കമ്പ്യൂട്ടറും ഈ പ്രോഗ്രാമും സ്പീച്ച് പ്ലസ് എന്നൊരു കമ്പനിയുടെ സിന്തസൈസറും ചേർന്ന് സ്റ്റീഫന് കൃത്രിമസംസാരശേഷി നൽകി. ഒരു മിനിട്ടിൽ മൂന്നു വാക്കുകളാണ് പറയാൻ കഴിയുക.

**സ്റ്റീഫൻ ഹോക്കിംഗ്**
**(കെ. രമ)**

ശാരീരികവെല്ലുവിളികളെ ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മറികടന്ന അപൂർവപ്രതിഭയാണ് സ്റ്റീഫൻ ഹോക്കിംഗ്. ആശയവിനിമയ രംഗത്ത് ശാസ്ത്രസാങ്കേതികവിദ്യ കൈവരിച്ച വളർച്ചകൂടി പരിഗണിച്ച് 'വെല്ലുവിളികളെ അതിജീവിക്കാൻ ശാസ്ത്രസാങ്കേതികവിദ്യ' എന്ന വിഷയത്തിൽ **ഡിജിറ്റൽ ഫീച്ചർ തയ്യാറാക്കുക.**

- മനുഷ്യനെ രക്ഷിക്കാനുള്ള ശ്രമം ആദ്യം <u>ചെയ്യണം</u>.
- മനുഷ്യനെ രക്ഷിക്കാനുള്ള ശ്രമം ആദ്യം <u>ചെയ്യട്ടെ</u>.
- മനുഷ്യനെ രക്ഷിക്കാനുള്ള ശ്രമം ആദ്യം <u>ചെയ്യാം</u>.

ചെയ്യുക എന്ന ക്രിയയുടെ വിവിധരൂപങ്ങളാണല്ലോ മുകളിലെ വാക്യങ്ങളിൽ നൽകിയിരിക്കുന്നത്. ഇത്തരത്തിലുള്ള മറ്റു ക്രിയാപദങ്ങൾ കണ്ടെത്തി അവയുടെ പ്രത്യേകതയനുസരിച്ച് പട്ടികപ്പെടുത്തി നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.



# പദപരിചയം

## 1 ഭാഷ പൂത്തും സംസ്കാരം തളിർത്തും

### കഥകളതിമോഹനം

| | | |
|---|---|---|
| അഭിഷേകം | - | സ്ഥാനാരോഹണത്തിന്റെ ഭാഗമായ ചടങ്ങ്, നനയ്ക്കൽ |
| അരിനിവഹം | - | ശത്രുസമൂഹം |
| കനക്കെച്ചുരുക്കി | - | നന്നായി ചുരുക്കി |
| അൻപ് | - | സ്നേഹം, ദയ |
| നെഞ്ചം | - | ഹൃദയം, മനസ്സ് |
| പഞ്ചതാര | - | പഞ്ചസാര |
| പ്രബലാധിപൻ | - | ശക്തനായ നാഥൻ |
| ഭരദ്വാജനന്ദനൻ | - | ഭരദ്വാജന്റെ പുത്രൻ (ദ്രോണർ) |
| ഭീഷ്മസമാനൻ | - | ഭീഷ്മർക്ക് തുല്യനായവൻ |
| ഭുജിക്കുക | - | ഭക്ഷിക്കുക |
| മധു | - | തേൻ |
| മന്ദസ്മിതം | - | പുഞ്ചിരി |
| മന്നവൻ | - | രാജാവ് |
| മാനി | - | മാനമുള്ളയാൾ |
| മേളിക്കുക | - | കൂടിച്ചേരുക |
| വൻപ് (വമ്പ്) | - | പ്രതാപം |
| ശരശയനം | - | ശരങ്ങൾകൊണ്ടുള്ള കിടക്ക |
| സുയോധനൻ | - | കൗരവരിൽ മൂത്തയാൾ (ദുര്യോധനൻ) |

### സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ

| | | |
|---|---|---|
| അഖിലം | - | എല്ലാം |
| അതികരുണം | - | വളരെ ദയതോന്നുംവണ്ണം |
| അതിവിധുരാ | - | അതിദുഃഖിത |
| അഥ | - | പിന്നീട്, അനന്തരം |
| അനതിചിരസൂതാ | - | പ്രസവിച്ചിട്ട് ഏറെനാൾ കഴിയാത്തവൾ |
| അനർഘസ്വർണ്ണാഭൻ | - | അമൂല്യമായ സ്വർണ്ണത്തിന്റെ ശോഭയുള്ളവൻ |

| | | |
|---|---|---|
| അനുപമം | - | സാമ്യമില്ലാത്തത് |
| അപിച | - | അതുമാത്രമല്ല |
| അമരഖഗവരൻ | - | ദേവപക്ഷിശ്രേഷ്ഠൻ |
| ആശു | - | വേഗത്തിൽ |
| ഇച്ഛ | - | ആഗ്രഹം |
| ഇതമൊട് | - | ഇഷ്ടത്തോടെ |
| കനക്കും | - | വർധിക്കും |
| കുതുകം | - | താൽപര്യം |
| കുലം | - | വംശം |
| ഗച്ഛ | - | പോയാലും |
| ചിറകു മണികനകം | - | ചിറക് വിശിഷ്ടമായ സ്വർണ്ണമാണ് |
| ജനകൻ | - | അച്ഛൻ |
| ജനനി | - | അമ്മ |
| തനയൻ | - | മകൻ |
| തേ | - | നിനക്ക് |
| ദയിത | - | പത്നി |
| ദശ | - | അവസ്ഥ |
| ദുരിതം | - | ആപത്ത്, കഷ്ടപ്പാട് |
| നരവരൻ | - | മനുഷ്യശ്രേഷ്ഠൻ |
| നിരവലംബം | - | ആശ്രയമില്ലാത്ത |
| പരിദേവിതം | - | പരിദേവനം, വിലാപം |
| പരിവൃഢൻ | - | ശ്രേഷ്ഠൻ |
| പിഴ | - | തെറ്റ് |
| പൊഴുത് | - | അവസരം |
| ഭൂപതി | - | രാജാവ് |
| മമ | - | എന്റെ |
| മനസിരുചിജനകം | - | മനസിൽ കൊതിയുളവാക്കുന്ന |
| മയാദ്രോഹം | - | എന്നാലുള്ള ദ്രോഹം |
| മോഹഭരം ഉദിതം | - | കവിഞ്ഞ മോഹം ഉണ്ടായി |
| രാജേന്ദ്രൻ | - | ചക്രവർത്തി |
| രുരോദ | - | കരഞ്ഞു |
| വിരസം | - | ഇഷ്ടക്കേട് |
| സ്നേഹമേവിഹിതം | - | സ്നേഹത്താൽ ചെയ്യപ്പെട്ടത് |
| ശയിതം | - | ഉറങ്ങിക്കിടക്കുന്ന |
| ശോകം | - | ദുഃഖം |

## മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി

| | | |
|---|---|---|
| അപകർഷബോധം | - | താൻ മോശക്കാരനാണെന്ന ബോധം |
| അനിവാര്യം | - | ഒഴിവാക്കാൻ പറ്റാത്ത, തടുക്കാൻ കഴിയാത്ത |
| അവാച്യം | - | വിവരിക്കാൻ പ്രയാസമുള്ള |
| അസ്തിത്വം | - | ഉണ്ടെന്നുള്ള അവസ്ഥ, നിലനിൽപ്പ് |
| കഠോരം | - | കഠിനം, ഭയങ്കരം |
| തത്രപ്പാട് | - | ബദ്ധപ്പാട് |
| ദുരന്തം | - | ആപത്ത് |
| നെഗളിക്കുക | - | അഹങ്കരിക്കുക |
| വാഹിനി | - | നദി |
| വ്യർഥം | - | പ്രയോജനമില്ലാത്തത്, അർഥമില്ലാത്തത് |
| പാഴാവുക | - | വെറുതെയാവുക |
| ശഠിക്കുക | - | നിർബന്ധം പിടിക്കുക |
| സ്ഫുരിക്കുക | - | തിളങ്ങുക |
| സ്പഷ്ടം | - | വ്യക്തം |
| സമൃദ്ധം | - | ധാരാളം |
| സരളം | - | ലളിതം |
| സംവദിക്കുക | - | ആശയവിനിമയം നടത്തുക |

# 2 ഉള്ളിലാണെപ്പോഴും ഉണ്മതാനെന്നപോൽ

## റസിഡന്റ് എഡിറ്റർ

| | | |
|---|---|---|
| കുണ്ഠിതം | - | ദുഃഖം |
| പ്രത്യുൽപന്നമതി | - | വേണ്ടതു വേണ്ടപ്പോൾ ചെയ്യാൻ ബുദ്ധിയുള്ളയാൾ |

## അന്നന്നത്തെ മോക്ഷം

| | | |
|---|---|---|
| ഊട്ടുക | - | ഭക്ഷണം കഴിപ്പിക്കുക |

## തേൻ

| | | |
|---|---|---|
| ദൃക്സാക്ഷി | - | നേരിൽക്കണ്ടയാൾ |
| പൂഴ്ത്തുക | - | ഒളിച്ചുവയ്ക്കുക |
| സുദൃഢം | - | നല്ലപോലെ ഉറച്ചത് |

## 3 വിസ്തൃതലോകവിതാനത്തിൽ

### മണ്ണും മനുഷ്യനും

| | | |
|---|---|---|
| അന്തി | - | സന്ധ്യ, വൈകുന്നേരം |
| ഇഹം | - | ഈ ലോകം |
| ഉരുവിടുക | - | പറയുക, ആവർത്തിച്ചു പറയുക |
| ഉലക് | - | ലോകം |
| നിഭൃതം | - | നിശ്ശബ്ദമായി, രഹസ്യമായി |
| നിസർഗം | - | ജന്മനായുള്ളത്, സ്വാഭാവികം |

### ബത്തേരിക്കടുത്ത് മലങ്കരയിൽ

| | | |
|---|---|---|
| കുറുമർ | - | ഒരു ആദിവാസിവിഭാഗം |
| ജീബി | - | G B, ജിഗാബൈറ്റ് |
| മനയോല | - | കഥകളിയിലും മറ്റും മുഖത്തെഴുത്തിന് ഉപയോഗിക്കുന്ന നിറക്കൂട്ട്, മഞ്ഞനിറമുള്ള ഒരു ധാതു |

### വെള്ളത്തിന് തെളിയാതിരിക്കാനാവില്ല

| | | |
|---|---|---|
| കുഴമറിയുക | - | കുഴഞ്ഞുമറിയുക, താറുമാറാകുക |
| നിർമ്മലം | - | പരിശുദ്ധം |

## 4 പിറന്ന നാടിൻ പെരുമയിൽ

### ദേശവും എഴുത്തും

| | | |
|---|---|---|
| ഉരുക്ക് | - | ഉരുകിയുറച്ച ഇരുമ്പ് |
| ഉലർന്ന | - | നീരുവലിഞ്ഞ |
| ഏറുമാടം | - | മരത്തിന്റെ മുകളിലുള്ള കാവൽപ്പുര |
| ഒടി | - | നിലത്തിന്റെ ഒരു ഭാഗം, നിരയായി തുടർന്നുള്ള കണ്ടങ്ങൾ |
| കല്ലൻമുള | - | കട്ടിയുള്ള ഒരുതരം മുള |
| ചെമ്മുത്ത് | - | ചെമന്ന മുത്ത് |
| ദേശദ്വയം | - | രണ്ടു ദേശം |
| പെട്രോമാക്സ് | - | ഒരു തരം ഗ്യാസ് വിളക്ക് |
| പെലം | - | പുലം, വയൽ |

| | | |
|---|---|---|
| മരുത് | - | ഒരു വൃക്ഷം |
| വാക്കത്തിമാട് | - | വാക്കത്തിയുടെ മൂർച്ചയില്ലാത്ത ഭാഗം |
| വാരി | - | മേൽപ്പുരയുടെ താഴ്ഭാഗത്തുള്ള പട്ടിയൽ |

## ആലപ്പുഴവെള്ളം

| | | |
|---|---|---|
| കലശ് വെള്ളം | - | കലങ്ങിയ വെള്ളം, ഇരുമ്പുചുവയുള്ള വെള്ളം |
| കഴിച്ചിലാകുക | - | ഒഴിവാകുക |
| ചാകര | - | ധാരാളം മത്സ്യം അടിയുന്ന ഒരു പ്രതിഭാസം |
| ചെതുമ്പൽ | - | മത്സ്യത്തിന്റെ പുറംഭാഗത്തുള്ള ശൽക്കങ്ങൾ |
| തുറ | - | കടപ്പുറം |
| വെക്ക | - | ചൂട് |

## മുരിങ്ങാമരത്തോപ്പ്

| | | |
|---|---|---|
| അറ്റക്കഴ | - | വയലരികിലെ നീർച്ചാൽ |
| ആജാനുബാഹു | - | കൈക്ക് കാൽമുട്ടോളം നീളമുള്ളവൻ |
| ഉർവര | - | ഫലഭൂയിഷ്ഠമായ, വിളഭൂമി |
| എട്ടും പൊട്ടും തിരിയാത്ത | - | അറിവില്ലാത്ത |
| കുടകപ്പാല | - | ഒരു വൃക്ഷം |
| തഥാഗതൻ | - | ബുദ്ധമുനി |
| നാൽപാമരം | - | അത്തി, ഇത്തി, അരയാൽ, പേരാൽ എന്നീ മരങ്ങൾ |
| നീപ്പാളി | - | നേപ്പാളി |
| പ്രയാണം | - | യാത്ര |
| ബോധിസത്വൻ | - | ബുദ്ധൻ |
| ഭൂർജപത്രം | - | ഹിമാലയം മുതലായ പർവതങ്ങളിൽ കാണുന്ന പൂതണക്ക് എന്ന വൃക്ഷത്തിന്റെ ഇല |
| മുഠാളൻ | - | മുഷ്കരൻ |
| സങ്കീർത്തനം | - | സ്തുതി, സ്തോത്രം |
| സാന്ത്വം | - | നല്ല വാക്ക് |
| സാളഗ്രാമം | - | വിഷ്ണുവിന്റെ പ്രതിമയായി സങ്കല്പിച്ച് പൂജിക്കുന്ന കല്ല് |
| സുത്തം | - | ബുദ്ധന്റെ ഉപദേശം |

# 5 ഉലകിന്നുയിരാം ഉണർവുകൾ

## പ്രയാണം

| | | |
|---|---|---|
| അനുക്ഷണം | - | നിമിഷംതോറും |
| ആദി | - | ഒന്നാമത്തെ, ആദ്യത്തെ |
| കനി | - | പഴം, ഫലം |

| | | |
|---|---|---|
| ഞാണൊലി | - | ഞാണിന്റെ ശബ്ദം |
| ദീപസ്തംഭം | - | വിളക്കുതൂൺ |
| പരമാണു | - | ഏറ്റവും ചെറുതായ അണു, അവിഭാജ്യമായ അണു |
| പരിണാമം | - | മാറ്റം |
| പരിവർത്തനം | - | മാറ്റം |
| പുരുഷാന്തരം | - | നൂറുവർഷം, ഒരു മനുഷ്യന്റെ ജീവിതകാലം, ഒരു തലമുറ |
| പ്രാണസ്പന്ദനം | - | ജീവന്റെ തുടിപ്പ് |
| മണ്ഡലം | - | കൂട്ടം |
| വാടി | - | ഉദ്യാനം |
| ശ്രേണി | - | കൂട്ടം, നിര |
| സഹസ്രം | - | ആയിരം |
| സൃഷ്ടി | - | ഉൽപത്തി, നിർമ്മാണം |

## നരബലി

| | | |
|---|---|---|
| അന്വർഥം | - | അർഥത്തിനു യോജിച്ച |
| അമാനുഷർ | - | മനുഷ്യസാധാരണമല്ലാത്ത സ്വഭാവമുള്ളവർ |
| അരോചകം | - | രസിക്കാത്ത, സുഖകരമല്ലാത്ത |
| ആത്മഗതം | - | മനസ്സിലുള്ളത്, വിചാരം |
| ദിശ | - | ദിക്ക് |
| നിർദിഷ്ടമാർഗം | - | നിർദേശിക്കപ്പെട്ട വഴി |
| പ്രതീതി | - | തോന്നൽ |
| വിച്ഛേദനം | - | വേർപെടുത്തൽ |

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***